www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം പറുദീസാ ഗീതങ്ങൾ

കോട്ടയം
2001

www.malankaralibrary.com

ജി. ചേടിയത്ത്

# മാർ അപ്രേം
# പറുദീസാ ഗീതങ്ങൾ

No. 249

കോട്ടയം
2001

www.malankaralibrary.com

G. CHEDIATH (ed+ tr.), MAR APREM PARUDĪSA GEETHANGAL
A Publication of Oriental Institute of Religious Studies, India
P.B.No. 10, Vadavathoor, Kottayam - 686 010

© G. Chediath, 2001

Price. Rs. 40.00
ISBN: 81-86063-86-2

Type Setting & Printing: WiGi Offset Printers,
Manganam, Kottayam -18, Ph: 570862

www.malankaralibrary.com

# ആമുഖം

സഭാപിതാവായ അപ്രേം (+373) സുറിയാനി സഭയിലെ ഒരു ജ്യോതിർഗോളമാണ്. നിസിബിസിലോ, സമീപപ്രദേശത്തോ 306-ൽ ജനിച്ചു. നിസിബിസ് മെത്രാനായ മാർ യാക്കോബിൻെറ (308-338) സ്വാധീനത്തിൽ വന്ന അപ്രേം തികഞ്ഞ സഭാശുശ്രൂഷകനായി. 363-ൽ നിസിബിസ് പട്ടണം പേർഷ്യാക്കാർ പിടിച്ചെടുത്തപ്പോൾ, അപ്രേമും അഭയാർത്ഥികളോടൊപ്പം നൂറു മൈൽ പടിഞ്ഞാറ് റോമൻ പ്രദേശമായ എഡേസ്സായിലേക്ക് കുടിയേറി. 373-ൽ മരിക്കുന്നതുവരെ അവിടെ താമസിച്ചു. ജനങ്ങളെ പഠിപ്പിക്കുന്നതിലും അവർക്കുവേണ്ടി ഗ്രന്ഥരചന നടത്തുന്നതിലും തിരുലിഖിതങ്ങൾ വായിച്ച് പഠിക്കുന്നതിലും അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. ലൗകിക ബന്ധങ്ങളിൽ നിന്നും ലൗകികാഡംബരങ്ങളിൽ നിന്നും ഓടിയകന്ന്, ദൈവിക സമ്പർക്കത്തിൽ കഴിയാനും അതിൻെറ ഫലമായി ലഭിച്ച ദിവ്യപ്രകാശം മനുഷ്യർക്കു പങ്കിട്ടുകൊടുക്കാനും അദ്ദേഹം തത്രപ്പെട്ടു. അപ്രേമിൻെറ മിക്ക കൃതികളും പദ്യരൂപത്തിലത്രേ. സാധാരണക്കാർക്ക് വളരെ വേഗം ഹൃദിസ്ഥമാകത്തക്ക രാഗങ്ങളിൽ കാവ്യം ചമയ്ക്കാൻ അപ്രേമിനു പ്രത്യേകം കഴിവുണ്ടായിരുന്നു. ജറോം തൻെറ *മഹദ് വ്യക്തികൾ* എന്ന കൃതിയിൽ അപ്രേമിനെപ്പറ്റി വിവരിക്കുന്നു.[1] അതുപോലെ *ലൗസിയാക് ചരിത്രത്തിൽ* പല്ലാഡിയുസും,[2] *സഭാചരിത്രത്തിൽ* സൊസോമനും (3:16; 6:34) തിയഡൊറെറ്റും (4:29; 2:30) *മഹദ്വ്യക്തികൾ* എന്ന കൃതിയിൽ ജന്നാഡിയുസും[3] മാർ അപ്രേമിനെപ്പറ്റിയുള്ള വിവരം നൽകുന്നു.

---

1 ജി. ചേടിയത്ത്, ജറോം - ജന്നാഡിയുസ്, *മഹദ്വ്യക്തികൾ*, കോട്ടയം, 1992, പേജ് 72-73 (നമ്പർ 115).

2 ജി. ചേടിയത്ത്, *പ്രാചീനസന്ന്യാസ ചരിത്രം*, കോട്ടയം, 1993, പേജ് 118-119(നമ്പർ 40)

3 ജി. ചേടിയത്ത്, *ജറോം-ജന്നാഡിയുസ്,* പേജ് 117 (നമ്പർ 67)

www.malankaralibrary.com

സുറിയാനി സഭയിലെ ഏകാന്തവാസ സന്ന്യാസരീതികൾ തൻെറ ജീവിതാവസാനം എഡേസ്സായിൽ വച്ച് അപ്രേം സ്വീകരിച്ചിരിക്കാം. എന്നാൽ ഏതെങ്കിലും സന്ന്യാസസമൂഹത്തിൽ അദ്ദേഹം അംഗമായിരുന്നു എന്നു പറയാൻ ആദ്യകാല സാക്ഷ്യങ്ങൾ ഇല്ല. മാർ അപ്രേമിൻെറ പേരിൽ ചില സന്ന്യാസനിയമങ്ങൾ അറിയപ്പെടുന്നുണ്ട്.[4] അനുഗൃഹീത കവിയായ അപ്രേമിൻെറ കൃതികളെല്ലാം തന്നെ ഈയടുത്തകാലത്ത് സുറിയാനിയിൽ അച്ചടിച്ചിട്ടുണ്ട്. കുറെയൊക്കെ ഇംഗ്ലീഷ് വിവർത്തനങ്ങളും ഉണ്ടായിട്ടുണ്ട്. മലയാളത്തിൽ ആദ്യമായിട്ടാണ് അപ്രേമിൻെറ *പറുദീസാ ഗീതങ്ങൾ* പൂർണമായി പ്രസിദ്ധീകരിക്കുന്നത്.

ഉല്പത്തിയിൽ കാണുന്ന പറുദീസാ വിവരണത്തിൻെറ ആന്തരികാർത്ഥത്തിലേക്കു കടന്നുചെല്ലുന്ന ചിന്താധാര ക്രിസ്തുമതത്തിൻെറ ഉത്ഭവത്തിനു മുമ്പുതന്നെ യഹൂദരുടെ ഇടയിൽ ഉടലെടുത്തിരുന്നു. അപ്രേം ഭാവനാസമ്പന്നനായ ഒരു കവിയായിരുന്നതിനാൽ, പറുദീസായെപ്പറ്റി പ്രതീകാത്മകമായിട്ടത്രേ അത് വിവരിക്കുന്നത്. പറുദീസായെ ഒരു മലയായി ചിത്രീകരിക്കുന്നു. അത് വൃത്താകൃതിയിലാണ് (ഗീതം 1:8). അത് വലിയ കടലിനെ ചുറ്റിക്കിടക്കുന്നു(2:6), അതു കരയെയും കടലിനെയും ചുറ്റിക്കിടക്കുന്നു (1:8-9). പ്രളയജലം അതിൻെറ അടിവാരംവരെ മാത്രമേ എത്തിയുള്ളു (1:4). ചുറ്റിത്തിരിയുന്ന വാളുമായി നില്ക്കുന്ന ക്രോബേമാലാഖ അതിൻെറ അടിവാരത്തിലെ വേലി അഥവാ മതിൽ സംരക്ഷിക്കുന്നു (2:7; 4:1). പറുദീസായുടെ ഏറ്റവും താഴത്തെ ഭാഗമാണ് ഈ മതിൽ. അവിടനിന്ന് പറുദീസായുടെ പകുതിദൂരത്തിലാണ് അറിവിൻെറ വൃക്ഷം; അത് ഒരാന്തരിക അതിർത്തിയായി വർത്തിക്കുന്നു. അവിടം കുറേക്കൂടി ഉയർന്നതാണ്; അവിടെ കയറാൻ ആദത്തിനും ഹവ്വായ്ക്കും അനുവാദം ഇല്ലായിരുന്നു(3:3). കുറേക്കൂടി ഉയരമുള്ള അതിവിശുദ്ധ സ്ഥലത്തു സ്ഥിതിചെയ്യുന്ന ജീവവൃക്ഷത്തെ മറച്ചുകൊണ്ട് ഒരു കർട്ടൻ കണക്കെ അറിവിൻെറ വൃക്ഷം നിലനിന്നു (3:2). മലയുടെ കൊടുമുടിയിലത്രേ ദൈവികസാന്നിധ്യം.

പറുദീസാമല മൂന്ന് വൃത്തങ്ങൾ ഉൾക്കൊള്ളുന്നതാണ്. മൂന്നുതരം ഭാഗ്യവാന്മാർക്കുള്ളതാണിവ മൂന്നും: നോഹയുടെ പെട്ടകത്തിൻെറയും

---

4 ജി. ചേടിയത്ത്, *സഭാപിതാക്കന്മാർ I*, കോട്ടയം 1987, പേജ് 122-126

www.malankaralibrary.com

വാഗ്ദാനപേടകത്തിൻെറയും വിവിധ നിലകൾ ഇതിനെ സൂചിപ്പിക്കുന്നു (2:10-13). പറുദീസാ യഹൂദരുടെ ദൈവാലയത്തിൻെറയും ക്രിസ്തീയ പള്ളിയുടെയും പ്രതീകമാണ്. മനുഷ്യന് ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്നു ഭാഗങ്ങൾ ഉള്ളതും ഇതിനെ സൂചിപ്പിക്കുന്നു.

ഈ പറഞ്ഞവയൊന്നും വാച്യാർത്ഥത്തിൽ എടുക്കേണ്ടവയല്ല എന്ന് അപ്രേമിനു തന്നെ അറിയാമായിരുന്നു (2:4-5). പറുദീസാ നമ്മുടെ ലോകത്തിൽ നിന്ന് വ്യത്യസ്തമായ ലോകമാണ്; വ്യത്യസ്ത തലത്തിലാണ്. നമ്മുടെ സമയത്തിന് അതീതമാണ്; ഉപരിസ്ഥമാണ്. ഉത്ഥാനാനന്തരം നീതിമാന്മാരുടെ വാസസ്ഥലമാണ് പറുദീസാ. ഉത്ഥാനത്തോടുകൂടി മാത്രമേ നമുക്കതിൽ കയറാനാകൂ. ആത്മാവും ശരീരവും ഒന്നിച്ചാണ് അവിടെ കയറുക (8:9).

വളരെ ഭാവനാ സമ്പന്നമായി പറുദീസായിലെ മരങ്ങളെപ്പറ്റി (3:13) വിവരിക്കുന്നു. മറ്റു ഗീതങ്ങളിലും കൃതികളിലും ഈ വിഷയം ചർച്ച ചെയ്യുന്നുണ്ട്.[5] പറുദീസായ്ക്കു ചുറ്റുമുള്ള വേലിയും ചുറ്റിത്തിരിയുന്ന വാളും (4:1) നീക്കിക്കളഞ്ഞത് മിശിഹായുടെ പാർശ്വം കുന്തത്താൽ തുളയ്ക്കപ്പെട്ടപ്പോഴാണ്. മിശിഹാ ക്രോബേമാലാഖായുടെ വാൾ തകർത്തുകളഞ്ഞു. എഫേ 2:14 നെ ഉല്പത്തി 3:24 -മായി അപ്രേം ബന്ധിപ്പിക്കുന്നു.[6] ആദം നഷ്ടപ്പെടുത്തിയ മഹത്ത്വവസ്ത്രം മിശിഹായുടെ മരണത്താൽ ആദത്തിനു തിരികെ നൽകി. സ്നാനത്തിൽ ക്രിസ്തുവിനെ ധരിക്കുന്നതു വഴി (റോമാ 13:14; ഗലാ 3:27) വിശ്വാസികൾ മഹത്ത്വവസ്ത്രം ധരിക്കുന്നു. മനുഷ്യരെ മഹത്ത്വവസ്ത്രം ധരിപ്പിക്കാൻ ദൈവം മനുഷ്യവേഷം ധരിച്ചു. ജലത്തിൽവച്ച് മനുഷ്യൻ മഹത്ത്വവസ്ത്രം ധരിക്കാൻ വേണ്ടി ക്രിസ്തു ജലത്തിൽ തൻെറ മഹത്ത്വം ഉരിഞ്ഞുവച്ചു. ഉത്ഥാനത്തിൽ എല്ലാ നീതിമാന്മാരും മഹത്ത്വവസ്ത്രം ധരിച്ച് മണവറയിലേക്കു കയറും; സ്വർഗീയപറുദീസായിലേക്കു പ്രവേശിക്കും. പ്ശീത്താ ബൈബിളിൽ മഹത്ത്വവസ്ത്രത്തെപ്പറ്റി പരാമർശം ഉണ്ട് (സങ്കീ. 8:6). പറുദീസാ ഗീതത്തിൽ പലയി

---

5 Hymns on Fast, 3,3; Commentary on Genesis, 2,17; Hymns on Virginity, 16,10; 8,1

6 Hymns on Crucifixion, 9,2; Hymns on Nativity, 8,4; Commentary on the Diatessaron, 21, 10-11

www.malankaralibrary.com

ടത്തും മഹത്ത്വവസ്ത്രം പരാമർശവിധേയമാണ് (15:8-9).[7] പില്ക്കാല സുറിയാനി എഴുത്തുകാർക്കും താല്പര്യമുള്ള ഒരു വിഷയമായിരുന്നു "മഹത്ത്വത്തിൻെറ വസ്ത്രം". സ്രോഗിലെ യാക്കോബ് തൻെറ കൃതികളിൽ ഇതു വിവരിക്കുന്നു.

നമ്മുടെ കർത്താവിൻെറ മനുഷ്യാവതാരലക്ഷ്യം ആദത്തിന് ദൈവം നിശ്ചയിച്ചിരുന്ന മഹനീയസ്ഥാനം നേടിക്കൊടുക്കുക എന്നുള്ളതായിരുന്നു.[8] തെറ്റിപ്പോകാത്ത വിജ്ഞാനവും അമർത്ത്യജീവനുമാണവ. മനുഷ്യത്വത്തിൽ തന്നെ അവൻ ദൈവത്വം പ്രാപിക്കുക. "ദൈവമാകാൻ ആദാം ആഗ്രഹിച്ചു എന്ന് അത്യുന്നതൻ ഗ്രഹിച്ചു; അവൻെറ ആഗ്രഹം സാധിച്ചു കൊടുക്കാനായി അവിടുന്ന് തൻെറ പുത്രനെ അയച്ച് അവനെ ധരിച്ചു എന്ന് മറ്റൊരിടത്ത് അപ്രേം പറയുന്നു.[9] ദൈവീകരണം എന്ന ആശയം പുരാതനസഭയുടെ പൊതുപൈതൃകത്തിൽ പെട്ടതാണ്: "അവിടുന്നു നമുക്കു ദൈവത്വം തന്നു; നാം അവിടുത്തേക്ക് മനുഷ്യത്വം നൽകി".[10]

ഈ മലയാള വിവർത്തനം സെബാസ്റ്റ്യൻ ബ്രോക്കിൻെറ ഗ്രന്ഥത്തെ ആധാരമാക്കിയാണ്.[11] അതേസമയം ബെക്കിൻെറ മൂലകൃതിയുമായി ഒത്തുനോക്കിയിട്ടുമുണ്ട്.[12] ഈ കൃതിയുടെ പ്രസിദ്ധീകരണത്തിൽ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഈ മനോഹരകൃതി സൗഹൃദസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

മലങ്കര സെമിനാരി — **ജി. ചേടിയത്ത്**
നാലാഞ്ചിറ, തിരുവനന്തപുരം,
ഏപ്രിൽ 15, 2001

---

7 Hymns on Virginity 16,9; Hymns on Nativity, 23,13; Commentary on the Diatessaron, 16,10% Hymns on Fast, 2,2

8 Commentary on Genesis, 2,23

9 Nisibene Hymns 69,12; Hymns on Virginity, 48,17-18

10 Hymns on Faith, 5,17

11 Sebastian Brock, *St. Ephrem the Syrian, Hymns on Paradise,* New York, 1990

12 E. Beck, *Des Heiligen Ehpraem des Syrers Hymnen de Paradiso und contra Julianum* (csco 78-79) Louvain, 1957

www.malankaralibrary.com

# അവതാരിക

സഭാപിതാക്കന്മാരുടെ ഒട്ടുവളരെ കൃതികൾ പരിഭാഷപ്പെടുത്തി പ്രകാശനം ചെയ്ത് മറ്റാരെയുംകാൾ കേരളത്തിൽ ഈ രംഗത്ത് പ്രസിദ്ധനായ ബഹുമാനപ്പെട്ട ഗീവർഗീസ് ചേടിയത്തച്ചൻ സഭാപിതാവും, സുറിയാനി സഭകളുടെ ഏറ്റം ശ്രേഷ്ഠ മൽപ്പാനും കവിയെന്നുള്ള നിലയിൽ പരിശുദ്ധാത്മാവിൻെറ വീണ എന്നറിയപ്പെടുന്നവനുമായ വിശുദ്ധ അപ്രേം ശെമ്മാശ്ശൻെറ "പറുദീസാ ഗീതങ്ങൾ" മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രകാശനം ചെയ്യുന്നത് കേരളത്തിലെ സുറിയാനി സഭാംഗങ്ങൾക്ക് ഒരു കവിയും ദൈവശാസ്ത്രജ്ഞനുമെന്ന നിലയിൽ വിശുദ്ധ അപ്രേമിനെക്കുറിച്ചുള്ള കൂടുതൽ അറിവു പ്രദാനം ചെയ്യുമെന്നുള്ളതിന് സംശയമില്ല. ഈ മലയാള പരിഭാഷ പ്രകാശനം ചെയ്യുന്നതിൽ ബഹുമാനപ്പെട്ട ചേടിയത്തച്ചനെ ഞാൻ അനുമോദിക്കുന്നു. അപ്രേമിൻെറ മറ്റു പലകൃതികളും പരിഭാഷപ്പെടുത്താൻ ഇനിയും സാധിക്കട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

അപ്രേമിൻെറ പറുദീസാ ഗീതങ്ങൾ അവതരിപ്പിക്കുമ്പോൾ ദൈവശാസ്ത്രജ്ഞനും കവിയുമായ അപ്രേമിൻെറ കവിതയെക്കുറിച്ച് ചില കാര്യങ്ങൾ പറയുകയായിരിക്കുമല്ലോ സംഗതമായിട്ടുള്ളത്.

www.malankaralibrary.com

അപ്രേം ദൈവവിജ്ഞാനിയായ (ദൈവശാസ്ത്രജ്ഞനായ) കവിയാണ്. ദൈവവിജ്ഞാനീയം പണ്ഡിതന്മാർക്കും സൈദ്ധാന്തികർക്കും മാത്രമായി മാറ്റിവച്ചിരിക്കുന്ന ഒന്നായിട്ടാണ് പലപ്പോഴും കരുതപ്പെടുന്നത്. എന്നാൽ നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന എവാഗ്രിയസ് എന്ന ദൈവശാസ്ത്രജ്ഞൻ ദൈവശാസ്ത്രത്തെപ്പറ്റി പറയുന്നത് ശ്രദ്ധേയമാണ്: "നിങ്ങൾ ഒരു ദൈവശാസ്ത്രജ്ഞനാണെങ്കിൽ ശരിയായി പ്രാർത്ഥിക്കുന്നവനാണ്; നിങ്ങൾ യഥാർത്ഥത്തിൽ പ്രാർത്ഥിക്കുമെങ്കിൽ നിങ്ങൾ ഒരു ഉത്തമ ദൈവശാസ്ത്രജ്ഞനാണ്". ദൈവശാസ്ത്രജ്ഞൻ ശരിയായി പ്രാർത്ഥിക്കുന്നവനാണ്. അയാളുടെ ദൈവവിജ്ഞാനീയം പലവിധത്തിൽ പ്രകടമാക്കാൻ സാധിക്കും - വാക്കുകളിൽ, കലാശില്പങ്ങളിൽ, സംഗീതത്തിൽ, അയാളുടെ ജീവിത ശൈലിയിൽ. അതുകൊണ്ട് സത്യത്തിൽ ശരിയായി പ്രാർത്ഥിക്കുന്ന കവികളുടെ കൃതിയിൽ ഉത്തമമായ ദൈവവിജ്ഞാനീയം, അതായത് ക്രിസ്തീയജീവിതസ്പർശിയായ അറിവ്, ധാരാളമായി കാണാവുന്നതാണ്. അപ്രകാരമുള്ള ഒരു കവിയും ദൈവശാസ്ത്രജ്ഞനുമാണ് അപ്രേം. ക്രമീകൃതമായ താത്വിക വിജ്ഞാനീയമല്ല അപ്രേമിന്റെ ദൈവശാസ്ത്രം. ക്രിസ്തീയ ദൈവശാസ്ത്രം ക്രമീകൃതമായ താത്വിക ദൈവശാസ്ത്രമായത് യവനായ തത്ത്വശാസ്ത്രത്തിന്റെ സ്വാധീനത്തിലും രൂപത്തിലുമാണ്. എന്നാൽ അപ്രേമിന്റെ ദൈവശാസ്ത്രം യവനായ തത്ത്വശാസ്ത്രരൂപത്തിലും അതിന്റെ താത്വിക സംജ്ഞകളിലും രൂപം കൊണ്ടതല്ല. ക്രിസ്തീയവെളിപാടിന്റെ പ്രാഥമശൈലിയായ "സെമിറ്റിക്" ശൈലിയിലാണ്. അതായത് വിശുദ്ധ ഗ്രന്ഥത്തിന്റെ ശൈലിയിലാണ് അപ്രേം ദൈവവിജ്ഞാനീയം പ്രകടമാക്കുന്നത്. ബൈബിളിലെ വാക്കുകളും ബിംബങ്ങളും ഭാഷാശൈലിയുമാണ് അപ്രേം ഉപയോഗിക്കുന്നത്. ക്രിസ്തീയവിശ്വാസമുള്ള സാധാരണക്കാരുടെ ഭാഷ, ദൈവികവെളിപാടിനെക്കുറിച്ചുള്ള ആഭിമുഖ്യങ്ങൾ ഇവയൊക്കെയാണ് അപ്രേമിന്റെ കൃതികളിൽ നമുക്കു ദർശിക്കാൻ സാധിക്കുന്നത്.

www.malankaralibrary.com

ഉദാഹരണമായി:

നമ്മുടെ പ്രതിശാന്തിക്കായി കുഞ്ഞാടായിതീർന്ന
ഇടയൻ വാഴ്ത്തപ്പെട്ടവനാകുന്നു.
നമ്മുടെ രക്ഷയ്ക്കായി കാസാ ആയിതീർന്ന
മുന്തിരിനാമ്പ് വാഴ്ത്തപ്പെട്ടവനാകുന്നു.
വിതയ്ക്കപ്പെട്ട് ഗോതമ്പും കൊയ്യപ്പെട്ട
കറ്റയുമായി തീർന്ന കർഷകനും വാഴ്ത്തപ്പെട്ടവനാകുന്നു.
(യേശുവിൻെറ ജനനത്തെക്കുറിച്ചുള്ള ഗീതം. 3.15).

നിന്നെ വഹിച്ചവളുടെ ഉദരത്തിലുണ്ട് അഗ്നിയും ആത്മാവും,
നീ ജ്ഞാനസ്നാനം ഏറ്റ നദിയിലുണ്ട് അഗ്നിയും ആത്മാവും,
ഞങ്ങളുടെ ജ്ഞാനസ്നാനത്തിലുണ്ട് അഗ്നിയും ആത്മാവും,
അപ്പത്തിലും ചഷകത്തിലും ഉണ്ട് അഗ്നിയും ആത്മാവും.
(വിശ്വാസഗീതങ്ങൾ, 10,17).

അപ്രേമിൻെറ കൃതികളിൽ നമുക്കു ദർശിക്കാൻ സാധിക്കുന്നത് പ്രതിരൂപദർശനവും (typology) പ്രതീകാത്മകസങ്കേതവും (symbolism), വിരോധാഭാസശൈലി(paradox)യുമാണ്. എല്ലാ നിർവചനങ്ങൾക്കും അതീതനായ ദൈവത്തേയും ദൈവിക കാര്യങ്ങളേയും നിർവചനങ്ങളിൽ ഒതുക്കി നിർത്താൻ സാധിക്കാത്തതുകൊണ്ട് താത്വിക നിർവചനരീതിയിലുള്ള ഒരു ദൈവവിജ്ഞാനീയശൈലിയല്ല അപ്രേം അവലംബിച്ചത്. "പ്രതീകം" (symbol) എന്നുപറഞ്ഞാൽ ഇല്ലാത്ത ഒരു കാര്യത്തെ സൂചിപ്പിക്കുക മാത്രം ചെയ്യുന്ന ഒരു ഭാഷാ പ്രയോഗമായിട്ടല്ല അപ്രേം പരിഗണിച്ചത്. മറിച്ച്, പ്രതീകം അത് സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തിൽ ഒരുവിധത്തിൽ പങ്കുചേരുന്നതായിട്ടാണ് അപ്രേം ദർശിക്കുന്നത്. എല്ലാ പ്രതീകങ്ങളും ആത്യന്തികമായി ദൈവികയാഥാർത്ഥ്യത്തിൽ (അദ്ദേഹം അതിനെ വിളിക്കുന്നത് "രഹസ്യം" എന്നാണ്) പങ്കുചേരുന്നതായിട്ടാണ് അപ്രേം കരുതുന്നത്.

മേൽപറഞ്ഞ വിധത്തിലുള്ള ശൈലീവിശേഷം ഉള്ള ഒരു കാവ്യകൃതിയാണ് "പറുദീസാ ഗീതങ്ങൾ". "പറുദീസാ ഗീതങ്ങൾ" എന്ന സുറിയാനി കാവ്യകൃതിയുടെ വൃത്തവും

www.malankaralibrary.com

ഇൗണവും നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ട് പറുദീസാഗീതങ്ങളുടെ മനോഹാര്യതയും ശബ്ദ ഭംഗിയും പരിഭാഷയിൽ നമുക്ക് പ്രാപ്യമല്ല... സുറിയാനിയിൽ "മദ്‌രോസോ" എന്നറിയപ്പെടുന്ന കാവ്യരൂപത്തിലാണ് പറുദീസാ ഗാനങ്ങൾ രചിക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരമുള്ള ഗീതങ്ങളിൽ ഗഹനങ്ങളും ആധ്യാത്മിക ജീവിതസ്പർശിയുമായ വിഷയങ്ങളാണ് കൈകാര്യം ചെയ്യപ്പെടുന്നത്. പറുദീസാ ഗീതങ്ങളുടെ വിഷയം ബൈബിളിൽ, പ്രത്യേകിച്ച് ഉല്പത്തിപുസ്തകത്തിലെ രണ്ടും മൂന്നും അധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്ന പറുദീസായാണ്. ഓരോ ഗീതവും പന്ത്രണ്ടു വരികളുള്ള പല സ്ട്രോഫികളായിട്ടാണ് തിരിച്ചിരിക്കുന്നത്. ആകെക്കൂടെ 267 സ്ട്രോഫികളാണുള്ളത്. അതായത് 3204 വരികൾ. ഓരോ ഗീതത്തിനും പല്ലവിയുണ്ട്. പല്ലവികളിൽ ഏറിയ പങ്കും യേശുവിനോടുള്ള പ്രാർത്ഥനകളാണ്.

ഒന്നാമത്തെ ഗീതത്തിൽ ഒരു പൊതുവായ വീക്ഷണമാണുള്ളത്: പറുദീസാമല, അത് നിൽക്കുന്ന സ്ഥലം, അവിടെ അധിവസിക്കുന്നവർ; ആദാം മുതൽ നോഹവരെയുള്ള മനുഷ്യരുടെ തുടർച്ചയായുള്ള അധഃപതനം; പറുദീസായുടെ പ്രവേശനവശം അല്ലെങ്കിൽ പൂമുഖ പറുദീസാ, ഗേഹന്ന എന്നിവകളെക്കുറിച്ചു പ്രതിപാദിക്കുന്നു.

രണ്ടാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, പരിശോധനയുടെ അല്ലെങ്കിൽ വിധിയുടെ വാതിലാണ്! അതു കടന്നു ചെല്ലുന്നവരുടെ ഭാഗധേയം; അത്തിമരങ്ങളും അവ ഉദ്ദീപിപ്പിക്കുന്ന ഓർമ്മകളും; നദികളും വിശ്രമസ്ഥലങ്ങളും.

മൂന്നാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, പറുദീസായുടെ ഉൾഭാഗം: ജീവന്റെ വൃക്ഷവും അറിവിന്റെ വൃക്ഷവും. പ്രലോഭനം, ആദാമിന്റെ അധഃപതനവും പലായനവും, ഒസിയാസിന്റെ ആദാമിനെ അനുകരിച്ചുള്ള പ്രവർത്തനം.

നാലാമത്തെ ഗീതത്തിൽ വിവരിക്കുന്നത് ആദാമിന്റെ ബഹിഷ്കരണവും ശിക്ഷയും, ഇവ അവന്റെ തിരിച്ചുവരവ്

www.malankaralibrary.com

മുൻകൂട്ടി കണ്ടുകൊണ്ടാണ്. പറുദീസായുടെ ഉൾഭാഗവും, ബാഹ്യഭാഗവും.

അഞ്ചാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, പറുദീസായുടെ പരിമാണങ്ങളെക്കുറിച്ചാണ്: അവിടെ എല്ലാവർക്കും സ്ഥലമുണ്ട്. ത്രൈവിശുദ്ധ ദൈവം അദൃശ്യമായി അതിന്റെ മധ്യത്തിലുണ്ട്.

ആറാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, മൂന്നു പറുദീസാകളെയാണ്. അതായത് ജീവന്റെ ഉദ്യാനം, ഭൗമിക സഭ, അന്തിമമായ പറുദീസാ. ദൈവത്തോടു സാധർമ്മ്യം പ്രാപിക്കുന്നതനുസരിച്ച് അതിന്റെ മധ്യത്തിൽ മനുഷ്യനും എത്തുന്നു.

ഏഴാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, പറുദീസായിൽ വിവിധ ജീവിതാവസ്ഥയനുസരിച്ച് ലഭ്യമാകുന്ന പ്രതിഫലം ആണ്.

എട്ടാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, പറുദീസായിൽ ആത്മാവ് ശരീരത്തിനായി നോക്കിപ്പാർക്കുന്നതാണ്. എവിടെ, എങ്ങനെ?

ഒമ്പതാമത്തെ ഗീതം പറുദീസായിലെ വൃക്ഷങ്ങളുടെ ഇടയിലേക്കുള്ള സ്വീകരണം വിവരിക്കുന്നു: വായു ശരീരത്തെ പരിപോഷിപ്പിക്കുന്നു, ദൈവദർശനം ആത്മാവിനെയും.

പത്താമത്തെ ഗീതം പൂമുഖ പറുദീസായിലെ ശീതോഷ്ണാവസ്ഥയെക്കുറിച്ചും, കാലങ്ങളെക്കുറിച്ചും വിളവുകളെക്കുറിച്ചും പ്രതിപാദിക്കുന്നു.

പതിനൊന്നാമത്തെ ഗീതം പറുദീസായുടെ ആധ്യാത്മികവൽക്കരണത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. അവിടത്തെ സുഗന്ധദ്രവ്യങ്ങൾ, ചൈതന്യം പ്രദാനം ചെയ്യുന്ന വായു.

പന്ത്രണ്ടാമത്തെ ഗീതത്തിൽ ആദാമിന്റെയും ഒസിയാസിന്റെയും വിജയി ആയ മ്ശിഹായുടെയും പ്രലോഭനങ്ങളെക്കുറിച്ചുള്ള പരിചിന്തനങ്ങളാണുള്ളത്. രണ്ടു വൃക്ഷങ്ങളുടെ ഫലങ്ങൾ. മൃഗങ്ങളെക്കാൾ ശ്രേഷ്ഠനാണ് മനുഷ്യൻ.

www.malankaralibrary.com

പതിമൂന്നാമത്തെ ഗീതത്തിൽ വിവരിക്കുന്നത്, ശപിക്കപ്പെട്ട ഭൂമിയിലേക്കുള്ള ബഹിഷ്കരണത്തിനും മൃഗങ്ങളുടെ ഇടയിലുള്ള ജീവിതത്തിനും ശേഷം പ്രായശ്ചിത്തംവഴി പറുദീസായിലേക്ക് തിരിച്ചുവന്ന, ഉദാഹരണങ്ങൾ (ബൈബിളിലുള്ള ഉദാഹരണങ്ങളാണ്).

പതിനാലാമത്തെ ഗീതത്തിൽ, മേൽപറഞ്ഞ ഉദാഹരണങ്ങൾ തുടരുന്നു; കൂടാതെ പറുദീസായിലേക്ക് പാഞ്ഞുകയറുന്നത്; മരിച്ചുപോയ കുഞ്ഞുങ്ങളുടെ സന്തോഷം എന്നിവ വിവരിക്കുന്നു.

പതിനഞ്ചാമത്തെ ഗീതത്തിൽ, അറിവിന്റെ വൃക്ഷത്തിന്റെ ഫലങ്ങൾ, ആദാം, ഒസിയാസ് എന്നിവർ, സർപ്പം, ബാലാമിന്റെ കഴുത, സാത്താനും യൂദാസും എന്നിവ വിവരിക്കുന്നു.

പറുദീസാ ഗീതങ്ങൾ നമുക്ക് വളരെ വിശദമായ സ്ഥലവർണ്ണനകൾ നൽകുന്നുണ്ട്. ഇവയെല്ലാം പറുദീസായെക്കുറിച്ചുള്ള അപ്രേമിന്റെ സങ്കല്പം എന്തെന്ന് വെളിവാക്കുന്നു. പറുദീസാ ഒരു ഗിരിയായിട്ടാണ് സങ്കല്പം. അത് വൃത്താകൃതിയിലുള്ളതാണ്. വലിയ സമുദ്രത്തെ അതു ചുറ്റുന്നു. കരയേയും കടലിനേയും അതുൾക്കൊള്ളുന്നു. ജലപ്രളയം താഴ്വരയിലുള്ള കുന്നുകൾവരെ മാത്രമേ എത്തിയിട്ടുള്ളു. കറങ്ങുന്ന വാളുമായി ക്രോബേ മാലാഖ കാവൽ നിൽക്കുന്ന വേലി ഈ താഴ്വരയിലുള്ള കുന്നിലാണ്. ഈ വേലിയാണ് പറുദീസായുടെ ഏറ്റവും താഴത്തെ അറ്റത്തിന്റെ അതിർത്തിരേഖ. ഇവിടെ നിന്ന് പകുതിവഴി മുമ്പോട്ടു പോകുമ്പോൾ അറിവിന്റെ വൃക്ഷം നിൽക്കുന്ന സ്ഥലമാണ്. ഈ വൃക്ഷമാണ് അകത്തുള്ള അതിർത്തിരേഖ. ഇതിനപ്പുറം ആദാമിനും ഹവ്വായ്ക്കും പ്രവേശനം ഇല്ലായിരുന്നു. അവിടെയാണ് ജീവന്റെ വൃക്ഷം. ശുദ്ധതയുടെ ശുദ്ധസ്ഥലത്തെ മറച്ചിരുന്ന ശീലയ്ക്ക് തുല്യമാണ് അറിവിന്റെ വൃക്ഷം. മലയുടെ ശൃംഗത്തിലാണ് ജീവന്റെ വൃക്ഷം. അവിടെയാണ് ദൈവസാന്നിധ്യം.

www.malankaralibrary.com

പറുദീസായുടെ വർണ്ണന സ്ഥലകാല ദ്യോതകങ്ങളാണെങ്കിലും സ്ഥലകാല പരിമിതികൾക്ക് അതീതമായ, വർണ്ണനാതീതമായ ഒന്നായിട്ടാണ് അപ്രേം പറുദീസായെ കാണുന്നത്. എല്ലാ പ്രതീകങ്ങളും വർണ്ണനകളും സ്ഥലകാല വ്യത്യാസങ്ങൾക്കതീതമായ ഒന്നിലേക്കു - ഒരു പരിശുദ്ധമായ സമയത്തിലേക്ക് - കേന്ദ്രീകരിച്ചുള്ള ഒരു ദർശനമായിട്ടാണ് അപ്രേം പറുദീസായെ കാണുന്നത്. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വലിയ മഹാകവിയായ ദാന്തേ തന്റെ കാവ്യത്തിൽ (പറുദീസായെക്കുറിച്ചുള്ള കാവ്യത്തിൽ) ഇപ്രകാരം സ്ഥലകാല പരിമിതിയ്ക്കപ്പുറമുള്ള ഒരു പറുദീസായെ ആണ് വിവരിക്കുന്നതും. ഈ രണ്ടു കവികളുടെ പറുദീസാകാവ്യങ്ങൾ ഒരു താരതമ്യപഠനത്തിന് വിധേയമാക്കാവുന്നതാണ്.

ചേടിയത്തച്ചന്റെ പറുദീസാഗീതങ്ങൾ മറ്റു പലർക്കും ക്രിസ്തീയദർശനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ദൈവവിജ്ഞാനീയ കാവ്യരചനയ്ക്ക് പ്രചോദനം നൽകട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ഗ്രന്ഥം അനുവാചകരുടെ ആസ്വാദനത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

കോട്ടയം
7-4-2001

റവ. ഡോ. ഗീവർഗീസ് പണിക്കർ

www.malankaralibrary.com

# ഉള്ളടക്കം

ആമുഖം ..... 3
അവതാരിക ..... 7
പറുദീസാ ഗീതങ്ങൾ ..... 15
ഗീതം I ..... 15
ഗീതം II ..... 22
ഗീതം III ..... 27
ഗീതം IV ..... 34
ഗീതം V ..... 39
ഗീതം VI ..... 44
ഗീതം VII ..... 54
ഗീതം VIII ..... 66
ഗീതം IX ..... 70
ഗീതം X ..... 81
ഗീതം XI ..... 86
ഗീതം XII ..... 91
ഗീതം XIII ..... 99
ഗീതം XIV ..... 106
ഗീതം XV ..... 112

www.malankaralibrary.com

# മാർ അപ്രേം

# പറുദീസാ ഗീതങ്ങൾ

## ഗീതം I

1. തൻെറ സ്വർഗീയ ഗ്രന്ഥങ്ങളാൽ
എല്ലാവരെയും പഠിപ്പിക്കുന്ന
എബ്രായ പ്രബോധകനായ മോശ,[1]
വെളിപാടുകളുടെ വലിയൊരു കലവറ തന്നെയായ നിയമം[2]
തൻെറ പ്രബോധനങ്ങളിൽ നമ്മെ പഠിപ്പിച്ചു.
അതിലൂടെ തോട്ടത്തിൻെറ വിവരണം വെളിപ്പെട്ടിരിക്കുന്നു.
ദൃശ്യസംഗതികൾകൊണ്ട് വിവരിച്ചിരിക്കുന്നെങ്കിലും
അതിൽ നിഗൂഢമായവ നിമിത്തം അതു മഹനീയമാണ്.
ചുരുങ്ങിയ വാക്കുകളിൽ വിവരിച്ചിരിക്കുന്നെങ്കിലും
അതിലെ നിരവധി വൃക്ഷങ്ങൾ നിമിത്തം അത് അത്ഭുതകരംതന്നെ.

---

1. മോശ റബ്ബാ ദെബ്രായേ
2. ഊറയ്താ (ഓറയ്താ) = തോറാ = നിയമം

www.malankaralibrary.com



*പ്രതിസ്തോത്രം[3]: വിജയികളെ വെല്ലുന്ന നിന്റെ നീതിക്കു സ്തുതി.*

2. ഭയത്തിനും സ്നേഹത്തിനും മധ്യേ
പകുതിവഴിയിൽ ഞാൻ നിലയുറപ്പിച്ചു.
പറുദീസായെപ്പറ്റിയുള്ള ആവേശം
അതേപ്പറ്റി ആരായാൻ എന്നെ പ്രേരിപ്പിച്ചു.
എന്നാൽ അതിന്റെ ഔന്നത്യത്തെക്കുറിച്ചുള്ള ഭയം
വിശകലനത്തിൽ നിന്നെന്നെ തടഞ്ഞു.
ഞാൻ ബുദ്ധിപൂർവം രണ്ടും കോർത്തിണക്കി.
അതിന്റെ വെളിപാടുകളെ ഞാൻ പാടിപ്പുകഴ്ത്തി;
അതിന്റെ വെളിപാടുകളെ ഞാൻ ധ്യാനിച്ചു.
പ്രയോജനം ലഭിക്കുക എന്നതായിരുന്നു
എന്റെ അന്വേഷണലക്ഷ്യം.
എന്റെ മൗനം സഹായലഭ്യത്തിനായിരുന്നു.

3. സന്തോഷപൂർവം ഞാൻ പറുദീസായുടെ കഥ വായിച്ചു.
അതിന്റെ വിവരണം അല്പമേയുള്ളു.
എന്നാൽ അതേപ്പറ്റി ധാരാളം പറയാനുണ്ട്.
ആ വിവരണം എന്റെ നാവ് പദാനുപദം വായിച്ചു.
എന്നാൽ എന്റെ ബുദ്ധിയാകട്ടെ,
പറുദീസായുടെ മനോഹാരിത കണ്ട് ചിറകുവിടർത്തി
ഭയത്തോടുകൂടി ഉയരത്തിലേക്കു കുതിച്ചു.
അത് യഥാർത്ഥത്തിൽ ആയിരിക്കുന്നതുപോലെയല്ല കണ്ടത്,
പ്രത്യുത, അതു ഗ്രഹിക്കാൻ
മനുഷ്യന് അനുവദിച്ചിരിക്കുന്നത്രയും മാത്രം.

4. ഞാൻ ആത്മീയനയനങ്ങളാൽ പറുദീസായെ ദർശിച്ചു.
എല്ലാ പർവതങ്ങളുടെയും കൊടുമുടികൾ
ഇതിന്റെ കൊടുമുടിയേക്കാൾ താഴെയാണ്.
പ്രളയജലം ഇതിന്റെ അടിവാരംവരെ മാത്രമേ എത്തിയുള്ളു.
എല്ലാ മലകളുടെയും കുന്നുകളുടെയും
കൊടുമുടികളെ കീഴടക്കി

---

3. ഓനീസാ (ഊനീസോ) Responsorium

www.malankaralibrary.com



അവയുടെ മീതെ ഉയരാനായി[4]
പ്രളയജലം പിൻവാങ്ങുന്നതിനുമുമ്പ്
ഇതിനെ ബഹുമാനപൂർവം തൊട്ടുവണങ്ങി.
പറുദീസായുടെ അടിവാരത്തെ അതു ചുംബിച്ചു;
മറ്റെല്ലാ കൊടുമുടികളെയും അതു മുക്കിക്കളഞ്ഞു.

5. പറുദീസായിലേക്കുള്ള കയറ്റം
അതിൻെറ ഉയരംകൊണ്ട് ക്ലേശകരമല്ല;
കാരണം, അത് അവകാശപ്പെടുത്തുന്നവർക്ക്
അവിടെ ഒരധ്വാനവുമില്ല.
അതിൽ കയറുന്നവരെ അതിൻെറ മനോഹാരിത
സന്തോഷപൂർവം പ്രോത്സാഹിപ്പിക്കുന്നു.
മനോഹര കിരണങ്ങൾക്കിടയിൽ
അതു പ്രശോഭിതമായിരിക്കുന്നു.
അതിൻെറ എല്ലാ സൗരഭ്യങ്ങളോടുംകൂടി
അതു പരിമളം പരത്തുന്നു.
ശ്രേഷ്ഠമേഘലങ്ങൾ, അതിനർഹരാകുന്നവരുടെ
വാസം ഒരുക്കുന്നു.

6. പ്രകാശസന്തതികൾ തങ്ങളുടെ വാസസ്ഥലങ്ങളിൽനിന്ന്
താഴേക്കിറങ്ങുന്നു.
തങ്ങൾ പീഡിപ്പിക്കപ്പെട്ട ലോകത്തിൻെറ മധ്യത്തിൽ
അവർ ആനന്ദിക്കുന്നു.
അവർ കടലിനു മുകളിൽ നൃത്തം ചവിട്ടുന്നു;
എങ്കിലും അവർ താണുപോകുന്നില്ല.
കാരണം, പാറ[5] ആയിരുന്നിട്ടും
ശെമഓൻ താണുപോയില്ല.
തൻെറ പ്രിയപ്പെട്ടവരെ
താഴെ ശിഷ്യഗണത്തിലും മുകളിൽ മണവറയിലും
അവരോടൊപ്പം കാണുന്നവൻ ഭാഗ്യവാൻ.

---

4. ഉല്പ. 7:19
5. മത്താ. 14:29 (കേപ്പാ)

www.malankaralibrary.com



7. അവരുടെ രഥങ്ങളായ മേഘങ്ങൾ വായുവിലൂടെ പറക്കുന്നു.
ഓരോരുത്തനും താൻ പഠിപ്പിച്ചവരുടെ നേതാവായിത്തീർന്നു.[6]
അവൻെറ അധ്വാനാനുസൃതമാണ് അവൻെറ രഥം.
അനുയായികൾക്കനുസൃതമാണ്അവൻെറ മഹത്ത്വം.[7]
പ്രവാചകന്മാർ തങ്ങളുടെ നിരകളോടുകൂടിയും
ശ്ലീഹന്മാർ തങ്ങളുടെ സമൂഹങ്ങളോടുകൂടിയും
പറക്കുന്നതു കാണുന്നയാൾ അനുഗൃഹീതൻ.
കാരണം, ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്തവർ
രാജ്യത്തിൽ വലിയവരാണ്.

8. പറുദീസായുടെ ദർശനം വളരെ അകലെത്താകയാലും,
അതു കാഴ്ചയുടെ പരിധിക്കപ്പുറത്താകയാലും,
ധൈര്യം അവലംബിച്ച്,
അതിനെ ഞാൻ ലളിതമായി വിവരിക്കുന്നു.
ചന്ദ്രനു ചുറ്റുമുള്ള പ്രകാശവലയത്തിനു തുല്യമായി,
പറുദീസായും വൃത്താകൃതിയിലാണെന്നും
അതിനുള്ളിൽ കടലും ഉണങ്ങിയ കരയും ഉണ്ടെന്നും
നാം വിഭാവന ചെയ്യണം.

9. പറുദീസായുടെ മധുരരസം നുകർന്നവൻ എന്നനിലയിൽ
എൻെറ നാവിൽ വെള്ളം ഊറുന്നതിനാൽ,
ഞാൻ അതിനെ പലവിധത്തിൽ ചിത്രീകരിക്കുന്നതാണ്.
ആ മനോഹര മദ്ബഹായ്ക്കുവേണ്ടി
മോശ ഒരു കിരീടം ഉണ്ടാക്കി;[9]
അവൻ ആ ബലിപീഠത്തെ തങ്കപ്പാളികളാൽ
മനോഹരമായി അലങ്കരിച്ചു.
സൃഷ്ടി മുഴുവനെയും വലയം ചെയ്യുന്ന
പറുദീസായുടെ വളയം
ഇതുപോലെ മഹനീയമായി മെനയപ്പെട്ടതാണ്.

---

6. ദാനി. 12:3
7. 1 കൊറി. 3:8
8. മത്താ. 5:19
9. പുറ. 30:3

www.malankaralibrary.com



**10.** ആദം പാപം ചെയ്തപ്പോൾ,
അവനെ ദൈവം പറുദീസായിൽനിന്നു പുറത്താക്കി.
എന്നാൽ തൻെറ കൃപയാൽ
പറുദീസായുടെ അടിവാരത്തിനു താഴെയുള്ള
താഴ്വരയിൽ പാർപ്പിച്ചുകൊണ്ട്,
പറുദീസായ്ക്ക് അപ്പുറത്തുള്ള
താഴ്ന്ന പ്രദേശം അവനു നൽകി.
മനുഷ്യർ അവിടെയും പാപം തുടർന്നതിനാൽ,
അവിടെനിന്ന് ആട്ടിയോടിക്കപ്പെട്ടു.
പറുദീസായുടെ സമീപത്തു പാർക്കാൻ
അവർ അയോഗ്യരായി തീർന്നതിനാൽ
അവരെ കാർദു മലയിലേക്കു[10] പുറന്തള്ളാൻ
ദൈവം പെട്ടകത്തോടു കല്പിച്ചു.

**11.** അവിടെ രണ്ടു സഹോദര കുടുംബങ്ങൾ
തമ്മിൽ പിരിഞ്ഞു.
കായേൻ തനിയെ ദൂരെപോയി
നോദു ദേശത്തു പാർത്തു.[11]
ആ സ്ഥലം ശേതിൻെറയും ഏനോശിൻെറയും
സ്ഥലത്തേക്കാൾ താണയിടമായിരുന്നു.
എന്നാൽ കുറെക്കൂടി ഉയർന്നസ്ഥലത്തു പാർത്തവരും,
"ദൈവപുത്രന്മാർ"[12] എന്നു വിളിക്കപ്പെട്ടവരുമായ
ആളുകൾ, തങ്ങളുടെ വാസസ്ഥാനം വിട്ട്,
താഴെയുള്ള കായേൻെറ പുത്രിമാരെ
ഭാര്യമാരായി സ്വീകരിക്കാൻ താഴേക്കിറങ്ങി വന്നു.

---

10. ഉല്പ. 8:4 (പ്ശീത്താ പാഠഭേദം)

11. ഉല്പ. 4:16

12. ഉല്പ. 6:2 - "ദൈവപുത്രന്മാർ" എന്നതിന് ശേതിൻെറ പുത്രന്മാർ എന്നും, "മനുഷ്യപുത്രന്മാർ" എന്നതിന് കായേൻെറ മക്കൾ എന്നും അപ്രേം വ്യാഖ്യാനം നൽകുന്നു. ജൂലിയസ് ആഫ്രിക്കാനുസ് മുതൽ ഈ പാരമ്പര്യം കാണാം. "ദൈവദൂതന്മാർ" മാലാഖമാരാണ് എന്ന് ഒരു പാരമ്പര്യം; "അധഃപതിച്ച മാലാഖമാരാണ്" എന്ന് മറ്റൊരു പാരമ്പര്യം. വീണ ദൂതന്മാർ മനുഷ്യസ്ത്രീകളുമായി ബന്ധപ്പെട്ടു എന്ന് ഹാനോക്കു സാഹിത്യം.

www.malankaralibrary.com



**12.** പറുദീസായുടെ ഉന്നതങ്ങളിൽ
പ്രകാശത്തിന്റെ മക്കൾ ഇരിക്കുന്നു.
താഴെ അഗാധത്തിൽ ധനവാനെ കാണുന്നു.
അവനും കണ്ണുകൾ ഉയർത്തുമ്പോൾ,
ലാസറിനെ കാണുന്നു.[13]
തന്റെ മേൽ കരുണ ഉണ്ടാകുവാനായി,
അവൻ അബ്രഹാമിനെ വിളിച്ചപേക്ഷിക്കുന്നു.
എന്നാൽ, സോദോമിനോടുപോലും അനുകമ്പ തോന്നിയ
ദയാമസൃണനായ അബ്രഹാമാകട്ടെ,[14]
കരുണാരഹിതനായ അവനോട്
അവിടെ ഒട്ടുംതന്നെ കരുണ കാട്ടിയില്ല.

**13.** മധ്യസ്ഥത വഹിക്കാവുന്ന സ്നേഹമെല്ലാം
ആഴത്തിൽ അവസാനിക്കുന്നു.
ഇങ്ങനെ ദുഷ്ടരുമായുള്ള ബന്ധത്തിൽനിന്ന്
നീതിമാന്മാരുടെ സ്നേഹത്തെ തടയുന്നു.
ഗേഹന്നായിൽ തങ്ങളുടെ മക്കളുടെയോ സഹോദരങ്ങളുടെയോ
ബന്ധുക്കളുടെയോ ദർശനത്താൽ-
മിശിഹായുടെ പ്രബോധനത്തെപ്രതി പീഡ അനുഭവിച്ച
തന്റെ മകനോടോ, മകളോടോ, ദാസിയോടോ,
മിശിഹായെ തള്ളിപ്പറഞ്ഞ ഒരമ്മ
കരുണ യാചിക്കുന്നത് - നല്ലവർ കുണ്ഠിതപ്പെടാതിരിക്കാനാണിത്.

**14.** അവിടെ മർദിതർ മർദകരെയും
പീഡിപ്പിക്കപ്പെട്ടവർ പീഡിപ്പിച്ചവരെയും
കൊല്ലപ്പെട്ടവർ കൊന്നവരെയും
പ്രവാചകർ, തങ്ങളെ കല്ലെറിഞ്ഞവരെയും
ശ്ലീഹന്മാർ, തങ്ങളെ ക്രൂശിച്ചവരെയും
നോക്കി ചിരിക്കും.
തങ്ങളുടെ ഉന്നതവാസസ്ഥലങ്ങളിൽ വസിച്ചുകൊണ്ട്

---

13. ലൂക്കാ 16:26

14. ഉല്പ. 8:20

www.malankaralibrary.com



പ്രകാശസന്തതികൾ ദുഷ്ടരെ കാണുകയും
അവരുടെ ദുഷ്കർമങ്ങൾ എണ്ണുകയും,
ദുഷ്പ്രവൃത്തികൾ ചെയ്തുകൂട്ടിയ അവർ
എത്രമാത്രം പ്രത്യാശയിൽ നിന്ന
വെട്ടിനീക്കപ്പെട്ടു എന്നു കണ്ട്
അത്ഭുതപരതന്ത്രരാകുകയും ചെയ്യും.

15. തൻെറ ലജ്ജാകര കർമങ്ങൾ ഇരുട്ടിൽ ഒളിക്കാനും
തെറ്റുചെയ്തിട്ട്, അതു ദർശിച്ചവരെ വഞ്ചിക്കാനും,
ശ്രമിക്കുന്നയാളിനു ഹാ, കഷ്ടം.
അകത്തുകടന്നു തെറ്റുചെയ്തിട്ട്,
അതേപ്പറ്റി കേട്ടവരെ വഞ്ചിക്കാനായി
അയാൾ നുണ പറയുന്നു.
നിൻെറ കൃപയുടെ ചിറകുകൾ എന്നെ സംരക്ഷിക്കട്ടെ.[15]
എന്തുകൊണ്ടെന്നാൽ, കുറ്റപ്പെടുത്തുന്ന ചൂണ്ടുവിരൽ
അവിടെ പാപിയുടെ അവമാനവും
രഹസ്യവേഴ്ചകളും ചുണ്ടിക്കാണിക്കുകയും
അനുദിനം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

16. ഇത്രയും പറയാനേ ഞാൻ ധൈര്യപ്പെടുന്നുള്ളു.
എന്നാൽ തുടർന്ന് ഇപ്രകാരം പറയാൻ
ആരെങ്കിലും മുതിർന്നേക്കാം.
"തങ്ങളുടെ അറിവുകേടുകൊണ്ട് തെറ്റുചെയ്ത മന്ദബുദ്ധികളോ,
സാധാരണക്കാരോ, ഒരിക്കൽ ശിക്ഷിക്കപ്പെടുകയും
കടം വീട്ടുകയും ചെയ്താൽ, പറുദീസായുടെ
ഏതെങ്കിലും അകന്ന കോണിൽ വസിക്കാൻ,
അവരെ നന്മ തന്നെ ആയവൻ അനുവദിക്കും.
അവിടെ അവർക്ക് ഭാഗ്യകരമായ ഉച്ചരിഷ്ടങ്ങൾ
അനുഭവിക്കാം".[16]

15. സങ്കീ. 16(17)8

16. മത്താ. 15:27 (കാനാൻകാരിയുടെ സംഭവം). 7,26; 9,29 എന്നിവയുമായി താരതമ്യപ്പെടുത്തുക.

www.malankaralibrary.com



17. പറുദീസാവാസികൾ നിന്ദിക്കുകയും
തള്ളിക്കളയുകയും ചെയ്യുന്ന ഈ സ്ഥലം,
ഗേഹന്നായിൽ കത്തുന്നവർ താല്പര്യപൂർവം കാംക്ഷിക്കും.
അവിടെയുള്ള ജലധാരകൾ കണ്ട്
അവരുടെ പീഡനം ഇരട്ടിക്കും.
അവർ എതിർവശത്തു നില്ക്കുമ്പോൾ
അവർ ശക്തിപൂർവം വിറയ്ക്കും.
ധനവാനും സഹായത്തിന് അപേക്ഷിക്കും.
എന്നാൽ അവന്റെ നാവിനെ നനയ്ക്കാൻ അവിടെ ആരുമില്ല.[17]
കാരണം, അവരുടെ എതിർവശത്ത് വെള്ളമുള്ളപ്പോൾ
അവരുടെ ഉള്ളിൽ അഗ്നിയാണ്.

# ഗീതം II

1. പറുദീസാ ആരെ ആകാംക്ഷാപൂർവം പ്രതീക്ഷിച്ചിരിക്കുന്നുവോ,
അയാൾ ഭാഗ്യവാൻ;
അതേ, ആരുടെ നന്മ അയാളെ സൗന്ദര്യവാനാക്കുന്നുവോ,
അയാളെ പറുദീസാ പ്രതീക്ഷിച്ചിരിക്കുന്നു.
വാതിൽക്കൽ വച്ചുതന്നെ അത് അയാളെ വാരിപ്പുണരും.
അതിന്റെ മടിത്തട്ടിൽ അയാളെ ഉമ്മ വയ്ക്കും.
അതിന്റെ ഉദരത്തിൽ തന്നെ അവനെ ആലിംഗനം ചെയ്യും.
കാരണം, അത് വാതിൽ തുറന്ന്
അയാളെ തന്റെ ഉള്ളറയിൽ സ്വീകരിക്കും.
എന്നാൽ അതിനെ വെറുക്കുന്നവനെ
അത് ദൂരെ എറിഞ്ഞുകളയും.
ഇതാണു പരിശോധനയുടെ വാതിൽ.
മനുഷ്യകുലത്തെ സ്നേഹിക്കുന്നവന്റേതാണിത്.[18]

---

17. ലൂക്കാ 16:24

18. 1 യോഹ. 10:7

www.malankaralibrary.com



*പ്രതിസ്തോത്രം: കുത്തിത്തുളയ്ക്കപ്പെടുകയും അതുവഴി പറുദീസായുടെ പ്രവേശനകവാടത്തിലെ വാൾ നീക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*[19]

2. പറുദീസായുടെ താക്കോൽ
ഇവിടെ ഭൂമിയിൽ വച്ചുണ്ടാക്കി എടുത്തുകൊള്ളുക.
നിന്നെ സ്വാഗതം ചെയ്യുന്ന വാതിൽ[20]
നിന്റെ നേരെ ആഹ്ലാദപൂർവം പുഞ്ചിരിക്കുന്നു.
എല്ലാം തിരിച്ചറിയുന്ന വാതിൽ
അതിലൂടെ പ്രവേശിക്കുന്നവർക്കനുസൃതം
അതിന്റെ രൂപം അനുരൂപപ്പെടുത്തുന്നു.
അതിന്റെ വിജ്ഞാനത്താൽ
അതു ചുരുങ്ങുകയും വികസിക്കുകയും ചെയ്യുന്നു.
ഓരോരുത്തനും നേടിയെടുത്ത
നിലയും വിലയും അനുസരിച്ച്
പരിപൂർണരാണോ, കുറവുള്ളവരാണോ
എന്ന് അതിന്റെ വലിപ്പത്താൽ അതു കാണിക്കുന്നു.

3. തങ്ങൾക്ക് എല്ലാം നഷ്ടപ്പെട്ടെന്നും
സമ്പാദ്യങ്ങൾ നിലനില്ക്കുന്നില്ലെന്നും
ശാരീരികാഗ്രഹങ്ങൾ അവസാനിച്ചെന്നും
സൗന്ദര്യവും ശക്തിയും മാഞ്ഞുമറഞ്ഞുപോകുന്നെന്നും
മനുഷ്യർ കാണുമ്പോൾ,
അവർ ആഴമായി ചിന്തിക്കുകയും ദുഃഖിക്കുകയും ചെയ്യും.
എന്തുകൊണ്ടെന്നാൽ, "നിങ്ങളുടെ സമ്പാദ്യം സ്വപ്നവും
നിങ്ങളുടെ അവകാശം അന്ധകാരവുമാണ്" എന്ന
വാക്കുകൾ അവർ നിന്ദാപൂർവം അവഗണിച്ചുകളഞ്ഞു.

4. ഒരിക്കൽ അവർക്കുണ്ടായിരുന്നത് അവർക്ക് നഷ്ടപ്പെട്ടു.
ഒരിക്കലും അവർക്ക് ഇല്ലാതിരുന്നത് അവർ കണ്ടെത്തി.

---

19. ഉല്പ. 3:24; യോഹ. 19:34

20. യോഹ. 10:9; 3:5; 6:1; 7:1; 8:2; 15:4-6 എന്നിവിടങ്ങളിൽ വാതിലിന്റെ ഉപമ കാണാം.

www.malankaralibrary.com



അവർ സന്തോഷം കാംക്ഷിച്ചു;എന്നാലതു പറന്നുപോയി.
അവർ ഭയപ്പെട്ടിരുന്ന ദുരിതം അടുത്തുവന്നു.
അവർ പ്രതീക്ഷിച്ചത് മിഥ്യയാണെന്നു തെളിഞ്ഞു.
അവർ ഒരിക്കലും തേടാഞ്ഞത് അവർ ഇപ്പോൾ കണ്ടെത്തി.
തങ്ങൾ താഴ്ത്തപ്പെട്ടെന്നും കൊള്ളയടിക്കപ്പെട്ടെന്നും
കണ്ട് അവർ ഞരങ്ങുന്നു.
കാരണം, അവരുടെ ജീവിതരീതി അവരെ ചതിച്ചു.
എന്നാൽ അവരുടെ വേദന വാസ്തവം തന്നെ.
അവരുടെ സുഖസമൃദ്ധമായ ജീവിതം കടന്നുപോയി.
അവരുടെ വേദനയ്ക്കാകട്ടെ, അവസാനമില്ല.

5. തങ്ങളുടെ ക്ലേശങ്ങൾ കടന്നുപോയെന്നും
വേദന നിലനില്ക്കുന്നില്ലെന്നും
ഭാരം എടുത്തു മാറ്റപ്പെട്ടെന്നും
നീതിമാന്മാർക്കും മനസ്സിലാകും.
യാതൊരു ദുഃഖവും അവരെ ഒരിക്കലും
അലട്ടിയില്ല എന്ന മട്ടിലായിത്തീരും.
അവരുടെ ഉപവാസങ്ങൾ വെറും സ്വപ്നംപോലെ
മാത്രം അനുഭവപ്പെടും.
കാരണം, പറുദീസായും, തങ്ങൾക്കു മുമ്പിൽ
സജ്ജമാക്കിയിരിക്കുന്ന രാജ്യത്തിൻെറ മേശയും[21]
കാണാൻ, നിദ്രയിൽ നിന്നെന്നവണ്ണം അവർ ഉണർന്നു.

6. പുറത്തുള്ളവർക്ക് കൊടുമുടി അളക്കാനാവില്ല.
എന്നാൽ പറുദീസായിൽ കയറുന്നവർക്കെല്ലാം
അകത്തുനിന്ന് അത് പൂർണമായി താണുകൊടുക്കുന്നു.
അതിൻെറ അകവശം മുഴുവൻ സന്തോഷപൂർവം
നീതിമാന്മാരെ നോക്കുന്നു.
വലിയ കടലിനെ ചുറ്റിക്കൊണ്ട്,
പറുദീസാ ലോകത്തിൻെറ അര കെട്ടുന്നു.
ഉന്നതജീവികൾക്ക് അതു സമീപസ്ഥമാണ്;

21. ലൂക്കാ 22:30

www.malankaralibrary.com



അതിനുള്ളിലുള്ളവരോട് അതു സൗഹൃദത്തിലാണ്.
എന്നാൽ പുറത്തുള്ളവരോട് വിരുദ്ധതയിലുമാണ്.

7. അതിന്റെ അതിർത്തിയിൽ ഒരു സംരക്ഷിതസ്ഥലത്തു
വളരുന്ന അത്തിമരങ്ങൾ ഞാൻ കണ്ടു.[22]
കുറ്റം ചെയ്ത ഇണകളുടെ നെറ്റിത്തടം
അലങ്കരിക്കാനായി അവകൊണ്ട് കിരീടങ്ങൾ നിർമിക്കപ്പെട്ടു.
നഗ്നനാക്കപ്പെട്ടവൻ നിമിത്തം
എന്നപോലെ അതിന്റെ ഇലകൾ വരണ്ടിരുന്നു.
തങ്ങളുടെ വസ്ത്രങ്ങൾ നഷ്ടപ്പെട്ടവർക്ക്
അവയുടെ ഇലകൾ ആവശ്യമായിരുന്നു.
അവ ആദത്തെ മറച്ചിരുന്നെങ്കിലും,
ലജ്ജയാലും ദുഃഖത്താലും അവൻ പരവശനായിരുന്നു.
എന്തുകൊണ്ടെന്നാൽ, ഇത്തരം പരിപാവനമായ ഒരു സ്ഥലത്ത്
നഗ്നൻ ലജ്ജാഭരിതനായിത്തീരും.

8. തോട്ടത്തിന്റെ പ്ലാനുകളിലെല്ലാം
അതെത്ര മഹനീയമാണെന്നും,
അതിന്റെ പരസ്പരബന്ധങ്ങളിൽ
അതെത്ര ഒത്തൊരുമയോടിരിക്കുന്നെന്നും
അവിടെ വസിക്കുന്നവർക്ക് അതെത്ര സൗകര്യപ്രദമാണെന്നും
അതിന്റെ വാസസ്ഥലങ്ങൾ
എത്ര ശോഭയേറിയതാണെന്നും കാണുന്നവർക്ക്
അതിന്റെ ശോഭ എങ്ങനെ ദർശിക്കാൻ കഴിയും?
അതിന്റെ ഉറവകൾ
അവയുടെ സൗരഭ്യത്താൽ സന്തുഷ്ടമാക്കുന്നു.
എന്നാൽ അവ നമ്മുടെ പക്കലേക്ക് ഒഴുകുമ്പോൾ,
നമ്മുടെ നാട്ടിൽ അവ ഗുണം കുറഞ്ഞതായി മാറുന്നു.
കാരണം, നാം കുടിക്കാനായി
നമ്മുടെ നാട്ടിലെ രസങ്ങൾ അതു സ്വീകരിക്കുന്നു.

---

22. ഉല്പ. 3:7

www.malankaralibrary.com



9. എല്ലാറ്റിനും കഴിവുള്ള ആ ഇച്ഛ
പറുദീസായിലെ ഈ സമൃദ്ധമായ ഉറവകളെ,
വെള്ളത്തിന്‍റെ കനാലുകള്‍പോലെ
കരയിലൊതുക്കിക്കൊണ്ട്,
യഥാര്‍ത്ഥത്തില്‍ നിയന്ത്രിക്കുന്നു.
തിരുഹിതപ്രകാരം അന്തരീക്ഷത്തിലേക്ക് അയയ്ക്കാനായി,
തന്‍റെ മേഘങ്ങളുടെ മടിത്തട്ടില്‍
അവിടുന്നു ജലരാശിയെ കെട്ടിനിര്‍ത്തിയതുപോലെ,[23]
നമ്മുടെ പക്കലേക്കൊഴുകാന്‍ അവയെ വിളിച്ചു.

10. അവിടുന്ന് ഈ സങ്കീര്‍ണമായ പ്ലാന്‍ തയാറാക്കിയപ്പോള്‍
ചില തലങ്ങള്‍ മറ്റുള്ളവയേക്കാള്‍
കൂടുതല്‍ മഹനീയമായിരിക്കാനായി
അതിന്‍റെ സൗന്ദര്യത്തില്‍ വൈവിധ്യം വരുത്തി.
ഒരുതലം മറ്റൊന്നിനെക്കാള്‍ ഉയര്‍ന്നിരിക്കുന്നതനുസരിച്ച്,
അതിന്‍റെ മഹത്ത്വവും കൂടുതല്‍ മഹനീയമായിരിക്കും.
ഇങ്ങനെ, അടിവാരം ഏറ്റവും താഴ്ന്നവര്‍ക്കു നല്കുന്നു.
ചരിവുള്ളിടം ഇടയ്ക്കുള്ളവര്‍ക്കും
ഏറ്റവും ഉയര്‍ന്നഭാഗം ശ്രേഷ്ഠരായിട്ടുള്ളവര്‍ക്കും നല്‍കുന്നു.

11. തങ്ങളുടെ അവകാശം പ്രാപിക്കാനായി
നീതിമാന്മാര്‍ അതിന്‍റെ വിവിധ തലങ്ങളിലേക്കു കയറുമ്പോള്‍,
ഓരോരുത്തന്‍റെയും അധ്വാനത്തിന്
അനുസൃതമായ തലത്തിലേക്ക് അവിടുന്ന്
നീതിപൂര്‍വം അവനെ ഉയര്‍ത്തുന്നു.
ഓരോരുത്തനും അര്‍ഹമായ തലത്തില്‍
എത്തുമ്പോള്‍, അയാളെ അവിടെ നിര്‍ത്തുന്നു.
എല്ലാവര്‍ക്കും മതിയാംവണ്ണം ഉള്ള തലങ്ങള്‍ പറുദീസായിലുണ്ട്.
ഏറ്റവും താഴ്ന്ന തലം അനുതാപികള്‍ക്കുള്ളതാണ്;
മധ്യതലം നീതിമാന്മാര്‍ക്ക്.
കൊടുമുടിയാകട്ടെ, ദൈവസാന്നിധ്യത്തിനായി
നീക്കി വച്ചിരിക്കുന്നു.

---

23. സാദൃശ്യ. 30:4

www.malankaralibrary.com



12. നോഹ പെട്ടകത്തിൻെറ അടിത്തട്ടിൽ മൃഗങ്ങളെയും
ഇടത്തട്ടിൽ പറവകളെയും കയറ്റി.
നോഹയാകട്ടെ, ദൈവത്വത്തെപ്പോലെ
മുകൾത്തട്ടിൽ പാർത്തു.
സീനായ് മലയിൽ വച്ച് ജനം താഴെ കാത്തുനിന്നു.
പുരോഹിതർ ചുറ്റിനും നിന്നു.
അഹറോൻ പകുതിവഴി കയറി.
മോശ അതിൻെറ ഉന്നതങ്ങളിലും
മഹോന്നതൻ കൊടുമുടിയിലും ആയിരുന്നു.

13. ജീവൻെറ ആ തോട്ടത്തിലെ വിഭജനത്തിൻെറ പ്രതീകം
പേടകത്തിലും സീനായ് മലയിലും മോശ രൂപീകരിച്ചു.
പറുദീസായുടെ പ്രതീകങ്ങൾ
അതിൻെറ എല്ലാ ക്രമീകരണങ്ങളോടും കൂടി
നമുക്കായി അവൻ വരച്ചുകാട്ടി.
ഒത്തൊരുമ, മനോഹാരിത,
എല്ലാക്കാര്യങ്ങളിലും അഭികാമ്യം
ഉയരത്തിൽ, സൗന്ദര്യത്തിൽ,
അതിൻെറ സൗരഭ്യത്തിൽ,
അതിൻെറ വിവിധ ഇനങ്ങളിൽ,
എല്ലാ സമ്പത്തിൻെറയും തുറമുഖം ഇവിടെയാണ്;
ഇതുവഴി സഭ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

# ഗീതം III

1. എൻെറ വത്സലരേ, മഹത്ത്വം വസിക്കുന്നതും
കൊടുമുടിയുടെ അഗ്രം മഹനീയമായി
സ്ഥിതി ചെയ്യുന്നതുമായ തോട്ടഭാഗത്തെപ്പറ്റി
പ്രതീകാത്മകമായിപ്പോലും വിവരിക്കാൻ
മനുഷ്യമനസ് അശക്തമാണ്.
തോട്ടത്തിൻെറ സമ്പദ്സമൃദ്ധി തികച്ചും അഗ്രാഹ്യമാണ്.

www.malankaralibrary.com



അപ്പോൾ, അതിനെ ദർശിക്കാനോ
അതിനെ വിശകലനം ചെയ്യാനോ
അതിൽ എത്തിച്ചേരാനോ
ഉള്ള കഴിവ് ഏതു മനസിനാണുള്ളത്!

*പ്രതിസ്തോത്രം: വിജയികളെ കിരീടം ധരിപ്പിക്കുന്ന അങ്ങയുടെ നീതിക്കു സ്തുതി.*

2. ഒരുപക്ഷേ, ആ ഭാഗ്യകരമായ വൃക്ഷം,
ജീവവൃക്ഷം, ആയിരിക്കാം
അതിൻെറ കിരണങ്ങളാൽ
പറുദീസായിലെ സൂര്യൻ.
അതിൻെറ ഇലകൾ വെട്ടിത്തിളങ്ങുന്നു.
ആ തോട്ടത്തിൻെറ ആധ്യാത്മിക കൃപകൾ
അവയിൽ പതിച്ചിരിക്കുന്നു.
ആ പരമോത്കൃഷ്ട വൃക്ഷരാജാവിൻെറ മുമ്പാകെ
മറ്റു മരങ്ങൾ കാറ്റിൽ ആരാധനാസമാനം
താണുവണങ്ങുന്നു.

3 പറുദീസായുടെ ഉൾപ്രദേശങ്ങളുടെ
അതിർത്തിയായി നേരെ വർത്തിക്കത്തക്കവിധം,
ഭയജന്യമായും ഭീതികരമായും
മധ്യത്തിൽതന്നെ അവിടുന്ന്
അറിവിൻെറ വൃക്ഷം സ്ഥാപിച്ചു.[24]
ഒറ്റ ഡിക്രിവഴി ആദാം രണ്ടു കാര്യങ്ങൾ കേട്ടു:
അവർ അതിൽനിന്നു ഭക്ഷിക്കരുത്;[25]
അതിൽ നിന്ന് പിന്മാറിക്കൊണ്ട്,
ആ വൃക്ഷത്തിനപ്പുറത്തേക്ക്
നുഴഞ്ഞു കയറാൻ അവർക്കനുവാദമില്ല
എന്ന് അവർ മനസിലാക്കണം.[26]

24. ഉല്പ. 2:9
25. ഉല്പ. 2:17
26. ഉല്പ. 3:7

www.malankaralibrary.com



4. സർപ്പത്തിനു പറുദീസായിൽ കടക്കാൻ കഴിഞ്ഞില്ല.
കാരണം, പറുദീസായുടെ ബാഹ്യപ്രദേശത്തെ
സമീപിക്കാൻ മൃഗങ്ങൾക്കോ പക്ഷികൾക്കോ
അനുവാദമില്ലായിരുന്നു.
അവയെ കണ്ടുമുട്ടാൻ ആദത്തിനു
പുറത്തേക്കു പോകേണ്ടിയിരുന്നു.
അതുകൊണ്ട് പറുദീസായുടെ സ്വഭാവത്തെപ്പറ്റി-
അത് എന്താണെന്നും,
അതെങ്ങനെ ക്രമീകരിച്ചിരിക്കുന്നെന്നും-
സർപ്പം സൂത്രത്തിൽ ഹവ്വായോട് ചോദിച്ചറിഞ്ഞു.

5. ഒരു പരിപാവന സ്ഥലത്തെന്നപോലെ
ആ ആന്തരികകൂടാരത്തിൻെറ മഹത്ത്വം
എപ്രകാരം തങ്ങളിൽ നിന്നു മറയ്ക്കപ്പെട്ടിരുന്നു എന്നും
നിരോധനത്താൽ ചുറ്റപ്പെട്ട അറിവിൻെറ വൃക്ഷം
പരിപാവനസ്ഥലത്തിൻെറ വിരിപോലെ
വർത്തിക്കുന്നു എന്നും
ശാപഗ്രസ്തൻ കേട്ടപ്പോൾ,
ധിക്കാരികളുടെ കണ്ണു തുറക്കാനും
അവരെ കഠിനദുഃഖത്തിലാഴ്ത്താനും
അതിൻെറ പഴം നീതിയുടെ താക്കോലാണെന്ന്
അവൻ മനസിലാക്കി.

6. മഹത്ത്വമോ, തങ്ങളുടെ സ്വന്തനികൃഷ്ടാവസ്ഥയോ
കാണാതിരിക്കാൻ,
ആ ആന്തരികകൂടാരത്തിൻെറ മഹത്ത്വമോ
തങ്ങളുടെ സ്വന്തം ശരീരത്തിൻെറ നഗ്നതയോ
കാണാതിരിക്കാൻ,
അവരുടെ കണ്ണുകൾ അപ്പോഴും അടഞ്ഞുതന്നെ ഇരുന്നെങ്കിലും,
അവരുടെ കണ്ണുകൾ തുറക്കപ്പെട്ടു.[27]
രണ്ടു കക്ഷികളുടെയും ഇടയ്ക്ക് ന്യായാധിപനായി

---

27. അപ്രേമിൻെറ ഉല്പത്തിഭാഷ്യം 2:21-22 മായി താരതമ്യപ്പെടുത്തുക.

www.malankaralibrary.com



വൃക്ഷത്തെവച്ചുകൊണ്ട്,
ദൈവം രണ്ടുതരം അറിവും അതിൽ ഒളിച്ചുവച്ചു.

7. എന്നാൽ ആദാം ധിക്കാരപൂർവം
ഓടിച്ചെന്ന് അതിൻെറ പഴം പറിച്ചുതിന്നപ്പോൾ,
ഈ രണ്ട് അറിവുകളും അവൻെറ പക്കലേക്കു നേരെ പറന്നെത്തി.
അവൻെറ കണ്ണുകളിൽ നിന്ന് രണ്ടു വിരികളും
കീറി നീക്കിക്കളഞ്ഞു.
അതിവിശുദ്ധസ്ഥലത്തിൻെറ മഹത്ത്വം
കണ്ട് അവൻ വിറച്ചുപോയി.
തൻെറ സ്വന്തം അവമാനം കണ്ട്,
നെടുവീർപ്പിട്ടും വിലപിച്ചുംകൊണ്ട് അവൻ മഞ്ഞളിച്ചു.
കാരണം, അവൻ സ്വന്തമാക്കിയ രണ്ട് അറിവുകളും
അവന് വേദനാജനകമാണെന്ന് തെളിയിക്കപ്പെട്ടു.

8. അതു തിന്നുന്നവരൊക്കെ
ഒന്നുകിൽ അതു കാണുകയും സന്തുഷ്ടരാകുകയും ചെയ്യുന്നു;
അല്ലെങ്കിൽ, കാണുകയും നെടുവീർപ്പിടുകയും ചെയ്യുന്നു.
അവർ വിലപിക്കാനായി,
പാപത്തിൽ അതു ഭക്ഷിക്കാൻ
സർപ്പം അവരെ പ്രേരിപ്പിച്ചു.
പണ്ടത്തെ മല്ലനെപ്പോലെ[28]
സൗഭാഗ്യാവസ്ഥ കണ്ടെങ്കിലും
അവനത് അനുഭവിക്കാനായില്ല.
അവൻെറ വേദന ഇരട്ടിയായി.
കാരണം, വിശന്നിരുന്നിട്ടും
താൻ കണ്ട ഭക്ഷണസാധനങ്ങൾ
തൻെറ വിശപ്പിൽ രുചിക്കാൻ
അവനു കഴിഞ്ഞില്ല.

---

28. ടാൻടുലസിനെപ്പറ്റിയുള്ള പരാമർശം. നിസിബിൻ ഗീതം 36/5ലും മിതോളജി പരാമർശം (ഓർഫെയുസ്) കാണാം.

www.malankaralibrary.com



9. കാരണം, അവൻ കല്പന ലംഘിച്ചാൽ
അവന്റെ അവമാനം അവനെ കാണിക്കത്തക്കവിധം
അവന്റെ നഗ്നതാവസ്ഥ ദർശിക്കാൻ
ദൈവം അവനെ അനുവദിച്ചിരുന്നില്ല.
അവൻ കല്പന അനുസരിച്ചിരുന്നെങ്കിൽ,
അതിപരിശുദ്ധത ദർശിച്ച് സന്തുഷ്ടനാകാനായി
അവിടുന്ന് അതും അവനെ കാണിച്ചില്ല.
ദൈവം ഇവ രണ്ടും രണ്ടു സമ്മാനങ്ങളായി മറച്ചുവച്ചിരുന്നു.
അങ്ങനെ, പോരാട്ടത്തിലൂടെ
തന്റെ പ്രവൃത്തിക്കനുസൃതമായി
ആദത്തിനു കിരീടം ലഭിക്കുന്നതിനു വേണ്ടിയായിരുന്നിത്.

10. ദൈവം വൃക്ഷത്തെ ഒരു ന്യായാധിപനായി സ്ഥാപിച്ചു.
ആദം അതിൽ നിന്നു ഭക്ഷിച്ചാൽ
തന്റെ അഹങ്കാരത്താൽ തനിക്കു നഷ്ടപ്പെട്ട
ആ നില അത് അവനെ കാണിക്കാനായിരുന്നത്.
തന്റെ പീഡനത്തിനായി അവൻ സമ്പാദിച്ച
ആ വീണ അവസ്ഥ അവനെ കാണിക്കാനുമായിരുന്നത്.
മറിച്ച്, അവൻ അതിനെ പരാജയപ്പെടുത്തി വിജയിച്ചിരുന്നെങ്കിൽ,
അത് അവനെ മഹത്ത്വം ധരിപ്പിക്കുകയും
ലജ്ജയുടെ സ്വഭാവം വെളിപ്പെടുത്തുകയും ചെയ്യുമായിരുന്നു.
അങ്ങനെ ആരോഗ്യവാനായി, രോഗത്തെപ്പറ്റിയുള്ള
അറിവും അവൻ സമ്പാദിക്കുമായിരുന്നു.

11. യഥാർത്ഥത്തിൽ നല്ല ആരോഗ്യവാൻ ആയിരിക്കുകയും
രോഗം എന്താണെന്ന് തന്റെ മനസിൽ
അവബോധം ഉണ്ടായിരിക്കുകയും ചെയ്യുന്നയാൾ,
പ്രയോജനപ്രദമായവ തേടുന്നു;
ഉപകാരപ്രദമായവ അറിയുന്നു.
എന്നാൽ രോഗാവസ്ഥയിൽ ആയിരിക്കുകയും
നല്ല ആരോഗ്യമെന്തെന്ന് മനസിൽ അറിയുകയും ചെയ്യുന്നയാൾ
തന്റെ രോഗത്താൽ കുണ്ഠിതനും
തന്റെ മനസിൽ ക്ലേശിതനുമാണ്.

www.malankaralibrary.com



**12.** ആദം വിജയിച്ചിരുന്നെങ്കിൽ[29]
തൻെറ അവയവങ്ങളുടെ മഹത്ത്വവും
വേദന എന്താണെന്നുള്ള തിരിച്ചറിവും
അവൻ സമ്പാദിക്കുമായിരുന്നു.
അങ്ങനെ അവൻ തൻെറ അവയവങ്ങളിൽ പ്രശോഭിക്കുകയും
തൻെറ തിരിച്ചറിവിൽ വളരുകയും ചെയ്യുമായിരുന്നു.
എന്നാൽ സർപ്പം ഇതെല്ലാം കീഴ്മേൽ മറിച്ചു.
യഥാർത്ഥത്തിൽ നികൃഷ്ടത അനുഭവിക്കാൻ
അവനിടയാക്കുകയും
മഹത്ത്വം ഒരോർമ മാത്രമാക്കി തീർക്കുകയും ചെയ്തു.
അങ്ങനെ, അവൻ ദർശിച്ചവയിൽ
അവനു ലജ്ജ തോന്നുകയും
തനിക്കു നഷ്ടപ്പെട്ടവയെ കുറിച്ച്
കരഞ്ഞുവിലപിക്കുകയും ചെയ്തു.

**13.** വൃക്ഷം അവന് ഒരു ഗേറ്റുപോലെ ആയിരുന്നു.
അതിൻെറ ഫലം ആ നിഗൂഢകൂടാരത്തെ
മറയ്ക്കുന്ന മറയായിരുന്നു.
ആദാം കല്പന ദൂരെ എറിഞ്ഞ് പഴം പറിച്ചു.
അതിനുള്ളിൽ പ്രകാശരശ്മികൾ വിതറുന്ന
ആ മഹത്ത്വം ദർശിച്ചപ്പോൾ അവൻ പുറത്തേക്കോടി.
അവൻ ഓടി, അത്തിവൃക്ഷങ്ങൾക്കിടയിൽ അഭയം തേടി.

**14.** അതിവിശുദ്ധസ്ഥലത്തുനിന്ന് വിശുദ്ധസ്ഥലം
മുകളിലും താഴെയുമായി വേർതിരിക്കാൻ
പറുദീസായുടെ മധ്യത്തിൽ
ദൈവം അറിവിൻെറ വൃക്ഷം നട്ടു.
അതിനെ സ്പർശിക്കാൻ ആദാം ധൈര്യപ്പെടുകയും
ഉസിയായെപ്പോലെ[30] ശിക്ഷിക്കപ്പെടുകയും ചെയ്തു.

---

29. ഉല്പ. 2:23-ൻെറ ഭാഷ്യവുമായി താരതമ്യപ്പെടുത്തുക.

30. 2 ദിന. 26:16. അപ്രേം പലപ്പോഴും ഉസിയായെ പരാമർശിക്കുന്നു. പൗരോഹിത്യ ശുശ്രൂഷയ്ക്ക് സ്വയം നിയോഗിച്ച ഉസിയാ ശിക്ഷിക്കപ്പെട്ടു. പറുദീസാഗീതം 12/4;

www.malankaralibrary.com



രാജാവ് കുഷ്ഠരോഗിയായി, ആദാം ഉരിയപ്പെട്ടു.
ഉസിയായേപ്പോലെ ശിക്ഷിക്കപ്പെട്ട്,
പിന്മാറാൻ അവൻ തത്രപ്പെട്ടു.
തങ്ങളുടെ ശരീരങ്ങളുടെ നിന്ദനത്താൽ
രണ്ടുരാജാക്കന്മാരും ഓടി മറഞ്ഞു.

**15.** പറുദീസായിലെ ഓരോ വൃക്ഷവും
അതാതിന്റെ മഹത്ത്വത്തിൽ
അലംകൃതമായിരുന്നു.
എങ്കിലും മഹത്ത്വത്തിൽ ഓരോന്നും
സ്വയം മറയ്ക്കുന്നു.
സ്രോപ്പേന്മാർ തങ്ങളുടെ ചിറകുകളാലും
വൃക്ഷങ്ങൾ തങ്ങളുടെ ശിഖരങ്ങളാലും
സ്വയം മറയ്ക്കുന്നു.
തങ്ങളുടെ നാഥനെ കാണാതിരിക്കാനായി
എല്ലാവരും തങ്ങളുടെ മുഖങ്ങൾ മൂടുന്നു.
ആദത്തെ പെട്ടെന്ന് നഗ്നനായി കണ്ടപ്പോൾ
അവരെല്ലാം വിവർണരായിപ്പോയി.
സർപ്പം അവന്റെ വസ്ത്രങ്ങൾ തട്ടിയെടുത്തു;
അതിനാൽ അവൻ പാദരഹിതനായിത്തീർന്നു.[31]

**16.** ആ ആന്തരിക കൂടാരത്തിലേക്കു കടക്കാൻ
ദൈവം ആദത്തെ അനുവദിച്ചില്ല.
ആ ബാഹ്യകൂടാരത്തെ ശുശ്രൂഷിക്കുന്നതിൽ
വിശ്വസ്തനാണെന്ന്
ആദ്യമെ തെളിയിക്കപ്പെടാനായി അവൻ തടയപ്പെട്ടു.
സുഗന്ധദ്രവ്യങ്ങളോടു കൂടിയ പുരോഹിതനെപ്പോലെ,
കല്പന പാലിക്കുന്നതായിരുന്നു
ആദത്തിന്റെ ധൂപകലശം.

---

15/9-10 കാണുക. ആദത്തെ രാജാവും പുരോഹിതനുമായി കാണുന്ന റബീനിക്കൽ പാരമ്പര്യം അപ്രേം പിൻചെല്ലുന്നു:13/3-4 കാണുക.

31. പാമ്പിനു കാലില്ലാത്തതു ശിക്ഷയാണെന്ന പാരമ്പര്യം (ഉല്പ.3:14): അഫ്രാത്, Demo. 9/8; 14/12 കാണുക.

www.malankaralibrary.com



അപ്പോള്‍ അവന്‍ നിഗൂഢന്‍റെ
ആ നിഗൂഢകൂടാരത്തിലേക്ക് പ്രവേശിക്കുമായിരുന്നു.

17. മോശ പറുദീസായുടെ പ്രതീകം വരച്ചുകാട്ടി.
അവന്‍ രണ്ടു വിശുദ്ധസ്ഥലങ്ങള്‍ ഉണ്ടാക്കി:
വിശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും.
ബാഹ്യസ്ഥലത്തേക്ക് എപ്പോഴും പ്രവേശനം ഉണ്ടായിരുന്നു.
എന്നാല്‍ ആന്തരികസ്ഥലത്തേക്കാകട്ടെ,
വര്‍ഷത്തില്‍ ഒരിക്കല്‍ മാത്രം.[32]
പറുദീസായുടെ കാര്യത്തിലും അപ്രകാരം തന്നെ.
ദൈവം ആന്തരികസ്ഥലം അടച്ചുപൂട്ടി.
ആദം ദര്‍ശിക്കാനായി
ബാഹ്യസ്ഥലം അവിടുന്നു തുറന്നു കൊടുത്തു.

# ഗീതം IV

1. താന്‍ കര്‍ക്കശനല്ലാത്തതിനാല്‍
ആദാം എപ്രകാരം ധിക്കാരിയായി
തീര്‍ന്നെന്ന് നീതിമാന്‍ കണ്ടു;
അവന്‍ അപ്രകാരം തുടര്‍ന്നാല്‍
അവന്‍ വീണ്ടും അതിര്‍ത്തി കടക്കുമെന്ന് അവിടുന്ന് അറിഞ്ഞു;
ആദാം ആ സൗമ്യവും സുഖപ്രദവുമായ അതിര്‍ത്തി ചവിട്ടിക്കടന്നു.
അതിനുപകരം ബലപ്രയോഗത്താല്‍ സംരക്ഷിതമായ
ഒരതിര്‍ത്തി ദൈവം അവനുവേണ്ടി ഉണ്ടാക്കി.
വൃക്ഷത്തിന് അതിര്‍ത്തിയായി ഉണ്ടായിരുന്നത്
കല്പനകളുടെ വെറും വാക്കുകളായിരുന്നു.
എന്നാല്‍ ഇപ്പോള്‍ ക്രോബേമാലാഖയും
മൂര്‍ച്ചയുള്ള വാളും പറുദീസായുടെ മതിലായിതീര്‍ന്നു.[33]

---

32. ലേവ്യ. 16; എബ്രാ. 9:7

33. ഉല്പ. 3:24

www.malankaralibrary.com



*പ്രതിസ്തോത്രം: നിൻെറ കൃപയാൽ നിൻെറ പറുദീസായിൽ പ്രവേശിക്കാൻ എന്നെ യോഗ്യനാക്കണമെ.*

**2.** അതിനോടു സദൃശ്യമുള്ളവരെ മാത്രം
സ്നേഹിക്കുന്ന അതിവിശുദ്ധസ്ഥത്തേക്ക്
തൻെറ എല്ലാ മാലിന്യങ്ങളോടുംകൂടെ
പ്രവേശിക്കാൻ ആദാം ശ്രമിച്ചു.
ആ ആന്തരിക കൂടാരത്തിലേക്ക് കടക്കാനും
അവൻ ധാർഷ്ഠ്യം കാണിച്ചതിനാൽ
ബാഹ്യകൂടാരത്തിൽപോലും പ്രവേശിക്കാൻ
ദൈവം അവനെ അനുവദിച്ചില്ല.
ജീവൻ നിറഞ്ഞ ആ കടൽ അതിനുള്ളിൽ
ഒരു ജഡം കണ്ടപ്പോൾ
അത് അവിടെ ഇട്ടേക്കാതെ
അതിനെ ഉടനെ പുറംതള്ളി.

**3.** മോശ ഇതിൻെറ ഒരു പ്രതീകം
എബ്രായരുടെ ഇടയിൽ വരച്ചുകാട്ടി.
കൂടാരത്തിനുള്ളിൽ ഒരാൾ കുഷ്ഠരോഗി ആയാൽ,
അവനെ അതിൽ നിന്ന് പുറത്താക്കി അകറ്റി നിർത്തിയിരുന്നു;
കുഷ്ഠം നീങ്ങി അയാൾ അപേക്ഷകൾ സമർപ്പിക്കുമ്പോൾ
പുരോഹിതൻ ഈസോപ്പും രക്തവും ജലവുംകൊണ്ട്
അയാളെ ശുദ്ധീകരിക്കുന്നു.
അപ്പോൾ അയാൾ തൻെറ വാസസ്ഥാനത്ത് തിരികെ എത്തി
തൻെറ അവകാശം സ്വന്തമാക്കുന്നു.[34]

**4.** ആ മനോഹരമായ തോട്ടത്തിൽ ആദാം അതിപരിശുദ്ധനായിരുന്നു.
എന്നാൽ സർപ്പം അവൻെറ മേൽ ഊതിയതിനാൽ,
അവൻ കുഷ്ഠരോഗിയും പുറംതള്ളപ്പെട്ടവനും ആയിത്തീർന്നു.
തോട്ടം അയാളെ അതിൻെറ മധ്യത്തിൽനിന്നു പുറത്താക്കി.
പ്രകാശിച്ചുകൊണ്ട്, അത് അവനെ പുറത്താക്കി.

---

34. ലേവ്യ. 13:46; 14:1-9

www.malankaralibrary.com



പരമോന്നത പുരോഹിതൻ,[35] തന്നിൽനിന്ന്
പുറത്താക്കപ്പെട്ടവനെ കണ്ടു;
അവൻ താണിറങ്ങി അവൻെറ പക്കലേക്കു വന്നു.
അവനെ ഈസോപ്പുകൊണ്ടു കഴുകി
പറുദീസായിലേക്ക് അവനെ തിരികെ ആനയിച്ചു.

5. ആദാം നഗ്നനായിരുന്നെങ്കിലും കോമളനായിരുന്നു;
എന്നാൽ അവൻെറ ശുഷ്കാന്തിയുള്ള ഭാര്യ
അവനുവേണ്ടി ബുദ്ധിമുട്ടി കറപുരണ്ട ഒരു വസ്ത്രം ഉണ്ടാക്കി.
അവനെ ഇപ്രകാരം നിന്ദ്യനായി കണ്ട തോട്ടം അവനെ ഓടിച്ചു.
കള്ളനെ അലങ്കരിച്ച[36] മറ്റൊരു വസ്ത്രം
മറിയത്തിലൂടെ ആദത്തിനു ലഭിച്ചു.
മിശിഹായുടെ വാഗ്ദാനത്തിലൂടെ
അവൻ പ്രശോഭിതനായപ്പോൾ
തോട്ടം അവനെ നോക്കിക്കൊണ്ട്
ആദത്തിൻെറ സ്ഥാനത്ത് അവനെ
ആലിംഗനം ചെയ്തു.

6. സംശയിച്ച മോശ വാഗ്ദാനഭൂമി ദർശിച്ചെങ്കിലും
അതിൽ പ്രവേശിച്ചില്ല.[37]
യോർദാൻ അതിർത്തിയായി വർത്തിച്ചു.
ആദത്തിനു വഴിതെറ്റി, ജീവൻെറ തോട്ടം വിട്ടിറങ്ങി.
ക്രോബേമാലാഖാ ഒരു വേലിയായിത്തീർന്നു.
നമ്മുടെ കർത്താവിൻെറ കരങ്ങളാണ്
രണ്ട് അതിർത്തികളും വച്ചത്.
എന്നാൽ ഉത്ഥാനത്തിൽ അവർ ഇരുവരും അകത്തുകടന്നു.
മോശ വാഗ്ദത്തനാട്ടിലും ആദം പറുദീസായിലും.

---

35. എബ്രാ. 9:11
36. ലൂക്കാ 23:43: മനുഷ്യവർഗത്തിന് ക്രിസ്തു മെനഞ്ഞ വസ്ത്രം ധരിച്ചുകൊണ്ട് വീണ്ടും പറുദീസായിലേക്കു കടന്ന ആദ്യമനുഷ്യൻ വലത്തുഭാഗത്തെ കള്ളനാണ്. അവൻ മനുഷ്യകുലത്തെ പ്രതിനിധീകരിക്കുന്നു.
37. ആവ. 22:50-52; 34:4

www.malankaralibrary.com



7. ആന്തരിക പറുദീസായെ വിവരിക്കാൻ
എന്റെ നാവ് അശക്തമാണ്.
ബാഹ്യഭാഗത്തിന്റെ സൗന്ദര്യത്തിനും
യഥാർത്ഥത്തിൽ അതു മതിയാകയില്ല.
കാരണം, തോട്ടത്തിന്റെ വേലിയുടെ
വെറും അലങ്കാരങ്ങൾപോലും
മതിയാംവണ്ണം വിവരിക്കാൻ കഴിയുന്നതല്ല.
എന്തുകൊണ്ടെന്നാൽ
പറുദീസായുടെ നിറങ്ങൾ സന്തോഷപൂർണമാണ്.
അതിന്റെ സൗരഭ്യം ആമോദകരംതന്നെ.
അതിന്റെ സൗന്ദര്യം അതികാമ്യമാണ്.
അതിന്റെ സ്വാദ് മോഹനീയവും.

8. വേലിക്കരികിലെ നിക്ഷേപം
താഴ്ന്നതരമാണെങ്കിലും,
ലോകംമുഴുവനുമുള്ള മറ്റെല്ലാ നിക്ഷേപങ്ങളെയും
അത് ഉല്ലംഘിക്കുന്നതാണ്;
കൊടുമുടിയുടെ ഉയരത്തിലെ
നിക്ഷേപവുമായി താരതമ്യപ്പെടുത്തിയാൽ
ചരിവുപ്രദേശങ്ങളിലേത് താഴ്ന്നതരമായിരിക്കുന്നതുപോലെ,
താഴെ സമതലത്തിൽ ജീവിക്കുന്ന
നാം സൗഭാഗ്യകരം എന്നു കരുതുന്നവയെക്കാൾ
വേലിക്കരികിലുള്ള സൗഭാഗ്യാവസ്ഥ
കൂടുതൽ മഹനീയവും ഉന്നതവുമാണ്.

9. എന്റെ നാവിന്റെ വിവരണത്തിന്
അതീതമായ ഒരു വിഷയം
കൈകാര്യം ചെയ്യാൻ ഉദ്യമിച്ചതിനാലും,
അങ്ങനെ അതിന്റെ കഴിവുകേടുകൊണ്ട് ആ ഔന്നത്യത്തെ
ചെറുതാക്കിയതിനാലും നിങ്ങൾ കോപിക്കരുത്.
അതിന്റെ സൗന്ദര്യം പ്രതിബിംബിപ്പിക്കാൻ പറ്റിയ
ഒരു കണ്ണാടിയും ഇല്ലാത്തതിനാലും,
അതിനെ വരയ്ക്കാൻ പറ്റിയ ചായങ്ങൾ ഇല്ലാത്തതിനാലും,

www.malankaralibrary.com



എന്‍റെ ഉദ്യമം നിരസിക്കപ്പെടാതിരിക്കട്ടെ.
കാരണം, നമുക്കു പ്രയോജനം ഉണ്ടാകാനായി,
പറുദീസായെപ്പറ്റിയുള്ള എന്‍റെ വിവരണം
എഴുതാനായി ഞാന്‍ അധ്വാനിച്ചു.

**10.** ദുഃഖിതര്‍ക്ക് അതില്‍ ആശ്വാസം കണ്ടെത്താനാവും.
ശിശുക്കള്‍ അതുവഴി പ്രബോധിതരാകും.
ശുദ്ധര്‍ അതിലൂടെ പ്രകാശിതരാകും.
ആവശ്യക്കാര്‍ക്ക് വേണ്ടവ അതില്‍ നിന്നു കിട്ടും.
അതുകൊണ്ട് അവരിലോരോരുത്തനും
തന്‍റെ നാണയത്തുട്ട് എന്‍റെ നേര്‍ക്ക് എറിയട്ടെ.[38]
അവരെല്ലാവരും എനിക്കുവേണ്ടി ഏദനില്‍ അപേക്ഷിക്കട്ടെ.
അങ്ങനെ, എന്‍റെ കഴിവനുസരിച്ച് ഞാന്‍ സംസാരിച്ച
ആ സ്ഥലത്ത് ഞാന്‍ പ്രവേശിക്കാന്‍ ഇടയാകട്ടെ,
ഹൃദയം തകര്‍ന്നവര്‍, അതു വാഗ്ദാനം
ചെയ്യുന്ന സമ്പത്തില്‍ തല്‍പരരാകട്ടെ.

**11.** എല്ലാം അറിയുന്നവനേ, എന്‍റെ
നല്ല ഉദ്ദേശ്യത്തെ നീ വിധിക്കരുതേ.
എല്ലാറ്റില്‍ നിന്നും മറിഞ്ഞിരിക്കുന്ന നീ
എന്‍റെ അന്വേഷണം കുറ്റമുള്ളതായി കണക്കാക്കരുതേ;
കാരണം, എല്ലാറ്റില്‍ നിന്നും മറഞ്ഞിരിക്കുന്ന
നിന്‍റെ ജനനത്തെപ്പറ്റി
സംസാരിക്കാന്‍ ഞാന്‍ മുതിര്‍ന്നില്ല.
നിശബ്ദതയില്‍ ഞാന്‍ വചനത്തിനു ചുറ്റും നടന്നതേയുള്ളു.
എങ്കിലും നിന്‍റെ ജനനത്തെ ഞാന്‍ ബഹുമാനിച്ചതിനാല്‍
നിന്‍റെ പറുദീസായില്‍ വസിക്കാന്‍ എന്നെ അനുവദിച്ചാലും.
നിന്നെ സ്നേഹിക്കുന്ന എല്ലാവരില്‍ നിന്നും
നിന്‍റെ നിഗൂഢതയ്ക്കു സ്തുതി ഉണ്ടായിരിക്കട്ടെ.

38. മര്‍ക്കോ. 12:42; അപ്രേം തന്നെത്തന്നെ ഒരു യാചകനായി ഇവിടെ ചിത്രീകരിക്കുന്നു.

www.malankaralibrary.com



# ഗീതം ൫

1. സ്രഷ്ടാവിൻെറ വചനത്തെ ഞാൻ ധ്യാനിച്ചു;
മരുഭൂമിയിൽ ഇസ്രായേൽ ജനത്തിൻെറ കൂടെ
സഞ്ചരിച്ച പാറയുമായി ഞാൻ
അതിനെ സാമ്യപ്പെടുത്തി.[39]
നിറഞ്ഞുകിടന്ന ജലസംഭരണിക്കുള്ളിൽ നിന്നല്ല
അവർക്കായി മഹനീയ ഉറവകൾ ഒഴുക്കിയത്.
പാറയിൽ ജലം ഇല്ലായിരുന്നു.
എങ്കിലും വചനം ഇല്ലായ്മയിൽ നിന്ന്
സൃഷ്ടവസ്തുക്കളെ ഉണ്ടാക്കിയതുപോലെ
കടലുകൾ അതിൽ നിന്നു പൊട്ടിപ്പുറപ്പെട്ടു.

*പ്രതിസ്തോത്രം: നിൻെറ പറുദീസാ അവകാശപ്പെടുത്താൻ യോഗ്യനായവൻ ഭാഗ്യവാൻ.*

2. പ്രകൃതിയും തിരുലിഖിതവും
സ്രഷ്ടാവിനു സാക്ഷ്യം വഹിക്കാനായി
സ്വാഭാവിക ലോകത്തിൻെറ സൃഷ്ടിയെപ്പറ്റി
തൻെറ ഗ്രന്ഥത്തിൽ മോശ വിവരിച്ചു:[40]
പ്രകൃതി മനുഷ്യൻെറ ഉപയോഗത്താലും
തിരുലിഖിതം വായനയാലും.
എല്ലായിടത്തും എത്തുന്ന സാക്ഷികളാണിവ.
സ്രഷ്ടാവിനെ ദുഷിക്കുന്ന അവിശ്വാസികളെ
നിശബ്ദരാക്കിക്കൊണ്ട് അവ എല്ലാക്കാലത്തും
എല്ലാനേരത്തും സന്നിഹിതമാണ്.

---

39. 1 കൊറി. 10:4

40. യോഹ. 8:17; Hymns against Heresies, 28/11.

www.malankaralibrary.com



3. ഞാൻ ഈ ഗ്രന്ഥത്തിൻെറ ആരംഭം
വായിച്ച്, സന്തുഷ്ടനായി.
എന്തുകൊണ്ടെന്നാൽ അതിൻെറ വാചകങ്ങളും വരികളും
എന്നെ സ്വാഗതം ചെയ്യാൻ
അവയുടെ കൈകൾ വിരിച്ചു പിടിച്ചു.
ഒന്നാമത്തേത് ഓടി വന്ന് എന്നെ ആലിംഗനം ചെയ്തു.
അതെന്നെ അടുത്തതിലേക്കു നയിച്ചു.
പറുദീസായുടെ കഥ രേഖപ്പെടുത്തിയിരിക്കുന്ന
ആ വാചകത്തിൽ ഞാൻ എത്തിയപ്പോൾ
പുസ്തകത്തിൻെറ മടിത്തട്ടിൽ നിന്ന്
പറുദീസായുടെ മടിത്തട്ടിലേക്കുതന്നെ
അത് എന്നെ ഉയർത്തുകയും സംവഹിക്കുകയും ചെയ്തു.

4. ഒരു പാലത്തിലൂടെ എന്നവണ്ണം
കണ്ണും മനസും വരികളിലൂടെ സഞ്ചരിക്കുകയും
പറുദീസായുടെ കഥയിലേക്ക്
ഒന്നിച്ചു കടക്കുകയും ചെയ്തു.
കണ്ണ് വായിച്ചുകൊണ്ട് മനസിനെ വഹിച്ചു.
അതിനുപകരം മനസ് വായനയിൽ നിന്ന്
കണ്ണിനു വിശ്രമം നൽകി.
കാരണം, പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ
കണ്ണിനു വിശ്രമം കിട്ടി;
എന്നാൽ മനസാകട്ടെ കർമനിരതമായിരുന്നു.

5. ഞാൻ ഈ ഗ്രന്ഥത്തിൽ പറുദീസായുടെ
പാലവും വാതിലും കണ്ടു.
ഞാൻ കടന്ന് അതിൽ പ്രവേശിച്ചു.
എൻെറ കണ്ണുകൾ പുറത്തുനിന്നു
എന്നാൽ എൻെറ മനസ്സ് അകത്തുകടന്നു.
വിവരിച്ചിട്ടില്ലാത്ത സംഗതികളുടെ ഇടയിൽകൂടെ
ഞാൻ അലഞ്ഞുതിരിയാൻ തുടങ്ങി.
ഇത് സുവ്യക്തവും മഹോന്നതവും മനോഹരവും ആയ
ഒരു പ്രകാശഗോപുരമാണ്.

www.malankaralibrary.com



എല്ലാ നന്മകളുടെയും മകുടമായ ഇതിനെ
തിരുലിഖിതം ഏദൻ എന്നു വിളിച്ചു.[41]

6. സുഗന്ധദ്രവ്യങ്ങൾ ഇറ്റിറ്റു വീഴുന്നതും
നറുമണം പരത്തുന്നതും
ഫലസമൃദ്ധമായതും പുഷ്പങ്ങളാൽ നിറഞ്ഞതുമായ
നീതിമാന്മാരുടെ വള്ളിക്കുടിലുകൾ ഞാൻ അവിടെ കണ്ടു.
ഓരോരുത്തരുടെയും പ്രവൃത്തികൾക്കനുസൃതമായിട്ടാണ്
ഓരോരുത്തരുടെയും വള്ളിക്കുടിൽ.
അങ്ങനെ ഒരാൾക്ക് കുറച്ച് അലങ്കാരങ്ങളും
മറ്റൊരാൾക്ക് സൗന്ദര്യത്തികവും ഉണ്ടായിരുന്നു.
ഒന്നിന് മങ്ങിയ നിറമായിരുന്നു;
മറ്റൊന്ന് മഹത്ത്വത്തിൽ വെട്ടിത്തിളങ്ങി.

7. എല്ലാ നീതിമാന്മാർക്കും പാർക്കാൻ തക്കവിധം
പറുദീസായ്ക്കു വേണ്ടത്ര വലിപ്പം ഉണ്ടോ എന്നും
ഞാൻ ആരാഞ്ഞു.
തിരുലിഖിതത്തിൽ രേഖപ്പെടുത്തിയിട്ടില്ലാത്തവയെപ്പറ്റി
ഞാൻ ആരാഞ്ഞു.
എന്നാൽ അവിടെ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നാണ്
എനിക്കു പ്രബോധനം ലഭിച്ചത്.
എല്ലാത്തരം ചെകുത്താന്മാരും പാർപ്പുറപ്പിച്ച
മനുഷ്യനെപ്പറ്റി ചിന്തിക്കുക.[42]
അവർ ഇല്ലെന്നു തോന്നിയിരുന്നെങ്കിലും അവിടെയുണ്ടായിരുന്നു.
കാരണം, ആത്മാവിനെക്കാൾ സൂക്ഷ്മമായ യാഥാർത്ഥ്യമാണ്
അവരുടെ സൈന്യത്തിന്റെ സൃഷ്ടപദാർത്ഥം.

8. ആ സൈന്യം മുഴുവൻ ഒരൊറ്റ ശരീരത്തിൽ പാർത്തു.
ഉത്ഥാനത്തിൽ നീതിമാന്മാർ ഉയിർത്തെഴുന്നേൽക്കുമ്പോൾ,
അവരുടെ ശരീരങ്ങൾ നൂറു മടങ്ങ്
സൂക്ഷ്മവും ലോലവും ആയിരിക്കും.

41. ഉല്പ. 2:8
42. മർക്കോ. 5:9

www.malankaralibrary.com



തനിക്കിഷ്ടമായ രീതിയിൽ വികസിക്കാനും
ചുരുങ്ങാനും കഴിവുള്ള മനസിനു തുല്യമാണവർ.
അതു ചുരുങ്ങുമ്പോൾ അത് ഒരിടത്താണ്.
അതു വികസിക്കുമ്പോൾ അത് എല്ലായിടത്തുമാണ്.

**9.** ഒരു ഭവനത്തിൽ ആയിരക്കണക്കിന്
രശ്മികളോടുകൂടിയ വിളക്കുകൾക്ക്
എപ്രകാരം സ്ഥിതിചെയ്യാൻ കഴിയും എന്നും
പുഷ്പിക്കലിൽ എപ്രകാരം പതിനായിരം മണമുണ്ടാകാൻ
കഴിയും എന്നും ശ്രദ്ധിച്ചു ഗ്രഹിക്കുക.
ഒരു ചെറിയസ്ഥലത്ത് അവ സ്ഥിതി ചെയ്യുന്നെങ്കിലും
അവയ്ക്കു പ്രസരിക്കാൻ ആവശ്യമായ സ്ഥലം ഉണ്ട്.
അപ്രകാരം ആണ് പറുദീസാുടെ കാര്യത്തിലും.
അതു മുഴുവൻ ആത്മീയജീവികൾ ആണെങ്കിലും
അവർക്കു പാർക്കാൻ ആവശ്യമായ ഇടം അവിടെയുണ്ട്.

**10.** വീണ്ടും, ഹൃദയത്തിൻെറ ഒരു ചെറിയകോണിൽപോലും
സംഖ്യാതീത ചിന്തകൾ വസിക്കുന്നു.
എങ്കിലും അവയ്ക്കെല്ലാം ആവശ്യത്തിന് ഇടമുണ്ട്.
അവിടെ അവ പരസ്പരം ഞെരുക്കുന്നില്ല.
അവയെ ആരും ഞെരുക്കുന്നുമില്ല.
ചിന്തകൾക്കുപോലും സ്പർശിക്കാനാവാത്തവിധം
സത്തയിൽ ശ്രേഷ്ഠരായ ആത്മീയജീവികൾക്ക്
പറുദീസാ എത്രമാത്രം മഹനീയമായി മതിയായിരിക്കും!

**11.** എൻെറ കഴിവനുസരിച്ച് സ്തുതികളർപ്പിച്ച്
ഞാൻ ഏതാണ്ട് അവസാനിപ്പിക്കാറായിരുന്നു.
പെട്ടെന്ന് ഏതോ ക്യാമ്പിലെ കാഹളധ്വനിപോലെ
പറുദീസായുടെ മധ്യത്തിൽ നിന്ന് ഞാൻ ഒരിടിനാദം, കേട്ടു:
"പരിശുദ്ധൻ" എന്ന് മൂന്നു പ്രാവശ്യം
അട്ടഹസിക്കുന്ന ഒരു ശബ്ദം[43]

43. ഏശാ. 6:3

www.malankaralibrary.com



ദൈവത്വം പറുദീസായിൽ സ്തുതിക്കപ്പെടുന്നു എന്ന്
ഇപ്രകാരം ഞാൻ മനസിലാക്കി.
പറുദീസാ ശൂന്യമായിരിക്കുമെന്നു ഞാൻ കരുതിയിരുന്നു;
എന്നാൽ ഇടിമുഴക്കത്താൽ,
മറിച്ചാണെന്നു ഞാൻ ഗ്രഹിച്ചു.

12. പറുദീസാ അതിന്റെ ശാന്തതയാലും
സൗന്ദര്യത്താലും എന്നെ സന്തുഷ്ടനാക്കി;
പരിപാവനമായ ഒരു സൗന്ദര്യം അതിൽ വസിക്കുന്നു;
ഭയമെന്തെന്നറിയാത്ത സമാധാനം അതിൽ ഉണ്ട്.
അവകാശമായിട്ടല്ലെങ്കിലും
കുറഞ്ഞപക്ഷം കൃപയാലെങ്കിലും
സദ് പ്രവൃത്തികളാലല്ലെങ്കിലും
കുറഞ്ഞപക്ഷം കാരുണ്യത്താലെങ്കിലും
അതു സ്വീകരിക്കാൻ യോഗ്യനാക്കപ്പെട്ടയാൾ
എത്രയോ ഭാഗ്യമുള്ളവൻ.

13. പറുദീസായുടെ അതിർത്തികൾ കടന്നപ്പോൾ
ഞാൻ അത്ഭുതപരതന്ത്രനായി.
പിൻതിരിഞ്ഞ് പിറകിൽ നിന്ന ഒരു സ്നേഹിതനെപ്പോലെ
എത്ര സമൃദ്ധമാണ് അത്.
മുള്ളുകൾ നിറഞ്ഞ[44] ഭൂമിയുടെ തീരത്ത്
ഞാൻ എത്തിയപ്പോൾ,
എല്ലാത്തരം വേദനകളും പീഡകളും
ഞാൻ അഭിമുഖീകരിച്ചു.
പറുദീസായുമായി താരതമ്യപ്പെടുത്തിയപ്പോൾ
നമ്മുടെ വാസസ്ഥലം വെറുമൊരു ചാണകക്കുഴി
ആണെന്ന് ഞാൻ ഗ്രഹിച്ചു.
എങ്കിലും അതിനുള്ളിലെ തടവുകാർ
അതു വിട്ടുപോകുമ്പോൾ കരയുന്നു.

---

44. ഉല്പ. 3:18

www.malankaralibrary.com



14. ഉദരത്തില്‍ നിന്നു പുറത്തുവരുമ്പോള്‍
ശിശുക്കള്‍പോലും കരയുന്നതില്‍ ഞാന്‍ അത്ഭുതപ്പെട്ടുപോയി.
ഇരുട്ടില്‍ നിന്ന് പ്രകാശത്തിലേക്കും
ശ്വാസംമുട്ടലില്‍ നിന്ന് ഈ ലോകത്തിലേക്കും
കടക്കുന്നതിനാലാണ് അവര്‍ കരയുന്നത്.
അതുപോലെ മരണവും
ഈ ലോകത്തിന് ജനനത്തിന്‍െറ പ്രതീകമാണ്.
എങ്കിലും വേദനനിറഞ്ഞ ഈ ലോകത്തില്‍ നിന്ന്
ശോഭായമാനമായ തോട്ടത്തിലേക്ക്
ജനിക്കുമ്പോള്‍ ജനങ്ങള്‍ കരയുന്നു.

15. പറുദീസായുടെ നാഥനേ, എന്‍െറമേല്‍ ദയയുണ്ടാകണമെ.
നിന്‍െറ പറുദീസായില്‍ പ്രവേശിക്കാന്‍
എനിക്കു സാധിക്കുകയില്ലെങ്കില്‍,
അതിന്‍െറ ആവൃതിക്കുള്ളില്‍,
വെളിയില്‍ നിന്നു കൊണ്ട് അതു ദര്‍ശിക്കാന്‍
എന്നെ അനുവദിച്ചാലും.
അതിനുള്ളില്‍ പരിശ്രമശാലികള്‍ക്കു മേശ വിരിച്ചാലും.
അതിനുള്ളിലെ പഴങ്ങള്‍,
അപ്പക്കഷണങ്ങള്‍പോലെ പുറത്തേക്ക്
പാപികള്‍ക്കായി പൊഴിഞ്ഞുവീഴുകയും
നിന്‍െറ കൃപയാല്‍ അവര്‍ ജീവിക്കുകയും ചെയ്യട്ടെ.[45]

# ഗീതം VI

1. എല്ലാ തിരുലിഖിതങ്ങളും സുവ്യക്തമാക്കുന്ന
പ്രബോധനത്തിന്‍െറ താക്കോലുകള്‍
എന്‍െറ നയനങ്ങള്‍ക്കു മുമ്പില്‍ സൃഷ്ടയുടെ പുസ്തകം,
പേടകത്തിന്‍െറ ഭണ്ഡാഗാരം,
നിയമത്തിന്‍െറ കിരീടം, തുറന്നു തന്നു.

45. മത്താ. 15:27

www.malankaralibrary.com



ഈ ഗ്രന്ഥം മറ്റ് ഗ്രന്ഥങ്ങളെക്കാൾ ഇതിന്റെ വിവരണത്തിൽ
സ്രഷ്ടാവിനെ കാട്ടിത്തരികയും
അവിടുത്തെ പ്രവൃത്തികൾ വിവരിക്കുകയും ചെയ്യുന്നു.
ഇത് അവിടുത്തെ എല്ലാ കരവേലകളും
മനസിൽ ചിത്രീകരിക്കുകയും
അവിടുത്തെ മനോഹരകർമ്മങ്ങൾ
കാട്ടിത്തരികയും ചെയ്യുന്നു.

*പ്രതിസ്തോത്രം: തന്റെ കുരിശാൽ പറുദീസാ കുത്തി തുറന്നവൻ[46]*
*വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** തിരുലിഖിതം എന്നെ പറുദീസായുടെ ഗേറ്റിങ്കലെത്തിച്ചു.
അതിൽ പ്രവേശിച്ചപ്പോൾ ആത്മീയ സ്വഭാവമുള്ള മനസ്
അത്ഭുതത്താലും ആശ്ചര്യത്താലും സ്തബ്ധമായിപ്പോയി.
അതിന്റെ ശ്രേഷ്ഠതരമായ നിക്ഷേപങ്ങൾ ഉൾക്കൊള്ളാനോ
അതിന്റെ രുചികൾ തിരിച്ചറിഞ്ഞ്
അതിന്റെ നിറങ്ങൾക്ക് സാമ്യം കണ്ടെത്താനോ
അവയെ വാക്കുകളിൽ വിവരിക്കത്തക്കവിധം
അതിന്റെ സൗന്ദര്യം ആസ്വദിക്കാനോ
ഇന്ദ്രിയങ്ങൾക്കു കഴിയാഞ്ഞതിനാൽ
ബുദ്ധി ബലഹീനമാകുകയും ക്ഷീണിക്കുകയും ചെയ്തു.

**3.** പറുദീസാ അതിന്റെ നിരവധി സന്തുഷ്ടികളാൽ
അവയവങ്ങളെ പൊതിയുന്നു:
കണ്ണുകളെ അതിന്റെ കരവേലകളാൽ
കാതുകളെ അതിന്റെ ശബ്ദങ്ങളാൽ
അധരത്തെയും നാസാരന്ധ്രങ്ങളെയും
അതിന്റെ രസങ്ങളാലും മണങ്ങളാലും.
ഉപവസിക്കുകയും ജാഗരിക്കുകയും ചെയ്തവരുടെ
സംഘത്തിൽ ചേർന്നയാളിനു ഭാഗ്യം;
തങ്ങളുടെ ഉപവാസത്തിനു പ്രതിപകരമായി

---

46. 1 യോഹ. 19:34

www.malankaralibrary.com



അവർ അതിന്റെ സമൃദ്ധമായ പുൽപ്പുറങ്ങളിൽ
സന്തോഷത്തോടെ മേയും.

4. ഞാൻ നോക്കിയപ്പോൾ പറുദീസാ എന്നെ ഉയർത്തി.
ഞാൻ അതേപ്പറ്റി ധ്യാനിച്ചപ്പോൾ അതെന്നെ ധന്യനാക്കി.
ഞാൻ എന്റെ ദരിദ്രാവസ്ഥ വിസ്മരിച്ചു.
കാരണം, അതെന്നെ അതിന്റെ സൗരഭ്യത്താൽ ഉന്മത്തനാക്കി.
ഞാൻ എന്റെ പഴയ മനുഷ്യനല്ലാതായിത്തീർന്നു.
കാരണം, വൈവിധ്യമാർന്ന രീതിയിൽ അതെന്നെ നവീകരിച്ചു.
അതിന്റെ മഹനീയ തിരകളിൽ ഞാൻ നീന്തിത്തുടിച്ചു.
ചൂളപോലെ കത്തുന്നിടത്ത്, ആദത്തെ നഗ്നനാക്കിയിടത്ത്,
എന്റെ സർവപാപങ്ങളും മറക്കത്തക്കവിധം
ഞാൻ ലഹരി പിടിച്ചവനായിത്തീർന്നു.

5. പറുദീസായുടെ സൗന്ദര്യത്തിരകൾക്ക്
ഞാൻ അനർഹനായിരുന്നെങ്കിലും,
അതെന്നെ എടുത്ത് കുറേക്കൂടി
വലിയൊരാഴിയിൽ ഇട്ടു.
അതിന്റെ നിർമലസൗന്ദര്യത്തിൽ
അതിനേക്കാൾ സൗന്ദര്യമേറിയവരെ
ഞാൻ ദർശിക്കുകയും ഇപ്രകാരം ചിന്തിക്കുകയും ചെയ്തു:
പറുദീസാ ഇത്ര മഹനീയമെങ്കിൽ,
അതിന്റെ തോട്ടക്കാരന്റെ സാദൃശ്യമായ
ആദം[47] എത്രകൂടുതൽ മഹനീയനായിരിക്കും;
അതിന്റെ നാഥന്റെ പുത്രൻ വാഹനമേറിയ[48]
സ്ലീബാ എത്ര കൂടുതൽ ശ്രേഷ്ഠതരമായിരിക്കും!

6. മനുഷ്യകുലത്തിന്റെ സൃഷ്ടിക്കു വഴിതെളിച്ചതു പറുദീസായല്ല.
മറിച്ച്, ആദത്തിനുവേണ്ടി മാത്രമാണ് പറുദീസാ നിർമിക്കപ്പെട്ടത്.
അതിന്റെ മൊട്ടുകളെക്കാൾ ഉന്നതമാണ് ആദാമിന്റെ ഹൃദയം;

47. ഉല്പ. 1:27

48. See also Hymn on Unleavened Bread, 13/8; Hymn on Faith, 17/8.

www.malankaralibrary.com



അതിൻെറ ഫലങ്ങളെക്കാൾ അവൻെറ വാക്കുകളും.
കാരണം, ബൗദ്ധികസംസാരത്തിന്
പറുദീസായുടെ ഫലങ്ങളെക്കാൾ കൂടുതൽ രുചിയുണ്ട്;
മനുഷ്യകുലത്തിൻെറ സത്യം
അതിൻെറ ഔഷധ സസ്യങ്ങളെ ഉല്ലംഘിക്കുന്നു.
സ്നേഹം, അതിൻെറ നറുമണങ്ങളെക്കാൾ കാമ്യമാണ്.

7. ദൈവം മനോഹര തോട്ടം നട്ടുപിടിപ്പിച്ചു.
അവിടുന്ന് പരിശുദ്ധ സഭയെ സ്ഥാപിച്ചു.[49]
അറിവിൻെറ വൃക്ഷത്തിന്മേൽ, അവിടുന്ന് കല്പന സ്ഥാപിച്ചു.
അവിടുന്ന് ആനന്ദം നൽകി.
എന്നാൽ അവർ ആമോദിച്ചില്ല.
അവിടുന്ന് കല്പന നൽകി;
എന്നാൽ അവർ ഭയചകിതരായില്ല.
അവിടുന്ന് സഭയിൽ തൻെറ വചനം സ്ഥാപിച്ചു.
അതിൻെറ വാഗ്ദാനങ്ങളാൽ അതു സന്തുഷ്ടരാക്കുന്നു.
അതിൻെറ താക്കീതുകളാൽ അത് ഭയം ജനിപ്പിക്കുന്നു.
വചനത്തെ നിന്ദിക്കുന്നവർ നശിക്കുന്നു.
താക്കീതു സ്വീകരിക്കുന്നവർ ജീവിക്കുന്നു.

8. വിശുദ്ധരുടെ സമൂഹം പറുദീസായ്ക്കു സദൃശ്യമാണ്.
എല്ലാവർക്കും ജീവൻ നൽകുന്നവൻെറ ഫലം
എല്ലാദിവസവും[50] അതിൽ നിന്ന് ശേഖരിക്കപ്പെടുന്നു.
എൻെറ സഹോദരരേ, ജീവൻെറ ഔഷധമായിത്തീരാൻ
അതിൽ മുന്തിരിക്കുല മെതിക്കപ്പെടുന്നു.
ശാപത്താൽ സർപ്പം അംഗവിച്ഛേദം
ചെയ്യപ്പെട്ട് കെട്ടപ്പെട്ടു.[51]
പ്രയോജനപ്രദമായ മൗനത്താൽ[52]

49. എഫേ. 5:27
50. അനുദിന കുർബാനസ്വീകരണത്തെപ്പറ്റിയുള്ള പരാമർശം
51. ഉല്പ. 3:14
52. 1 കൊറി. 14:34

www.malankaralibrary.com



ഹവ്വായുടെ വായ് അടച്ചു മുദ്രവയ്ക്കപ്പെട്ടു.
എന്നാൽ അത് ഒരിക്കൽകൂടി
സ്രഷ്ടാവിന്റെ സ്തുതികൾ പാടുന്ന വീണയായി തീർന്നു.

9. വിശുദ്ധരുടെ ഇടയിൽ നഗ്നരായിട്ടാരുമില്ല
കാരണം, അവർ മഹത്ത്വം ധരിച്ചിരിക്കുന്നു.
ആ ഇലകൾ ധരിച്ചവരോ,
ലജ്ജയിൽ നില്ക്കുന്നവരോ ആരുമില്ല.
കാരണം, നമ്മുടെ കർത്താവിലൂടെ
അവർ ആദാമിന്റെയും ഹവ്വായുടെയും വസ്ത്രം
കണ്ടെത്തിയിരിക്കുന്നു.
സർപ്പത്തിന്റെ വിഷത്തിൽ നിന്ന്
സഭ അവളുടെ കാതുകളെ ശുദ്ധീകരിക്കുന്നതുപോലെ
അതു കേട്ട് രോഗികളായിത്തീർന്ന് വസ്ത്രം നഷ്ടപ്പെട്ടവർ
ഇപ്പോൾ നവീകരിക്കപ്പെട്ട് വെണ്മയുള്ളവരായി.[53]

10. പരിശ്രമ രഹിത ശക്തി,
ക്ഷീണമെന്തെന്നറിയാത്ത കരം,
ഈ പറുദീസായെ നട്ടുപിടിപ്പിച്ചു,
പരിശ്രമം കൂടാതെ അതിനെ അലങ്കരിച്ചു.
എന്നാൽ സഭയെ എല്ലാത്തരം ഫലങ്ങളാലും അലങ്കരിക്കുന്നത്
സ്വതന്ത്രേച്ഛയുടെ പരിശ്രമമാണ്.
സ്രഷ്ടാവ് സഭയെ കണ്ടു സന്തുഷ്ടനായി;
അവളുടെ സന്തുഷ്ടിക്കായി
അവിടുന്നു തോട്ടം നട്ടതുപോലെ
അവന്റെ ബഹുമാനത്തിനായി
അവൾ നട്ടുപിടിപ്പിച്ച ആ പറുദീസായിൽ
അവൻ വസിക്കുന്നു.

11. വിവേകമതികൾ തങ്ങളുടെ സ്വന്തം ഫലം വഹിച്ചുകൊണ്ട്
എല്ലാത്തരം ഫലങ്ങളിലും സന്തോഷിക്കുന്ന

53. സ്നാനത്തെപ്പറ്റിയുള്ള പരാമർശം

www.malankaralibrary.com



പറുദീസായെ കണ്ടുമുട്ടാൻ മുന്നോട്ട് ഓടുന്നു.
മഹനീയ കർമങ്ങളോടുകുടി
അവർ ആ തോട്ടത്തിൽ പ്രവേശിക്കുന്നു.
നീതിമാന്മാരുടെ ഫലങ്ങൾ ഔന്നത്യത്തിൽ
തൻെറ സ്വന്തം മരങ്ങളുടെ ഫലങ്ങളെ ഉല്ലംഘിക്കുന്നവയാണെന്നും
ജേതാക്കളുടെ അലങ്കാരങ്ങൾ
തൻേറതിനെ വെല്ലുന്നവയാണെന്നും അതു കാണുന്നു.

12. പറുദീസായിൽ കണ്ടെത്തപ്പെടാൻ അർഹനായവൻ ഭാഗ്യവാൻ
വൃക്ഷങ്ങളുടെ മഹത്ത്വമേറിയ ഫലങ്ങൾ ശ്രേഷ്ഠമാണെങ്കിലും
വിജയികളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ
അവ രണ്ടാം തരമായി തീരുന്നു.
പറുദീസായിലെ പുഷ്പങ്ങൾ ഒന്നാം നിരയിൽ തന്നെ.
എന്നാൽ ശുദ്ധരുടെയും ബ്രഹ്മചാരികളുടെയും
പുഷ്പങ്ങളുടെ ദർശനത്തിൽ
അവ നിഷ്പ്രഭമായിപ്പോകുന്നു.
സൃഷ്ടിയും അതിൻെറ സ്രഷ്ടാവും
അവരുടെ പൂമാലയിൽ സന്തോഷിക്കുന്നു.

13. വൃക്ഷങ്ങളുടെ ഫലങ്ങളെയും ഉല്പന്നങ്ങളെയുംകാൾ,
എല്ലാം അറിയുന്നവന് കൂടുതൽ പ്രീതികരമായത്
നീതിയുടെ ഫലങ്ങളാണ്.
പ്രകൃതിസൗന്ദര്യം മനുഷ്യമനസിനെ ഉയർത്തുന്നു.
പറുദീസാ ബുദ്ധിയെ പ്രകീർത്തിക്കുന്നു.
പൂക്കൾ സുകൃതജീവിതത്തെയും
തോട്ടം സ്വാതന്ത്രേച്ഛയെയും
ഭൂമി മനുഷ്യചിന്തയെയും സ്തുതിക്കുന്നു.
ആദത്തെ മഹത്തായി നിർമിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

14. പറുദീസായുടെ മഹനീയ വിവരണത്തേക്കാൾ
കൂടുതൽ ഉചിതമായിട്ടുള്ളത്
വിജയികളുടെ പോരാട്ടക്കഥ അവതരിപ്പിക്കുന്നതാണ്.
പറുദീസായുടെ തനി സാദൃശ്യത്തിൽ

www.malankaralibrary.com



അവർ സ്വയം അലംകരിച്ചു.
തോട്ടത്തിൻെറ സൗന്ദര്യം അവരിൽ യാഥാർത്ഥ്യമായി.
നമുക്ക് വൃക്ഷങ്ങളെ വിട്ടിട്ട് ജേതാക്കളെപ്പറ്റി പ്രതിപാദിക്കാം.
അവകാശത്തിനുപകരം അവകാശികളെ ആഘോഷിക്കാം.

**15.** പറുദീസായുടെ സൗന്ദര്യം
നമ്മെ അത്ഭുതപരതന്ത്രരാക്കുന്നെങ്കിൽ,
മനസ്സിൻെറ സൗന്ദര്യത്തിൽ
നാം എത്രയധികമായി അത്ഭുതപരതന്ത്രരാകണം:
ഒന്ന്, പ്രകൃതിയുടെ ഉല്പന്നമാണ്; മറ്റത് മനസ്സിൻേറതും.
സ്വതന്ത്രേച്ഛ തോട്ടത്തെക്കുറിച്ച് അസൂയാലുവായി;
അത് അതിൽനിന്നുതന്നെ
വിജയത്തിൻെറ ഫലങ്ങൾ പുറപ്പെടുവിച്ചു.
അതിൻെറ കിരീടങ്ങൾ
പറുദീസായുടെ ശോഭയെ നിഷ്പ്രഭമാക്കുന്നു.

**16.** അവിടെ നീതിമാന്മാരുടെ മോഹനീയ വിരുന്നുകൾ
മനോനയനങ്ങൾക്ക് വെളിപ്പെടുന്നതും ശോഭയേറിയതുമാണ്.
അവരുടെ സ്നേഹിതരും സഹോദരങ്ങളും
സഹപൗരന്മാരുമായി തീരാൻ അവർ നമ്മെ വിളിക്കുന്നു.
എൻെറ സഹോദരരേ, അവരുടെ സഖിത്വത്തിൽ
നിന്ന് നാം അകറ്റപ്പെടാതിരിക്കട്ടെ.
നമുക്ക് അവരുടെ ബന്ധുക്കളായിരിക്കാം
അതിനു പറ്റുന്നില്ലെങ്കിൽ, അയൽക്കാരെങ്കിലും ആയിരിക്കാം.
അവരുടെ വാസഗേഹങ്ങളിൽ സാധിക്കുന്നില്ലെങ്കിൽ,
കുറഞ്ഞപക്ഷം അവരുടെ
വള്ളിക്കുടിലുകൾക്കു ചുറ്റുമെങ്കിലും ആയിരിക്കാം.

**17.** അവരുടെ നിക്ഷേപത്തിൻെറ സമ്പത്തിന്
അർഹനായ വ്യക്തി എത്ര അസൂയാർഹനാണ്;
അവരുടെ സമ്പത്തിൻെറ മട്ടിനുപോലും
അർഹനായ വ്യക്തി എത്ര ഭാഗ്യവാനാണ്.
അവിടെനിന്നും വരുന്ന ഏറ്റവും നിസ്സാര ഭാഗത്തിനെങ്കിലും
എന്നെ അർഹനാക്കണമെ.

www.malankaralibrary.com



ശത്രു എന്നെ കണ്ട് കഠിന ദുഃഖത്തിൽ പതിക്കട്ടെ.
കാരണം, അവൻ എനിക്കായി സജ്ജമാക്കിയിടത്ത്
എന്നെ കാണുമെന്ന് അവർ കരുതി.
നിൻെറ കരുണ എനിക്കായി സജ്ജമാക്കിയിടത്ത്
അവൻ ഇപ്പോൾ എന്നെ കാണട്ടെ.

**18.** അവരുടെ വസ്ത്രം കാണാൻ
അർഹനായ വ്യക്തി ഭാഗ്യവാനാകുന്നു;
അർഹനായി അവരുടെ വിജ്ഞാനം
ശ്രവിച്ച വ്യക്തി ഭാഗ്യവാനാകുന്നു.
മതിയാംവണ്ണം പാനം ചെയ്ത കാതുകൾ ഭാഗ്യമുള്ളവ
അവരുടെ സൗഭാഗ്യാവസ്ഥയിൽ
എത്തിച്ചേർന്നയാൾ ഭാഗ്യവാനാകുന്നു.
ഒന്നാം സ്ഥാനത്ത് ആകുവാൻ അധ്വാനിച്ചയാൾ ഭാഗ്യവാനാകുന്നു.
അവസാനസ്ഥാനത്തെങ്കിലും ആയിരിക്കാനായിപോലും
ഒരു പരിശ്രമവും നടത്താത്തയാളിനു ഹാ, കഷ്ടം.[54]

**19.** നല്ലവൻെറ തിരുമുമ്പാകെ
അവർ ആർക്കുവേണ്ടി മാധ്യസ്ഥ്യം വഹിച്ചുവോ
അയാൾ ഭാഗ്യവാനാകുന്നു.
നീതിമാൻെറ മുമ്പാകെ
അവർ ആരെ എതിർത്തുവോ അവനു ഹാ, കഷ്ടം!
നല്ലവൻ സ്നേഹിക്കുന്നവൻ ഏദനിൽ ആയിരിക്കും.
നീതിമാൻ നിരസിക്കുന്നവൻ പാതാളത്തിലും.
ഏതു നഗരത്തിനെതിരെ
അവർ തങ്ങളുടെ പാദങ്ങളിലെ പൊടി തട്ടിക്കളഞ്ഞുവോ,
അവരുടെ വിധി സോദോമിനെക്കാൾ കഷ്ടതരമായിരിക്കും.[55]
എന്നാൽ അവർ പ്രാർത്ഥിച്ച ഭവനത്തിൽ,
മരിച്ചവർ ഉയിർത്തെഴുന്നേൽക്കും,[56]
എപ്പോഴും ശാന്തി കളിയാടുകയും ചെയ്യും.

---

54. മത്താ. 20:8
55. മത്താ. 10:14-15
56. നട. 20:9-12

www.malankaralibrary.com



**20.** അവർ ഈജിപ്തിലേക്കു പോയി
ക്ഷാമകാലത്ത് ഭക്ഷണം നൽകി.[57]
അവർ അലറുന്ന കടലിലെത്തി
അവർ അതിനെ വടികൊണ്ട് വിജ്ഞാനം പഠിപ്പിച്ചു.[58]
അവർ ചുട്ടുപൊള്ളുന്ന മരുഭൂമിയിലേക്കു കടന്നു
അതിനെ മേഘത്തൂണുകൊണ്ട് അലങ്കരിച്ചു.[59]
ഭയങ്കരമായി ചുട്ടുപഴുപ്പിച്ച തീച്ചൂളയിലേക്ക് അവർ നിപതിച്ചു
അവർ അതിൽ തങ്ങളുടെ പനിമഞ്ഞു തളിച്ചു.
അവർ എറിയപ്പെട്ട കുഴിയിലേക്ക് ഒരു മാലാഖാ കടന്നുചെന്ന്
വന്യമൃഗങ്ങളെ ഉപവാസം പഠിപ്പിച്ചു.[60]

**21.** ഉറ കെട്ടുപോകുന്നതു തടയാൻ
ഉറ കൂട്ടിയ ഉപ്പ്[61] സ്രഷ്ടാവിൻെറ കരങ്ങൾ
ലോകംമുഴുവൻ ചിതറിയിരിക്കുന്നു.
എല്ലാഭാഗത്തുനിന്നും അവിടുത്തെ കരം മണ്ണെടുത്ത്
ആദത്തെ സൃഷ്ടിച്ചതുപോലെ,[62]
ഇപ്പോൾ അവൻ എല്ലാ ഭാഗത്തും ചിതറപ്പെട്ടിരിക്കുന്നു.
ചിതറപ്പെട്ടതിനെ അവിടുത്തെ കരം കൂട്ടിച്ചേർക്കുന്നു;
കൂട്ടിച്ചേർത്തതിനെ ചിതറിക്കുകയും ചെയ്യുന്നു.
കാരണം, പ്രപഞ്ചത്തിൽനിന്ന് ആദത്തിലേക്കും
ആദത്തിൽ നിന്ന് പ്രപഞ്ചത്തിലേക്കുമാണ് മുന്നേറ്റം.

**22.** വിശുദ്ധരെക്കൊണ്ട് കിഴക്ക് പ്രഭാപൂരമായി;
അവരെക്കൊണ്ട് പടിഞ്ഞാറ് ശോഭാമയമായി.

---

57. ഉല്പ. 41:54-57
58. പുറ. 14:16
59. പുറ. 14:19
60. ദാനി. 3:19-28.50; 6:22
61. മത്താ. 5:13
62. സിബില്ലിൻെറ വെളിപാടുകളിൽ (3/24-26): കിഴക്കുനിന്നും (anatole) പടിഞ്ഞാറു നിന്നും (dusis), വടക്കുനിന്നും (arktos), തെക്കുനിന്നും (mesembria) മണ്ണെടുത്ത് ദൈവം ആദത്തെ സൃഷ്ടിച്ചു എന്നാണ് ആദം (Adam) എന്ന് വാക്കിനർത്ഥം.

www.malankaralibrary.com



അവരാൽ വടക്ക് ഉയർത്തപ്പെട്ടിരിക്കുന്നു,
അവരിൽ നിന്ന് തെക്ക് പഠിച്ചിരിക്കുന്നു.
അവർ അന്തരീക്ഷത്തിലേക്കുയർന്ന് അതിനെ തുറന്നു.
അവർ ആഴിയിലേക്കിറങ്ങി അതിനെ പരിശോധിച്ചു.[63]
ഉപമയിലൂടെ ശ്ലീഹാ വെളിപ്പെടുത്തിയ ദിവ്യരഹസ്യം[64]
എല്ലാകോണിലും എത്തിച്ചുകൊണ്ട്[65]
അവർ മനുഷ്യകുലം മുഴുവനിലേക്കും വ്യാപിച്ചിരിക്കുന്നു.
അതിൽ നിന്നു ശക്തി സംഭരിക്കാനായി
സൃഷ്ടി മുഴുവനും അത് സ്വീകരിച്ചിരിക്കുന്നു.

**23.** അവരിൽ ഒരാൾ തൻെറ രഥംകൊണ്ട് ആകാശത്തെ കീറി.[66]
ഒരു ശരീരം തങ്ങളുടെയിടയിൽ അടുത്തയിട വാസമുറപ്പിച്ചു
എന്നു കണ്ട ദൂതന്മാർ അവനെ കണ്ടു സന്തുഷ്ടരായി.
ഒരു ഭൗമികജീവി രഥത്തിൽ കരേറി പ്രകാശം ധരിച്ചതുപോലെ,
തൻെറ കൃപയാൽ കർത്താവ് താഴേക്കു വന്ന് ശരീരം ധരിച്ചു;
ഉയരാഴങ്ങളെ ഭരിപ്പാനായി അവിടുന്നു
പിന്നീട് മേഘാരൂഢനായി കരേറി.[67]

**24.** മാധുര്യമേറിയ നിക്ഷേപം
ഏലിയായിൽ നിക്ഷിപ്തമായിരിക്കുന്നതു കണ്ട്
അഗ്നിമയന്മാരും അരൂപികളുമായ മാലാഖാമാർ
അവനെ സംബന്ധിച്ച് അത്ഭുതസ്തബ്ധരായി.
മണ്ണിൽ നിന്ന് രൂപീകൃതനായവനിൽ ആശ്ചര്യം കൂറി,
അവനെ മെനഞ്ഞവന് നന്ദി പറഞ്ഞു.
അവൻെറ കന്യാത്വം കണ്ട് അവർ സന്തുഷ്ടരായി.
കാരണം, അതു താഴെയുള്ളവരെ ശ്രേഷ്ഠരാക്കി;
മുകളിലുള്ളവരെ അത്ഭുതപ്പെടുത്തി.
അതിൻെറ പോരാട്ടം ധരയിലും കിരീടം പറുദീസായിലുമാണ്.

---

63. 2 കൊറി. 12:3; 11:25
64. റാസ
65. റോമാ 16: 25-26; കൊളോ. 1:25-26.
66. ഏലിയാ 2 രാജാ. 2:11
67. നട. 1:9

www.malankaralibrary.com



25. നിഗൂഢരഹസ്യങ്ങളുടെ നിക്ഷേപങ്ങളെ
വിവേകപൂർവം ധ്യാനിക്കുന്നതുവഴി
സത്യത്തോടു ചേർന്ന സ്നേഹവും പ്രബോധനവും കൊണ്ട്
ബുദ്ധി വളർന്ന് നവീന സംഗതികളിൽ സമൃദ്ധമാകും.
എന്നെ സംബന്ധിച്ച്,
ഞാൻ സ്നേഹിക്കയും പഠിക്കുകയും ചെയ്തു.
വിജയികളുടെ തുറമുഖം പറുദീസായിൽ ഉണ്ട്
എന്ന് എനിക്ക് ഉറപ്പുണ്ട്.
അതു ദർശിക്കാൻ എനിക്ക് അർഹത ലഭിച്ചതിനാൽ
അതിൽ പ്രവേശിക്കാൻ എന്നെ അർഹനാക്കണമെ.

# ഗീതം VII

1. പ്രലോഭനാവസരങ്ങളിൽ
ദൈവത്തിൻെറ വാഗ്ദാനങ്ങളാൽ
നിങ്ങളെന്നെ സാന്ത്വനപ്പെടുത്തുവിൻ.
കാരണം, എല്ലാവർക്കും പ്രതിഫലം നൽകുന്നവൻെറ
വാക്കിൽ വഞ്ചനയില്ല.
തൻെറ വാഗ്ദാനങ്ങളെ സംശയിക്കാൻ
അവിടുത്തെ കലവറ ദരിദ്രമല്ല.
നാം തന്നിൽ വിശ്വസിക്കാനായി അവിടുന്നു
തൻെറ സ്വന്തം പുത്രനെ തന്നെ നമുക്ക് അടിയറവച്ചു.
അവൻെറ ശരീരം നമ്മോടുകൂടെ;
അവൻെറ ഉറപ്പ് നമ്മോടുകൂടെ;
അവൻ വന്ന് തൻെറ താക്കോലുകൾ നമുക്കു തന്നു.
കാരണം അവൻെറ നിക്ഷേപങ്ങൾ നമ്മെയാണ്
കാത്തിരിക്കുന്നത്.

*പ്രതിസ്തോത്രം: തൻെറ താക്കോലുകളാൽ ജീവൻെറ തോട്ടം തുറന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

www.malankaralibrary.com



2. വൈകിട്ട് കണ്ണുകളടച്ച് ലോകം ഉറങ്ങുന്നു.
രാവിലെ അതുണരുന്നു.
പ്രതിഫലം നൽകുന്നവൻെറ അകലം
രാത്രിയുടെ അത്രയും സമയം മാത്രം.
ഇപ്പോൾ പ്രകാശം ഉദിക്കുകയും
അവൻ കടന്നുവരികയും ചെയ്യുന്നു.
എൻെറ സഹോദരരേ, ക്ഷീണിതരാകരുത്;
നിങ്ങളുടെ പോരാട്ടം നീണ്ടുപോകുമെന്നോ,
ഉത്ഥാനം വളരെ വിദൂരസ്ഥമാണെന്നോ കരുതരുത്.
കാരണം, നമ്മുടെ മരണം ഇതാ, നമ്മുടെ പിമ്പിലാണ്;
നമ്മുടെ ഉത്ഥാനം നമ്മുടെ മുമ്പിലും.

3. കരയുന്നവരേ, നിങ്ങൾ സഹിക്കുവിൻ
എന്തുകൊണ്ടെന്നാൽ നിങ്ങൾ പറുദീസാ പ്രാപിക്കും.
അതിൻെറ നീർത്തുള്ളികൾ നിങ്ങളുടെ മാലിന്യം കഴുകിക്കളയും.
അതിൻെറ ശ്രവണം നിങ്ങളെ സുഗന്ധപൂരിതരാക്കും;
നിങ്ങളുടെ അധ്വാനത്തിനുശേഷം
അതിൻെറ സമാശ്വാസം നിങ്ങൾക്കു വിശ്രമം തരും.
അതിൻെറ കിരീടം നിങ്ങൾക്ക് സമാശ്വാസം തരും.
നിങ്ങളുടെ വിശപ്പിന് അതു നിങ്ങൾക്ക് അതിൻെറ ഫലങ്ങൾ തരും.
അതു കഴിക്കുന്നവരെ അത് ശുദ്ധീകരിക്കും.
നിങ്ങളുടെ ദാഹത്തിന് നിങ്ങൾക്കത് സ്വർഗീയപാനീയം നൽകും.
അതു കുടിക്കുന്നവരെ അതു ജ്ഞാനികളാക്കും.

4. ആ സ്ഥലത്തെ നോക്കിയിരിക്കുന്ന ദരിദ്രൻ ഭാഗ്യവാൻ;
അതിൻെറ പുറത്തും അതിനുചുറ്റും
സമ്പത്ത് വാരിവിതറിയിരിക്കുന്നു.
പറുദീസായുടെ മഹനീയഭൂമി അശുദ്ധമാകുന്നതു തടയാൻ
കാൽസെഡൊണിയും മറ്റ് രത്നങ്ങളും[68]
അവിടെ ചിതറിക്കിടക്കുന്നു.

68. എസക്കി. 28:13

www.malankaralibrary.com



അവിടെ ആരെങ്കിലും അമൂല്യരത്നങ്ങളോ ഗോമേദകമോ വച്ചാൽ
ആ വെട്ടിത്തിളങ്ങുന്ന നാടുമായി താരതമ്യപ്പെടുത്തിയാൽ
അവ വൃത്തികെട്ടതും ശോഭാരഹിതവുമായി
മാത്രമേ കാണപ്പെടുകയുള്ളു.

**5.** പുരുഷന്മാരും സ്ത്രീകളും പ്രകാശവസ്ത്രത്താൽ അലംകൃതരാണ്.
നഗ്നത മറയ്ക്കാൻ അവർക്കുണ്ടായിരുന്ന വസ്ത്രങ്ങൾ
മഹത്ത്വത്തിൽ വിഴുങ്ങപ്പെട്ടു.
അവയവങ്ങളുടെ ദുർമോഹങ്ങളെല്ലാം ശമിച്ചിരിക്കുന്നു;
ദുരാഗ്രഹങ്ങളുടെ ഉറവകൾ വറ്റിപ്പോകുന്നു;
കോപം നീക്കപ്പെടുന്നു.
ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു.
മുള്ളുകളാൽ ക്ഷതമേല്ക്കാതെ, ഗോതമ്പുപോലെ
അവർ ഏദനിൽ ജീവിക്കുന്നു.

**6.** അവിടെ കന്യക[69] നൃത്തം വയ്ക്കുന്നു.
കാരണം, രഹസ്യമായി അവളുടെ ചെവികളിലേക്ക്
വിഷം ഒഴിച്ച സർപ്പം ഇപ്പോൾ തകർക്കപ്പെട്ടിരിക്കുന്നു.
അത്തിമരം അവളുടെ പക്കലേക്ക് ഓടിയടുത്ത്
തികഞ്ഞ സന്തോഷത്തിൽ ഉദ്ഘോഷിക്കുന്നു:
നിൻെറ അജ്ഞത നിറഞ്ഞ ശിശുത്വം ദൂരെയെറിയുക
നീ നഗ്നയായി എൻെറ മടിയിൽ ഒളിച്ച ദിവസം
വസ്ത്രംകൊണ്ട് നിൻെറ നഗ്നത മറച്ചവനു സ്തുതി.

**7.** തങ്ങൾ നേടിയെടുത്തവയിൽ യുവാക്കൾ[70]
അവിടെ തുള്ളിച്ചാടുന്നു.
വിവരമില്ലാത്തവരുടെ ഇടയിൽ
കത്തിപ്പടരുന്ന കാമാസക്തി ഉരിഞ്ഞ് ദൂരെയെറിഞ്ഞ
യൗസേപ്പിനെ അത് പറുദീസായിൽ കാണുന്നു.[71]

---

69. കന്യാത്വം എന്നു പദാർത്ഥം
70. യൗവനം എന്ന പദാർത്ഥം
71. ഉല്പ. 39:10

www.malankaralibrary.com



അളയിലെ അണലിയെ കീഴടക്കിയ
ശിശുവിനെയും അതു കാണുന്നു.[72]
സാംസൺ സിംഹത്തെ ജയിച്ചു;
എന്നാൽ ഒരണലി അവനെ കീഴടക്കി
തന്റെ നസ്രായ മുടിക്കെട്ട് നഷ്ടപ്പെടാൻ ഇടയാകത്തക്കവിധം
അവനെ തകർത്തുകളഞ്ഞു.[73]

8. ഗർഭധാരണവും ശാപംമൂലമുള്ള പ്രസവവേദനയും നിമിത്തം[74]
ക്ലേശിച്ചതിനുശേഷം വിവാഹിതർ[75]
അവിടെ വിശ്രമം കണ്ടെത്തുന്നു;
വിലാപത്തോടുകൂടി സംസ്കരിക്കപ്പെട്ട
കുട്ടികൾ കുഞ്ഞാടുകളെപ്പോലെ
പറുദീസായിൽ മേയുന്നത് അത് ഇപ്പോൾ കാണുന്നു.
തങ്ങളുടെ നിരകളിൽ മഹോന്നതരായി,
തങ്ങളുടെ ശോഭയിൽ മഹനീയരായി.
കളങ്കരഹിതരായ മാലാഖമാരുടെ സഖികളെപ്പോലെയാണവർ.

9. പില്ക്കാലഫലങ്ങളായ കുട്ടികൾ
പറുദീസായിൽ എല്ലാറ്റിന്റെയും ആദ്യഫലങ്ങളായി തീരുവാൻ[76]
യൗവനത്വത്തിൽ തന്നെ അവരെ പറിച്ചെടുത്ത
കാരുണ്യവാന് സ്തോത്രം.
അവിടെ ഒരു പുതിയ കാഴ്ചയും കാണാം.
ഈ "ഫലങ്ങൾ" ഫലമുണ്ടാക്കുന്ന
ഉല്പന്നങ്ങളെ പറിച്ചെടുക്കുന്നു.
ആദ്യം ഉണ്ടായവർ ആദ്യഫലങ്ങൾ പറിച്ചെടുക്കുന്നു.
പറിക്കുന്നവനും പറിക്കപ്പെട്ടതും
തങ്ങളുടെ ശുദ്ധതയിൽ ഒരുപോലെയാണ്.

---

72. ഏശാ. 11:8
73. ന്യായാ. 14:6; 16:16-19
74. ഉല്പ. 3:16
75. വിവാഹാവസ്ഥ എന്നു പദാർത്ഥം
76. 14/13 മായി താരതമ്യപ്പെടുത്തുക

www.malankaralibrary.com



**10.** വൃദ്ധരേ[77] പറുദീസായില്‍ നിങ്ങളുടെ
ചിന്തകളെ കേന്ദ്രീകരിക്കുക.
അതിന്‍െറ നറുമണം നിങ്ങളെ യുവത്വം ധരിപ്പിക്കുന്നു.
അതിന്‍െറ മനം കുളിര്‍പ്പിക്കുന്ന സൗരഭ്യം
നിങ്ങളെ യൗവനയുക്തരാക്കുന്നു.
നിങ്ങളെ പൊതിഞ്ഞ അതിന്‍െറ സൗന്ദര്യത്താല്‍
നിങ്ങളുടെ കറകള്‍ നീക്കപ്പെട്ടു.
മോശയില്‍ അവിടുന്ന് നിങ്ങള്‍ക്ക് ഒരുപമ രൂപീകരിച്ചു.
വാര്‍ദ്ധക്യത്താല്‍ ചുക്കിചുളിഞ്ഞ അവന്‍െറ കവിള്‍ത്തടം
സുന്ദരവും പ്രകാശിതവുമായി.[78]
ഏദനില്‍ അതു വീണ്ടും യുവത്വം ധരിച്ചു.

**11.** അവരില്‍ ഒരു കളങ്കവുമില്ല
കാരണം, അവര്‍ ദുഷ്ടത ഇല്ലാത്തവരാണ്.
അവരില്‍ കോപമില്ല
കാരണം, അവര്‍ക്ക് രൗദ്രപ്രകൃതിയില്ല.
അവരില്‍ പരിഹാസം കലര്‍ന്ന വെറുപ്പു കാട്ടലില്ല
കാരണം,അവര്‍ വഞ്ചനയില്ലാത്തവരാണ്.
അവര്‍ ഉപദ്രവം ചെയ്യാന്‍ ഉദ്യമിക്കാറില്ല,
ഉപദ്രവം ഏല്ക്കുന്നുമില്ല.
അവര്‍ അവിടെ ഒരു വിദ്വേഷവും കാട്ടാറില്ല,
കാരണം, അവര്‍ക്കവിടെ അസൂയയില്ല.
അവര്‍ അവിടെ വിധി പ്രസ്താവിക്കുന്നില്ല
കാരണം, അവിടെ പീഡനം ഒന്നുംതന്നെയില്ല.

**12.** തങ്ങള്‍ മഹത്ത്വത്തിലാണെന്ന് കാണുകയും
തങ്ങള്‍ എവിടെയാണെന്നു തിരിച്ചറിഞ്ഞ്
തങ്ങളെക്കുറിച്ചുതന്നെ ജനങ്ങള്‍
ആശ്ചര്യഭരിതരാകുകയും ചെയ്യുന്നു.

---

77. 'വാര്‍ദ്ധ്യക്യമേ' എന്നു പദാര്‍ത്ഥം

78. പുറ. 34:29

www.malankaralibrary.com



ഒരിക്കൽ ക്ലേശം അനുഭവിക്കുകയും
ക്ലേശകരമായിരിക്കുകയും ചെയ്ത
തങ്ങളുടെ ശരീരങ്ങളുടെ പ്രകൃതം
ഇപ്പോൾ പ്രശാന്തവും സ്വസ്ഥവും ആയിരിക്കുന്നു.
പുറത്തുനിന്നു സൗന്ദര്യത്തിലും
ഉള്ളിൽ നിന്ന് ശുദ്ധതയിലും - ശരീരം വെളിവായും
ആത്മാവ് നിഗൂഢരീതിയിലും - പ്രശോഭിതമാകുന്നു.

**13.** ഒരിക്കലും നടക്കാത്ത മുടന്തർ പറുദീസായിൽ കുതിച്ചു ചാടും;
ഒരിക്കലും ഇഴഞ്ഞു നടക്കുകപോലും ചെയ്യാത്ത വിരൂപർ
വായുവിൽകൂടി പറന്നു സഞ്ചരിക്കും;
ജന്മനാ അന്ധരും ബധിരരുമായിരുന്ന്,
പ്രകാശത്തിനായി ദാഹിച്ചിരിക്കുകയും
ലഭിക്കാതിരിക്കുകയും ചെയ്ത കണ്ണുകൾ,
ഇപ്പോൾ പറുദീസായുടെ
സൗന്ദര്യം കാണുന്നതിൽ സന്തോഷിക്കുന്നു;
അതിൻെറ കിന്നരത്തിൻെറ ഗംഭീരനാദം
അവരുടെ കാതുകളെ സമാശ്വസിപ്പിക്കുകയും ചെയ്യുന്നു.

**14.** ഒരു ശാപവും ഉച്ചരിക്കാത്ത,
ഒരു ചീത്തവാക്കും പറയാത്തവൻെറ പേരിൽ
പറുദീസായിലെ അനുഗ്രഹം കൂടുതൽ സന്തോഷിക്കുന്നു.
എപ്പോഴും പരിപാവനമായി
കാത്തുസൂക്ഷിച്ച കണ്ണുകൾ ഉള്ളവനിൽ
പറുദീസായുടെ സൗന്ദര്യം കൂടുതലായി ശ്രദ്ധിക്കുന്നു.
തൻെറ ദുശ്ചിന്തകളെ നിയന്ത്രിച്ചവൻെറ അവയവങ്ങളുടെമേൽ
മാധുര്യത്തിൻെറ ഉറവകൾ വർഷിക്കപ്പെടുന്നു.

**15.** വാടിപ്പോകുന്ന വിവാഹകിരീടം നിരസിച്ച കന്യകയ്ക്ക്
ഇപ്പോൾ, പ്രകാശത്തിൻെറ സന്തതികളെ
സന്തുഷ്ടരാക്കുന്ന ശോഭയുള്ള മണവറയുണ്ട്.
അവൾ ഇരുട്ടിൻെറ പ്രവൃത്തികളെ നിരസിച്ചതിനാൽ
പ്രകാശിതയാകുന്നു.

www.malankaralibrary.com



ഒരേകാന്തഭവനത്തിൽ ഏകാകിനിയായി കഴിഞ്ഞവൾക്ക്
ഇപ്പോൾ കല്യാണവിരുന്ന് സ്വസ്ഥത നൽകുന്നു.
ഇവിടെ മാലാഖമാർ സന്തോഷിക്കുന്നു.
പ്രവാചകന്മാർ സന്തുഷ്ടരാകുന്നു.
ശ്ലീഹന്മാർ ശോഭ വർദ്ധിപ്പിക്കുന്നു.

**16.** ദാനിയേലിന്റെ മുമ്പാകെ രാജാക്കന്മാർ
തങ്ങളുടെ കിരീടങ്ങളോടുകൂടി
താണുവണങ്ങി ബഹുമാനം അർപ്പിച്ചു.
രാജാക്കന്മാരല്ല, വൃക്ഷങ്ങൾ,
ദാനിയേലിന്റെ നിസ്സാരമായ സസ്യാഹാരരീതി
സ്വീകരിച്ച ഉപവാസകരെ,[79] ഇപ്രകാരമുള്ള ഉപവാസകരെ,
തങ്ങളുടെ എല്ലാ സൗന്ദര്യത്തിലും താണു വണങ്ങിക്കൊണ്ടും,
തങ്ങൾ വളരുന്നിടത്തേക്ക് തിരിയാനും
അവരുടെ വാസം തങ്ങളുടെ ഇടയിൽ ആയിരിക്കാനും
അവയുടെ പനിമഞ്ഞിൽ കുളിക്കാനും
അവയുടെ ഫലങ്ങളിൽ സന്തോഷിക്കാനും
ക്ഷണിച്ചുകൊണ്ടും ഉന്നതപ്പെടുത്തുന്നു.

**17.** വിശുദ്ധരുടെ പാദം കഴുകിയവർ
ആ പനിമഞ്ഞിനാൽ കഴുകപ്പെടും.
പാവങ്ങൾക്കു കൊടുക്കാൻ നീട്ടിയ കൈകളിലേക്ക്
വൃക്ഷങ്ങളുടെ ഫലങ്ങൾ തന്നെ നീട്ടും.
രോഗികളെ അവരുടെ ക്ലേശങ്ങളിൽ
സന്ദർശിച്ചവരുടെ പാദാന്തികത്തിലേക്ക്
അവരുടെ പാദം ആദ്യം തന്നെ മുത്തുന്നതിനായി
തിക്കിക്കൊണ്ട് മൊട്ടുകൾകൊണ്ട് അവരെ
കിരീടം ധരിപ്പിക്കാൻ പൂക്കൾ ഓടിയെത്തുന്നു.

**18.** വിവേചനാപൂർവം വീഞ്ഞിൽനിന്ന്
അകന്നിരുന്നയാളുടെ പക്കലേക്ക് കൂടുതൽ സന്തോഷപൂർവം

---

79. ദാനി. 1:12

www.malankaralibrary.com



പറുദീസായിലെ മുന്തിരികൾ ഓരോന്നും തലനീട്ടി
തങ്ങളുടെ മുന്തിരക്കുലകൾ കാട്ടിക്കൊടുക്കും;
കന്യാത്വജീവിതം നയിച്ചവരെയും
അവ തങ്ങളുടെ മടിത്തട്ടിലേക്ക് സ്വാഗതം ചെയ്യും.
കാരണം, അവരെപ്പോലെയുള്ള ഏകാന്തവാസികൾ
ഒരു മടിയിലും ഒരു വിവാഹക്കിടക്കയിലും കിടന്നിട്ടില്ല.

**19.** നമ്മുടെ കർത്താവിനെപ്രതി
വാളാൽ രക്തസാക്ഷി മകുടം ചൂടിയവർ
അവിടെ കിരീടധാരികളായി മഹത്ത്വത്തിൽ പ്രശോഭിക്കും;
കാരണം അവരുടെ ശരീരങ്ങൾ
പീഡകരുടെ അഗ്നിയെ നിന്ദിച്ചുകളഞ്ഞു.
അവർ നക്ഷത്രങ്ങളെപ്പോലെയും[80]
തങ്ങളുടെ ശോഭയുള്ള അമ്മയോടുകൂടി
തങ്ങളുടെ മരണത്തിൽ ദുഷ്ടരാജാവിൻെറ
കോപത്തെ പുച്ഛിച്ചു തള്ളിയ
ആ ഏഴു പ്രകാശസന്തതികളെപ്പോലെയും
പറുദീസായിൽ പ്രശോഭിക്കും.[81]

**20.** വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി അധ്വാനിച്ച
സ്ത്രീകൾക്ക് ഈ സ്ഥലത്തെ സന്തോഷം
ആനന്ദം പ്രദാനം ചെയ്യും:
ഏലിയായെ സ്വീകരിച്ച ആ വിധവ
ഏദൻെറ മാധുര്യം ആസ്വദിക്കുന്നത് അവർ അവിടെ കാണും.
അവൾക്ക് ഉപജീവനത്തിനുള്ളവ നൽകിയ[82]
അവളുടെ കലവും ഭരണിയും എന്ന രണ്ട് ഉറവകൾക്കു പകരം
ഏദനിലെ വൃക്ഷക്കൊമ്പുകൾ അവൾക്കതു പ്രദാനം ചെയ്യും.
പാവപ്പെട്ടവൾക്ക് ഉപജീവനത്തിനുള്ള വക നൽകിയ
എല്ലാ സ്ത്രീകൾക്കും അതു ലഭിക്കും.

80. ദാനി. 12:3
81. 2 മക്ക. 7
82. 1 രാജാ. 17:14

www.malankaralibrary.com



**21.** പറുദീസായിൽ ഉള്ളവയൊന്നും പ്രയോജനരഹിതമല്ല.[83]
പുല്ലും വേരുകളും എല്ലാം പ്രയോജനപ്രദവും
നേട്ടമുള്ളതും ഗുണകരവുമാണ്
അതു രുചിക്കുന്നവർ യൗവനയുക്തരായി തീരുന്നു
അതിൻെറ സൗരഭ്യം ആസ്വദിക്കുന്നവർ സുന്ദരരായി തീരുന്നു
അതിൻെറ പൂമൊട്ടുകളുടെയും പൂക്കളുടെയും മടിത്തട്ടിൽ,
അതു പറിക്കുന്നവർക്ക് ഒരു യഥാർത്ഥ നിക്ഷേപം, ഒരു ദാനം,
നിഗൂഢമായിരിക്കുന്നു.
പറുദീസായിലെ പഴങ്ങൾ ശേഖരിക്കുന്നവർക്ക്
വലിയ സമ്പത്തു സൂക്ഷിച്ചിരിക്കുന്നു.

**22.** അവിടെ ആരും അദ്ധ്വാനിക്കുന്നില്ല,
കാരണം, അവിടാർക്കും വിശക്കുന്നില്ല.
അവിടെ ആരും ലജ്ജിതരാകുന്നില്ല,
കാരണം, അവിടാരും തെറ്റു ചെയ്യുന്നില്ല.
അവിടെ ആർക്കും അനുതാപം തോന്നുന്നില്ല,
കാരണം, അവിടെ അനുതപിക്കാൻ ഒരു കാരണവുമില്ല.
ഓട്ടം തികയ്ക്കുന്നവർ
വിശ്രമവും വിശ്രാന്തിയും അനുഭവിക്കുന്നു.
അവിടെ ആരും പ്രായമാകുന്നില്ല,
കാരണം, അവിടാരും ജനിക്കുന്നില്ല.
അവിടെ ആരെയും അടക്കുന്നില്ല,
കാരണം, അവിടാരും മരിക്കുന്നില്ല.

**23.** അവർക്കവിടെ ദുഃഖമില്ല
കാരണം, അവിടെ വേദനയില്ല, അവർക്കു ഭയമില്ല,
കാരണം, അവർക്കൊരു കെണിയുമില്ല.
അവർക്ക് ഒരു എതിരാളിയുമില്ല
കാരണം, അവർ പോരാട്ടത്തിലൂടെ കടന്നു കഴിഞ്ഞു.
അനന്തമായി അവർ തങ്ങളെത്തന്നെ

---

83. സോളമൻെറ ഗീതകങ്ങൾ 11/23 മായി താരതമ്യപ്പെടുത്തുക

www.malankaralibrary.com



ഭാഗ്യമുള്ളവർ എന്നു കരുതുന്നു,
കാരണം, അവരുടെ യുദ്ധം കഴിഞ്ഞു.
അവർ കിരീടധാരികളായി
തങ്ങളുടെ പുതിയ ഭവനത്തിൽ
വിശ്രമം കണ്ടെത്തിയിരിക്കുന്നു.

**24.** ഞാനും എന്നേപ്പോലെയുള്ളവരും,
എങ്ങനെ വാർദ്ധക്യത്തിലെത്തിയെന്നും,
ഒന്നിനു പിറകെ ഒന്നായി ദുർവ്യയം ചെയ്ത്
ശക്തി ക്ഷയിച്ചുപോയെന്നും[84]
ഞാനറിയാതെ മോഷ്ടിക്കപ്പെട്ടു എന്നും കണ്ടതിനാൽ
എൻെറ സഹോദരങ്ങളേ, ആ സ്ഥലം ദർശിച്ചപ്പോൾ
ഞാൻ കുത്തിയിരുന്നു കരഞ്ഞുപോയി.
കിരീടവും നാമവും[85] മഹത്ത്വവും വസ്ത്രവും
പ്രകാശമണവറയും നഷ്ടമായതിനാൽ
ദുഃഖമെന്നെ പിടികൂടി.
ആ സ്വർഗീയമേശയ്ക്ക് അർഹനായവൻ
എത്ര ഭാഗ്യവാൻ!

**25.** നമ്മുടെ കർത്താവ് ഒരേ അരൂപി എന്ന ദാനം
അവർക്കു നൽകാനായി,
പ്രകാശത്തിൻെറ മക്കളെല്ലാവരും എനിക്കുവേണ്ടി
അവിടെ അപേക്ഷ സമർപ്പിക്കട്ടെ.
അങ്ങനെ അവിടുത്തെ പുതുതായി
സ്തുതിക്കാൻ എനിക്കവസരം ലഭിക്കും.
നിശ്ചയമായും അവിടുത്തെ കരം
സുസജ്ജമായി നീട്ടപ്പെട്ടിരിക്കുന്നു.
നീതിയിലും കൃപയിലും നൽകുന്നവൻ
തൻെറ കാരുണ്യത്തിൻെറ ഭണ്ഡാരത്തിൽനിന്ന്
തൻെറ കാരുണ്യത്താൽ എനിക്കു നൽകട്ടെ.

---

84. സങ്കീ. 89 (90):9
85. ക്രിസ്ത്യാനി എന്ന നാമവും

www.malankaralibrary.com



**26.** മലിനർക്കാർക്കും അവിടെ പ്രവേശനം ഇല്ലെങ്കിൽ,
അതിൻെറ തണലിൽ ഇരുന്നുകൊണ്ട്
അതിൻെറ മതില്ക്കകത്തെങ്കിലും
ജീവിക്കാൻ എന്നെ അനുവദിക്കണമെ.
പറുദീസാ ആ മേശയ്ക്കു തുല്യമാകയാൽ
പുറത്തു വീഴുന്ന അതിലെ
പഴങ്ങളുടെ ഉച്ഛിഷ്ടങ്ങൾ തിന്നാൻ
നിൻെറ കൃപയാൽ എന്നെ അനുവദിക്കണമെ.
അങ്ങനെ, തങ്ങളുടെ യജമാനന്മാരുടെ
മേശകളിൽ നിന്നു വീഴുന്ന
ഉച്ഛിഷ്ടംകൊണ്ട് വയർ നിറയ്ക്കുന്ന
നായ്ക്കളോടുകൂടി ഞാനും ചേരട്ടെ.[86]

**27.** തൻെറ സദ്യയിൽനിന്ന് അവശേഷിച്ചതുപോലും
പാവപ്പെട്ടവനു നൽകാത്ത ധനവാൻെറ ഉപമയിൽനിന്ന്[87]
ഞാൻ അപ്പോൾ എത്രമാത്രം സ്വീകരിച്ചെന്ന് ഞാൻ പഠിക്കട്ടെ.
ലാസർ പറുദീസായിൽ ചെല്ലുന്നതും
ധനവാൻ ക്ലേശിക്കുന്നതും ഞാൻ നോക്കിക്കാണട്ടെ.
അങ്ങനെ, പുറത്തുള്ള നീതിയുടെ ശക്തി
എന്നിൽ ഭയം ജനിപ്പിക്കട്ടെ.
എന്നാൽ എന്നിലുള്ള കൃപയുടെ ശ്വാസം എനിക്ക്
ആശ്വാസം പകരട്ടെ.

**28.** ആ തോട്ടത്തിൻെറ മതിലിനകത്ത് പാർക്കാൻ
എന്നെ അനുവദിച്ചാലും;
അങ്ങനെ ഞാൻ അതിനുള്ളില്ലുള്ളവരുടെ
അയൽക്കാരനായിരിക്കട്ടെ.
അതിനു പുറത്തുള്ളവർ അതിൽ അസൂയപ്പെടുന്നു.
എന്നാൽ ഒരേസമയം സന്തുഷ്ടിയും വേദനയും
ഗേഹെന്നായും തോട്ടവും കാണാൻ ആർക്കാണ് കഴിയുക?

---

86. മത്താ. 15:27

87. ലൂക്കാ 16:19

www.malankaralibrary.com



എൻെറ എല്ലാ പാപങ്ങളെയും പ്രതി
അതിനുള്ളിലുള്ളവരുടെ കിരീടം എന്നെ കുറ്റപ്പെടുത്തട്ടെ;
എൻെറ നേർക്കുള്ള നിൻെറ കരുണ എത്ര വലുതാണെന്ന്
പുറത്തുള്ളവരുടെ ശിക്ഷ എന്നെ പഠിപ്പിക്കട്ടെ.

**29.** രണ്ടുവശത്തേക്കും നോക്കാൻ ആർക്കാണു കഴിയുക?
ദുഷ്ടരുടെ ഭീകരനിലവിളി കേൾക്കാൻ
ആരുടെ കാതുകൾക്കു കഴിയും?
നീതിയുള്ളവൻ നീതിമാൻ ആണെന്ന്
ഗേഹെന്നായിൽ അവർ പ്രഖ്യാപിക്കുന്നു.
നല്ലവരാകട്ടെ തോട്ടത്തിൽ സ്തുതികൾ ആലപിക്കുന്നു.
രണ്ടുവശത്തുള്ളവരും അത്ഭുതത്തോടെ പരസ്പരം നോക്കുന്നു.
ഓരോ വിഭാഗത്തിൻെറയും
വെളിപ്പെടുത്തപ്പെട്ട പ്രവൃത്തികൾ
മറ്റുള്ളവരുടെ പ്രബോധനത്തിനുതകുന്നു.

**30.** ആ ദിവസം എൻെറ സഹോദരങ്ങൾക്ക്
എൻെറ പാപങ്ങൾ വെളിപ്പെടാതിരിക്കട്ടെ.
എങ്കിലും കർത്താവേ, ഇതിനാൽ ഞങ്ങൾ
എത്ര നിന്ദ്യരാണെന്ന് ഞങ്ങൾ കാണിക്കുന്നു;
ഞങ്ങളുടെ പാപങ്ങൾ നിനക്ക് വെളിപ്പെട്ടിരിക്കുന്നെങ്കിൽ,
പിന്നെ ആരിൽനിന്ന് ഞങ്ങൾക്കവ മറയ്ക്കാനാവും?
ഞാൻ അപമാനത്തെ എനിക്കൊരു വിഗ്രഹമാക്കി.
നീ ശക്തിമാനാകയാൽ, നിന്നെ ഭയപ്പെടാൻ
എന്നെ അനുവദിച്ചാലും.
ഞാൻ നിൻെറ മുമ്പാകെ ലജ്ജിച്ച്
എന്നെത്തന്നെ കുറ്റപ്പെടുത്തട്ടെ.
എന്തുകൊണ്ടെന്നാൽ നീ ശാന്തശീലനാകുന്നുവല്ലോ.

**31.** ഒരുവൻെറ അയൽക്കാരൻ അവനു
ദൈവമായി തീരുമ്പോൾ ഓരോ നിമിഷവും അവൻ
അവനെ പ്രസാദിപ്പിക്കാൻ നോക്കുന്നു.
അവൻ തെറ്റു ചെയ്താൽ,
അവൻ അവൻെറ മുമ്പിൽ ലജ്ജിക്കുന്നു.

www.malankaralibrary.com



അവൻ അവന് ദ്രോഹം ചെയ്താൽ, അവൻ ഭയപ്പെടുന്നു.
അവൻ, അവനെന്തെങ്കിലും നന്മ ചെയ്താൽ,
പ്രശംസയ്ക്കുവേണ്ടിയുള്ള അത്യാർത്തിയാൽ
അവൻ ആ നന്മ കളഞ്ഞു കുളിക്കുന്നു.
അത്തരക്കാരൻ ഈ വിധത്തിലെല്ലാം
നികൃഷ്ടനായ ഒരടിമയായിതീരും.
നല്ലവൻ നമുക്ക സ്വാതന്ത്ര്യം നൽകി;
എന്നാൽ നാമത് അടിമത്തമായി മാറ്റി.
ഞങ്ങൾ ഞങ്ങൾക്കായി ഉണ്ടാക്കിയ ഈ കർത്തൃത്വം
നിൻെറ കർത്തൃത്വത്തിനുവേണ്ടി ഞങ്ങൾ വച്ചുമാറട്ടെ.

# ഗീതം VIII

1. വായിക്കപ്പെട്ട തിരുലിഖിതത്തിൽനിന്ന്
കള്ളൻെറ വിവരണത്തെപ്പറ്റി
എൻെറ ചെവിയിലെത്തിയ ഒരു വാക്ക്.
ആ വാക്ക് എന്നെ സന്തോഷിപ്പിച്ചു.[88]
അവിടുത്തേക്ക് കള്ളനോട് എപ്രകാരം അനുകമ്പ
ഉണ്ടായിരുന്നു എന്ന് പറഞ്ഞുകൊണ്ട്
അത് എൻെറ ആത്മാവിൻെറ നിരവധി തിന്മകളുടെ ഇടയിൽ
അതിന് ആശ്വാസം പകർന്നു.
അവിടുന്ന് എന്നെയും ആ തോട്ടത്തിലേക്ക് പ്രവേശിപ്പിക്കട്ടെ;
അതിൻെറ നാമശ്രവണത്തിൽ ഞാൻ സന്തോഷത്താൽ
നിറഞ്ഞുകവിയുന്നു.
അവിടുത്തെ ധ്യാനിക്കാൻ തുടങ്ങുമ്പോഴേ
എൻെറ മനസ്സിൻെറ കടിഞ്ഞാൺ പൊട്ടുന്നു.

---

88. ലൂക്കാ 23:39-43

www.malankaralibrary.com



*പ്രതിസ്തോത്രം: നിൻെറ രാജ്യത്തിൽ അവകാശി ആകുവാൻ എന്നെ യോഗ്യനാക്കണമെ.*

**2.** ഞാൻ അവിടൊരു വാസസ്ഥലവും
ഒരു പ്രകാശകൂടാരവും ദർശിച്ചു.
'പറുദീസായുടെ താക്കോൽ സൗജന്യമായി കിട്ടിയ
കള്ളൻ ഭാഗ്യവാൻ'
എന്ന് വിളിച്ചുപറയുന്ന സ്വരവും കേട്ടു.
അവൻ അവിടെ ഉണ്ടായിരിക്കുമെന്നു ഞാൻ കരുതി.
എന്നാൽ ആത്മാവിൻെറ സഹചരനും ഉപകരണവും
കിന്നരവുമായ ശരീരത്തെ കൂടാതെ
ആത്മാവിന് പറുദീസാ ദർശനം
സാധ്യമല്ലെന്ന് ഞാൻ പിന്നീട് ചിന്തിച്ചു.

**3.** നിഗൂഢ സംഗതികളിലേക്കിറങ്ങിച്ചെല്ലുന്നത്
പ്രയോജനരഹിതമാണെന്ന് മനസ്സിലാക്കിയപ്പോൾ
സന്തോഷങ്ങളുടെ ഈ സ്ഥലത്ത്
കഠിനവേദന എന്നെ പിടികൂടി.
കള്ളനെ സംബന്ധിച്ച് ഞാൻ വിഷമസന്ധിയിലായി:
ആത്മാവിനു ശരീരത്തെ കൂടാതെ
കാണാനും കേൾക്കാനും കഴിയുമെങ്കിൽ
അത് എന്തിനാണ് ശരീരത്തിൽ ഒതുങ്ങിക്കഴിയുന്നത്?
ശരീരം ജീവനുള്ളതല്ലെങ്കിൽ
ആത്മാവ് എന്തിനാണ് അതിനോടൊപ്പം കൊല്ലപ്പെടുന്നത്?

**4.** ശരീരം അന്ധമായി തീരുമ്പോൾ
ആത്മാവും അതിനുള്ളിൽ അതിനൊപ്പം
തപ്പിത്തടഞ്ഞ് അന്ധമാകുന്നതിനാൽ
ശാരീരിക ചട്ടക്കൂട് കൂടാതെ
ആത്മാവിനു കാണാൻ കഴിയില്ല എന്നതിന്
ശരീരംതന്നെ പ്രേരണ നൽകുന്നു.
ഓരോന്നും എപ്രകാരം മറ്റതിനെ നോക്കുകയും
മറ്റതിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു എന്നും
ജീവിക്കാനായി എപ്രകാരം ശരീരത്തിന്

www.malankaralibrary.com



ആത്മാവിൻെറ ആവശ്യം ഉണ്ടെന്നും
കാണാനും കേൾക്കാനും ആത്മാവിനു ശരീരത്തിൻെറ
ആവശ്യം ഉണ്ടെന്നും കാണുക.

5. ശരീരം ബധിരമായി തീർന്നാൽ
ആത്മാവും അപ്രകാരമാകുന്നു.
ശരീരം രോഗഗ്രസ്തമാകുമ്പോൾ
ആത്മാവിനും ഉന്മാദം ബാധിക്കുന്നു.
ആത്മാവ് സ്വന്തമായും തനിക്കായും
സ്ഥിതിചെയ്യുന്നെങ്കിലും
അതിൻെറ സഖിയെ കൂടാതെ
അതിന് യഥാർത്ഥ അസ്തിത്വമില്ല.
ഉദരത്തിൽ ഇപ്പോഴും സ്ഥിതിചെയ്യുന്ന
ഭ്രൂണത്തിന് പൂർണമായി അതു സദൃശ്യമാണ്.
അതിൻെറ അസ്തിത്വം ഇപ്പോഴും
വാക്കോ ചിന്തയോ കൂടാതെയാണ്.

6. ആത്മാവ് ശരീരത്തിൽ ആയിരിക്കുമ്പോൾ
ഭ്രൂണ സദൃശ്യമായിരിക്കുകയും
സ്വയമായും അതിൻെറ സഖിയെയും അറിയാൻ
കഴിവില്ലാതിരിക്കുകയും ചെയ്യുന്നെങ്കിൽ,
അതിൻെറ ഉപയോഗത്തിനായി
ഉപകരണങ്ങൾ കണക്കെ സഹായിക്കാൻ കഴിയുന്ന
ഇന്ദ്രിയങ്ങൾ സ്വന്തമായിട്ടില്ലാതെ,
അതു ശരീരത്തിൽ നിന്നു വിട്ടുകഴിയുമ്പോൾ
എത്ര കൂടുതലായി അതു ബലഹീനമായിരിക്കയില്ല!
കാരണം, അത് വെളിപ്പെടുന്നതും പ്രവർത്തിക്കുന്നതും
അതിൻെറ സഖിയുടെ ഇന്ദ്രിയങ്ങളിൽ കൂടിയാണല്ലോ.

7. ആ ഭാഗ്യകരമായ സ്ഥലം ഒരു തരത്തിലും കുറുവുള്ളതല്ല.
കാരണം, ആ സ്ഥലം പൂർണവും
എല്ലാവിധത്തിലും പരിപൂർണമാക്കപ്പെട്ടതുമാണ്.
ആത്മാവിന് അവിടെ തനിയെ കയറാനാവില്ല,
കാരണം, ആ അവസ്ഥയിൽ അത് എല്ലാറ്റിലും

www.malankaralibrary.com



കുറവുള്ളതാണ് - ഇന്ദ്രിയസ്പർശനത്തിൽ, ബോധത്തിൽ;
എന്നാൽ ഉത്ഥാനദിവസം
ശരീരം അതിൻെറ എല്ലാ ഇന്ദ്രിയങ്ങളോടും കൂടി,
പരിപൂർണമാക്കപ്പെട്ടു കഴിയുമ്പോൾ അവിടെ പ്രവേശിക്കും.

8. തൻെറ സ്രഷ്ടാവിൻെറ ഗീതങ്ങൾ പാടുവാൻ
സ്രഷ്ടാവിൻെറ തൃക്കരം ശരീരത്തെ മെനഞ്ഞ്
രൂപപ്പെടുത്തിയപ്പോൾ
അവിടുന്ന് അവസാനം അതിനുള്ളിലേക്ക് നിശ്വസിച്ചതുവരെ
ഈ കിന്നരം നിശ്ശബ്ദമായിരുന്നു,
അതിന് ഒരു ശബ്ദവുമില്ലായിരുന്നു.
അതിനുള്ളിൽ പിന്നീട് ആത്മാവ് ഗീതങ്ങൾ ആലപിച്ചു.
ഇപ്രകാരം കമ്പികൾക്ക് ശബ്ദം കിട്ടി;
ആത്മാവ് വിജ്ഞാനം ഉച്ചരിക്കാൻ
ശരീരത്തിലൂടെ സംസാരശക്തി നേടി.

9. ആദാം എല്ലാ കാര്യങ്ങളിലും പരിപൂർണനായപ്പോൾ
ദൈവം അവനെ എടുത്ത് പറുദീസായിലാക്കി.
ആത്മാവിന് തനിച്ചും തനിക്കായും
അവിടെ പ്രവേശിക്കാൻ കഴിഞ്ഞില്ല.
മറിച്ച്, ആത്മാവും ശരീരവും ഒന്നിച്ച്
ശുദ്ധവും പരിപൂർണവുമായി
അവിടെ ആ പരിപൂർണസ്ഥലത്ത് പ്രവേശിച്ചു.
അവ മലിനമായി കഴിഞ്ഞപ്പോൾ
രണ്ടും ഒന്നിച്ച് അവിടം വിട്ടിറങ്ങി.
ഉത്ഥാനത്തിൽ അവ രണ്ടുംകൂടി
അവിടെ വീണ്ടും പ്രവേശിക്കുമെന്ന്
ഇവയിൽ നിന്നെല്ലാം നാം ഗ്രഹിക്കണം.

10. പറുദീസായുടെ സംരക്ഷകൻ എന്ന നിലയിൽ
ആദാം സൂക്ഷ്മതയില്ലാത്തവനായിരുന്നു.
കാരണം, സൂത്രശാലിയായ കള്ളൻ
ചതിവിൽ അവിടെ കടന്നുകൂടി.
മിക്ക മനുഷ്യരും കാംക്ഷിക്കുന്ന പഴം പരിഗണിക്കാതെ

www.malankaralibrary.com



അതിനുപകരം, തോട്ടത്തിലെ താമസക്കാരനെത്തന്നെ
അവൻ മോഷ്ടിച്ചു.
ആദത്തിൻെറ കർത്താവ് അവനെ തേടിവന്നു.
അവിടുന്ന് പാതാളത്തിൽ കടന്ന് അവിടെ അവനെ കണ്ടെത്തി.
അവനെ ഒരിക്കൽകൂടി പറുദീസായിലാക്കാൻ,
അവിടുന്ന് അവനെ നയിച്ച് പുറത്തേക്കാനയിച്ചു.

11. ഇപ്രകാരം തങ്ങൾ സ്നേഹിക്കുന്ന
ശരീരങ്ങളെ പ്രതീക്ഷിച്ചുകൊണ്ട്
പറുദീസായുടെ അതിർത്തികളിലുള്ള സന്തുഷ്ടഭവനങ്ങളിൽ
നീതിമാന്മാരുടെയും പുണ്യവാന്മാരുടെയും ആത്മാക്കൾ വസിക്കും.
അങ്ങനെ, തോട്ടത്തിൻെറ വാതിൽ തുറക്കുമ്പോൾ
ഓശാനകളുടെ മധ്യത്തിൽ
ആത്മാക്കൾ ശരീരങ്ങളോട് ചേർന്ന് ഇപ്രകാരം പ്രഘോഷിക്കും:
"പാതാളത്തിൽനിന്ന് ആദത്തെ കൊണ്ടുവരികയും
അനേകരുടെ കൂടെ അവനെ പറുദീസായിൽ
തിരികെ എത്തിക്കയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു".[89]

# ഗീതം IX

1. ലോകത്തിൽ പോരാട്ടവും ഏദനിൽ മഹത്ത്വകിരീടവും.
എല്ലാ സൃഷ്ടികളെയും നവീകരിച്ചുകൊണ്ടും
നമ്മോടുകൂടി അവയ്ക്കെല്ലാം
പെസഹായുടെ സന്തോഷം നൽകിക്കൊണ്ടും
നമ്മുടെ ഉത്ഥാനത്തിൽ
ദൈവം ആകാശത്തെയും ഭൂമിയെയും നവീകരിക്കും.[90]
നമ്മുടെ മാതാവായ ഭൂമിയുടെമേൽ
പാപിയോടുകൂടി അവിടുന്നു ശാപം വർഷിച്ചപ്പോൾ

89. മത്താ. 27:52
90. ഏശാ. 65:17; 66:22

www.malankaralibrary.com



നമ്മോടുകൂടി അവളുടെമേൽ
അവിടുന്നു നിന്ദനം വർഷിച്ചു.[91]
അതുകൊണ്ട്, നീതിമാന്മാരോടുകൂടി
അവിടുന്ന് അവളെയും അനുഗ്രഹിക്കും.
നമ്മതന്നെയായവൻ ഈ നേഴ്സിംഗ് മാതാവിനെ,
അവളുടെ മക്കളോടുകൂടി നവീകരിക്കും.

*പ്രതിസ്തോത്രം: നമ്മുടെ മ്ലാനതയെ തന്റെ പറുദീസായിൽ സന്തോഷം ആക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** എല്ലാവർക്കും തന്റെ കയ്പ് പകരാൻ
ദുഷ്ടൻ തന്റെ പാനപാത്രം കലർത്തി.
എല്ലാവരുടെയും പാതയിൽ അവൻ കെണിവച്ചു.
എല്ലാവർക്കുമെതിരെ അവൻ വല വീശി
നല്ല വിത്തിനെ ഞെരുക്കാനായി
കളകൾ വളരാൻ അവൻ ഇടയാക്കി.[92]
എന്നാൽ നമ്മതന്നെ ആയവൻ തന്റെ മഹനീയ പറുദീസായിൽ
അവരുടെ കയ്പേറിയ പരീക്ഷണങ്ങളെ മധുരതരമാക്കും;
അവരുടെ കിരീടങ്ങളെ വലുതാക്കും.
അവർ തങ്ങളുടെ കുരിശുകൾ വഹിച്ചതിനാൽ[93]
അവൻ അവരെ പറുദീസായിലേക്ക് അനുധാവനം ചെയ്യും.

**3.** നീ ഒരു മരത്തിൽ കയറാൻ ആഗ്രഹിക്കുന്നെങ്കിൽ,
മുകളിൽ അതിന്റെ മടിത്തട്ടിൽ,
അതായത്, മുകളിലത്തെ ശിഖരങ്ങളിൽ,
കയറിയിരിക്കാൻ താല്പര്യപ്പെട്ടുകൊണ്ട്,
അതിന്റെ താഴ്ന്ന ശിഖരങ്ങളെ
അതു നിന്റെ പാദങ്ങൾക്ക് ചവിട്ടുപടികളാക്കുന്നു.
താഴേക്കു താണും കോപ്പയുടെ ആകൃതിയിലും

---

91. റോമാ 8:21
92. മത്താ. 13:25
93. മത്താ. 10:38

www.malankaralibrary.com



ഈ ശിഖരങ്ങളുടെ പ്രതലം നന്നായി ക്രമീകരിച്ചതാണ്.
അതില്‍ പൂക്കള്‍ തിങ്ങിനിറഞ്ഞിരിക്കുന്നു.
അവിടെ വിശ്രമിക്കുന്നവര്‍ക്കെല്ലാം
അത് ഒരു സംരക്ഷിത ഉദരമായി ഭവിക്കുന്നു.

4. കൈകൊണ്ടു പറിക്കത്തക്കവിധം ക്രമീകൃതമായി
എല്ലാവിധ രുചികളുമുള്ള ഫലങ്ങളോടുകൂടി
വൃക്ഷത്തിന്‍റെ മടിത്തട്ടില്‍തന്നെ
ഇത്തരം ഒരു സദ്യ ആരു കണ്ടിട്ടുണ്ട്!
ഓരോതരം പഴവും അതാതിന്‍റെ തവണയില്‍
നിരനിരയായി സമീപിക്കുന്നു.
തിന്നാന്‍ പഴം ദാഹം തീര്‍ക്കാന്‍ പഴം;
കൈകഴുകാന്‍ അവിടെ മഞ്ഞുതുള്ളിയുണ്ട്,
അതിനുശേഷം കൈതുടയ്ക്കാന്‍ ഇലകളും.
ഒന്നിനും കുറവില്ലാത്ത ഒരു നിക്ഷേപ ഭണ്ഡാഗാരം.
കാരണം, അതിന്‍റെ കര്‍ത്താവ് ഒന്നിനും കുറിവില്ലാത്തവനാണ്.

5. വിശുദ്ധര്‍ വിശ്രമിക്കുമ്പോള്‍,
വൃക്ഷങ്ങള്‍ക്കുചുറ്റും വായു സ്വച്ഛമാണ്
അവയ്ക്കുതാഴെ പൂക്കുലകള്‍, അവയ്ക്കു മുകളില്‍ പഴം;
ഫലങ്ങള്‍ അവയുടെ ആകാശമായും
പൂക്കള്‍ അവയുടെ ഭൂമിയായും വര്‍ത്തിക്കുന്നു.
ശിരസ്സിന് തണലായി പഴങ്ങളുടെ മേഘവും
പാദത്തിനടിയില്‍ വിരിച്ച പൂക്കളുടെ വസ്ത്രവും
ആരു കണ്ടിട്ടുണ്ട്? ആര് അതിനെപ്പറ്റി കേട്ടിട്ടുണ്ട്?

6. ഒരു മരത്തില്‍ നിന്നു നീ മാറുമ്പോള്‍
അടുത്തത് നിന്‍റെ പക്കലെത്തിക്കഴിയുന്നു.
അത്തരത്തിലുള്ളതാണ് സന്തുഷ്ടികളുടെ അരുവി പ്രവാഹം.
നീ ഒന്നിന്‍റെ പഴം തിന്നുന്നതിലും
മറ്റൊന്നിന്‍റെ ചാറ് നുകരുന്നതിലും
മൂന്നാമതൊന്നിന്‍റെ മരത്തില്‍ കഴുകി ശുദ്ധിവരുത്തുന്നതിലും
അവയെല്ലാം സന്തോഷിക്കുന്നു.

www.malankaralibrary.com



ഒന്നിൻെറ എണ്ണ തേക്കുക, മറ്റൊന്നിൻെറ സുഗന്ധം ആസ്വദിക്കുക.
വേറൊന്നിൻെറ മർമരശബ്ദം കേൾക്കുക
ആദത്തിനു സന്തോഷം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. സുഗന്ധവാഹികളായ കാറ്റുകൾ മാറിമാറി അടിക്കുന്നു,
മർത്തായെപ്പോലെയും മറിയത്തെപ്പോലെയും
ഒരിക്കലും തിരികെ പോകേണ്ടതായിട്ടില്ലാതെ
ഈ വിരുന്നിലെ അതിഥികൾക്കായി
സ്വാദിഷ്ടഭോജനവുമായി അവ വീശിയെത്തുന്നു.
തൻെറ പറുദീസായിലേക്ക്
നമ്മെ ക്ഷണിക്കുന്നവനോട് പരിഭവപ്പെടാൻ,
ക്ഷീണിതയായ മാർത്താ ധൈര്യം കാണിച്ചു.[94]
അവിടുത്തെ ശുശ്രൂഷകരാകട്ടെ
തങ്ങളുടെ ശുശ്രൂഷയിൽ ഒരിക്കലും ക്ഷീണിതരാകുന്നില്ല.

8. നീതിമാന്മാർക്കു മുമ്പിൽ
പറുദീസായിലെ കാറ്റുകൾ വീശിയെത്തുന്നു:
ഒന്ന് വിശപ്പ് അകറ്റുന്നു, മറ്റൊന്നു ദാഹം തീർക്കുന്നു;
ഇത് നന്മകളാൽ സമൃദ്ധമാണ്
അത് എല്ലാവിധ സമ്പത്തുകൊണ്ടും.
പരിചാരകരെപ്പോലെ പ്രവർത്തിക്കുന്ന കാറ്റുകളെ
ആരെങ്കിലും കണ്ടിട്ടുണ്ടോ?
ചിലത് ഭക്ഷണം നൽകുന്നു,
മറ്റവ വിവിധതരം പാനീയങ്ങൾ.
ഒന്ന് മഞ്ഞ് വർഷിക്കുന്നു,
മറ്റൊന്ന് സുഗന്ധപരിമളവും.

9. ആത്മീയരീതിയിൽ ഈ കാറ്റുകൾ
ആത്മീയജീവികളെ കുടിപ്പിക്കുന്നു.
ഒരു കൈയും അധ്വാനിക്കാത്തതും

94. ലൂക്കാ 10:40

www.malankaralibrary.com



ഒരിക്കലും ക്ഷീണിക്കാത്തതുമായ വിരുന്നാണിത്;
പല്ലുകൾ ക്ഷീണിക്കുന്നില്ല.
വയറിന് ഒരിക്കലും ഭാരം അനുഭവപ്പെടുന്നില്ല.
ആരും ശുശ്രൂഷിക്കാതെ
ആരെങ്കിലും വിരുന്നിനിരുന്ന് സന്തോഷിച്ചിട്ടുണ്ടോ?
ആരെങ്കിലും ഭക്ഷണം കൂടാതെ
തൃപ്തി വരുന്നതുവരെ ഭക്ഷിച്ചിട്ടുണ്ടോ?
ആരെങ്കിലും പാനീയമൊന്നും കൂടാതെ
കുടിച്ചുല്ലസിച്ചിട്ടുണ്ടോ?

10. ഞാറിൽ പ്രതീകങ്ങൾ വ്യക്തമായി സൂചിതമായിരിക്കുന്നത്
നിങ്ങൾക്കു ദർശിക്കാൻ കഴിയും.
ഗോതമ്പിലോ ധാന്യക്കതിരിലോ കാറ്റ് തഴുകി അടിക്കുമ്പോൾ
അത് അടിക്കുന്നതോടൊപ്പം പരാഗണം നടക്കുന്നു.
അതിന്റെ ശക്തിയിൽ അതു പുഷ്ടിപ്പെടുന്നു.
അനുഗ്രഹം നിറഞ്ഞ കാറ്റുകൾ ബൗദ്ധികവും ആത്മീയവുമായ
പറുദീസായിലെ ചെടികൾക്ക്
എത്രയധികമായി പോഷണം നൽകുകയില്ല!
ആത്മീയമായവയ്ക്ക് പോഷണത്തിനായി ആത്മീയ കാറ്റുണ്ട്.

11. വിവേകം നിറഞ്ഞ ഇളംകാറ്റുകൾ
തിരിച്ചറിവുള്ളവരെ പോഷിപ്പിക്കുന്നു;
ഈ കാറ്റ് നിനക്കു സമൃദ്ധമായി പോഷണം നൽകുന്നു;
അത് വീശി നിന്നെ സന്തുഷ്ടനാക്കുന്നു.
ഒന്ന് നിന്റെ മുഖത്തെ പ്രകാശിപ്പിക്കുന്നു
മറ്റത് നിനക്കു സന്തോഷം നൽകുന്നു.
കൈകൾ കൂടാതെ ഭക്ഷിക്കുക
വായ് ഉപയോഗിക്കാതെ കുടിക്കുക
എന്നു തുടങ്ങിയ തരത്തിലുള്ള ആനന്ദം
ആരെങ്കിലും എപ്പോഴെങ്കിലും അനുഭവിച്ചിട്ടുണ്ടോ?
പാനപാത്രവാഹകന്റെയും റൊട്ടിക്കാരന്റെയും
ജോലികൾ ഈ സന്തുഷ്ട കുളിർകാറ്റുകൾ നിർവഹിക്കുന്നു.

www.malankaralibrary.com



**12.** ഇന്നും മുൾച്ചെടികളുള്ള ഈ ഭൂമിയിൽ[95]
ദൈവത്തിന്റെ ശാപമുണ്ടെങ്കിലും,
അവിടുന്നു നൽകിയ ഗോതമ്പിന്റെ കറ്റകൾ
വയലിൽ കാണാവുന്നതാണ്.
കാറ്റടിച്ച്, അവയുടെ ഉള്ളിൽ,
ഗോതമ്പുമണികൾ ജന്മമെടുക്കുന്നു.
എല്ലാം പ്രവർത്തിക്കാൻ കഴിവുറ്റ
അത്യുന്നതന്റെ നല്ല ഇച്ഛയാൽ,
ഇളംകാറ്റ്, അമ്മയുടെ പയോധരംപോലെ,
കുടിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു.
അങ്ങനെ ആത്മീയജീവികൾ എപ്രകാരം
പരിപോഷിപ്പിക്കപ്പെടുന്നു എന്നതിന്റെ
ഒരു ദൃഷ്ടാന്തം അതു വരച്ചുകാട്ടുന്നു.

**13.** നമ്മുടെ ശരീരസന്ധാരണത്തിനുള്ള ഗോതമ്പുമണി
നാം കഴിക്കുന്നതിലധികവും വിസർജ്യമായി
ശരീരം വിസർജിച്ചുകളയുന്നെങ്കിലും -
വായുകൊണ്ട് പരിപോഷിപ്പിക്കപ്പെടുകയും
കാറ്റുകൊണ്ട് കൊഴുക്കുകയും ചെയ്യുന്നെങ്കിൽ,
ഏദനിലെ ഭണ്ഡാരങ്ങളിൽ നിന്നുള്ള ഇളംകാറ്റിന്
അവയുടെ സംശുദ്ധിയിൽ ആത്മീയജീവികൾക്ക്
സ്വർഗീയ പാനീയവും ആത്മീയഭക്ഷണവും
എത്രയധികമായി നൽകാൻ കഴിയും!

**14.** കാറ്റടിക്കുന്നത് എപ്രകാരം സർവ പരിപോഷകമാണെന്ന്
തീയിൽ നിന്ന് പഠിക്കുക.
വായു കൂടാതെ തീ ഒരിടത്തൊതുക്കിയാൽ
അതിന്റെ ജ്വാലകൾ ശ്വാസത്തിനായി
വീർപ്പുമുട്ടി കെടാൻ തുടങ്ങുന്നു.
തന്റെ സത്തമുഴുവനുംകൊണ്ട് എല്ലാറ്റിനും പാൽ
കൊടുക്കുന്ന ഒരമ്മയെ ആരെങ്കിലും കണ്ടിട്ടുണ്ടോ?

95. ഉല്പ. 3:18

www.malankaralibrary.com



പ്രപഞ്ചം മുഴുവൻ അവളെ ആശ്രയിക്കുന്നു.
എന്നാൽ അവളാകട്ടെ, ഏകനെ ആശ്രയിക്കുന്നു.
അവിടുന്ന് എല്ലാറ്റിനെയും പോഷിപ്പിക്കുന്ന
ആ ശക്തിയാകുന്നു.

**15.** കൽദായർ[96] ഇപ്രകാരം ലജ്ജിതരാകുന്നു.
കാരണം, നക്ഷത്രങ്ങൾ മാത്രമാണ്
ലോകം മുഴുവനും പോഷണം നൽകുന്നതെന്നുപറഞ്ഞ്
അവർ അവയെ പുകഴ്ത്തി.
എന്നാൽ നക്ഷത്രങ്ങൾക്കും ഞാറുകൾക്കും
ഇഴജന്തുക്കൾക്കും മനുഷ്യർക്കും
കലവറ കൂടാതെ പോഷണം നൽകുന്നത് വായുവാണ്.
അഗ്നി നമ്മെ ഇതു പഠിപ്പിക്കുന്നു.
അഗ്നിയെ തന്നെ പോഷിപ്പിക്കുന്നത് വായുവാണ്.
അഗ്നിക്ക് ആ വാനഗോളവുമായി
അടുത്ത സാമ്യമുണ്ടല്ലോ.

**16.** വായുവില്ലെങ്കിൽ ആത്മാവ് പറന്നുപോകുന്നെങ്കിൽ -
നമ്മുടെ ചട്ടക്കൂടിനെ താങ്ങിനിർത്തുന്ന
ശാരീരിക തൂണാണ് വായു;
നമ്മുടെ അപ്പത്തിന്റെ അപ്പമാണത്.
നമ്മുടെ വയലുകൾ "സമൃദ്ധമാകുന്നത്" അതു നിമിത്തമാണ്.
അങ്ങനെയെങ്കിൽ എത്രയധികമായി
ഈ സൗഭാഗ്യകരമായ വായു, ഈ സന്തോഷക്കടൽ,
ആത്മീയ ജീവികൾക്ക് അതിലെ ഭാഗഭാഗിത്വവും
പാനം ചെയ്യലുംവഴി സന്തോഷം നൽകില്ല!
അതിൽ പറന്നു നടക്കാനും നീന്താനും കഴിയില്ല!

**17.** അപ്പത്തിനു പകരം, പറുദീസായിലെ പരിമളമാണ്
നമ്മെ പരിപോഷിപ്പിക്കുന്നത്;
ദ്രവത്തിനുപകരം, ഈ ജീവദായകമായ കുളിർ തെന്നലാണ്

---

96. വാന നിരീക്ഷണത്തിൽ പ്രവീണർ

www.malankaralibrary.com



ആ ജോലി നിർവഹിക്കുക:
അനന്തമായ രീതികളിൽ, സന്തോഷപ്രദമായ ഉഗ്രതയിൽ
ഉയർന്നുവരുന്ന അതിൻെറ സമൃദ്ധമായ അലകളിൽ
ഇന്ദ്രിയങ്ങൾ സന്തോഷിക്കുന്നു.
ഭാരരഹിതമായി ദൈവിക ഔന്നത്യത്തിനു മുമ്പിൽ
ഇന്ദ്രിയങ്ങൾ ഭയത്തിലും സന്തുഷ്ടിയിലും നിലകൊള്ളുന്നു.

**18.** ഇന്ന് നമ്മുടെ ശരീരങ്ങൾക്കു വിശക്കുന്നു,
അവയ്ക്ക് ഭക്ഷണം വേണം.
എന്നാൽ അവിടെ ശരീരങ്ങൾക്കുപകരം
ആത്മാക്കളാണ് ഭക്ഷണത്തിനായി വിശക്കുക.
ആത്മാവിൻെറ ആവശ്യാനുസൃതം
അതിനു പോഷണം ലഭിക്കുന്നു.
എല്ലാറ്റിനെയും പോഷിപ്പിക്കുന്നവനിൽ നിന്നാണ്
ആത്മാവ് വിശപ്പടക്കുന്നത്, മറ്റൊരാഹാരം കൊണ്ടല്ല.
അത്ഭുതം നിറഞ്ഞ തൻെറ നിക്ഷേപങ്ങളുടെ
സൗന്ദര്യത്തിൽ അതു മേയുന്നു.

**19.** ശരീരങ്ങൾ, തങ്ങളുടെ രക്തത്തിൻെറ ഒഴുക്കോടൊപ്പം
ആത്മാക്കളെപ്പോലെ അവിടെ സംശുദ്ധമാക്കപ്പെടുന്നു.
ഭാരമുള്ള ആത്മാവിന് സംശുദ്ധമാക്കപ്പെട്ട ചിറകുകൾ ലഭിക്കുന്നു.
അങ്ങനെ അവ ഉജ്ജ്വലപ്രഭയുള്ള ചിന്തയ്ക്കു തുല്യമാകുന്നു.
എല്ലായ്പ്പോഴും ചലിച്ചുകൊണ്ടിരിക്കുന്ന
ചിന്തയുടെ ചലനങ്ങൾ ഔന്നത്യത്തെപ്പോലെ
സംക്ഷോഭരഹിതമായിത്തീരുന്നു.

**20.** ശരീരത്തെക്കാൾ വളരെ മഹനീയമാണ് ആത്മാവ്
ആത്മാവിനേക്കാൾ വളരെ മഹനീയമാണ് അരൂപി[97]
എന്നാൽ അരൂപിയെക്കാൾ വളരെ നിഗൂഢമാണ് ദൈവത്വം.
അവസാനം ശരീരം ആത്മാവിൻെറ സൗന്ദര്യം ധരിക്കും.
ആത്മാവ് അരൂപിയുടേതും ധരിക്കും.

---

97. തറഈസാ എന്നാണ് വാക്ക്: ചിന്ത എന്നു പദാർത്ഥം

www.malankaralibrary.com



എന്നാൽ അരൂപിയാകട്ടെ
ദൈവത്തിൻെറ ഔന്നത്യത്തിൻെറ സാദൃശ്യം തന്നെ ധരിക്കും.

**21.** കാരണം, ശരീരങ്ങൾ ആത്മാക്കളുടെ തലത്തിലേക്ക്
ഉയർത്തപ്പെടും; ആത്മാവ് അരൂപിയുടെയും.
എന്നാൽ അരൂപിയാകട്ടെ,
ഔന്നത്യത്തിൻെറ ഉയരത്തിലേക്ക് ഉയർത്തപ്പെടും.
ഭയത്തിലും സ്നേഹത്തിലും പറ്റിച്ചേർന്നുകൊണ്ട്,
വളരെ ഉയരത്തിൽ വട്ടമിടുന്നില്ല, വളരെ അകന്നു കഴിയുന്നുമില്ല.
അതിൻെറ പറക്കൽ പ്രയോജനപ്രദമാകാൻ
എപ്പോൾ പിൻവാങ്ങണമെന്ന് അതു തിരിച്ചറിയുന്നു.

**22.** നീ അത്യാർത്തിയുള്ളവനെങ്കിൽ മോശ നിന്നെ കുറ്റപ്പെടുത്തും;
മലമുകളിലേക്ക് അവൻ കയറിയപ്പോൾ
അവൻ ഭക്ഷണപാനീയങ്ങളൊന്നും കരുതിയില്ല.[98]
അവനു വിശന്നപ്പോൾ
അവന് സമൃദ്ധമായി ഭക്ഷണം കിട്ടി.
അവനു ദാഹിച്ചപ്പോൾ
അവൻ വളരെ സൗന്ദര്യവാനായി പ്രകാശിച്ചു.
വിശന്നവൻ ദർശനം കണ്ട് സുന്ദരനായി.
'ഒരു സ്വരം കേട്ടു തൃപ്തനായി' എന്നത് ആരു കേട്ടിട്ടുണ്ട്?
ദിവ്യമഹത്ത്വത്താൽ പരിപോഷിതനായി
അവൻ വളർന്ന് പ്രകാശിച്ചു.

**23.** നാം ഭക്ഷിക്കുന്നതൊക്കെ നമുക്ക്
വെറുപ്പുളവാക്കുന്ന രീതിയിൽ
ശരീരം പിന്നീട് വിസർജിക്കുന്നു
അതിൻെറ ഗന്ധം അരോചകമാണ്.
ഭക്ഷണത്തിൻെറ ഭാരം നമ്മെ ക്ഷീണിപ്പിക്കുന്നു.
അതു കൂടിയാൽ നമുക്കുപദ്രവമാണ്.
എന്നാൽ സന്തോഷമാണ് ലഹരി പിടിപ്പിക്കുകയും

---

98. പുറ. 34

www.malankaralibrary.com



നിലനിർത്തുകയും ചെയ്യുന്നതെങ്കിൽ
ആത്മാവിൻെറ കഴിവുകൾ
വിജ്ഞാനത്തിൻെറ സ്തന്യം നുകർന്ന്
ഈ സന്തോഷത്തിൻെറ അലകളാൽ
എത്രയധികമായി പോഷിപ്പിക്കപ്പെടും.

**24.** ദാർശനികരുടെ സമൂഹത്തിന്മേൽ
പിതാവിൻെറ തേജസിൽ നിന്ന് ആദ്യജാതനിലൂടെ
സന്തുഷ്ടിയുടെ പ്രവാഹം ഒഴുകി താഴേക്കു വരുന്നു;
അവർ അവിടെ ദിവ്യദർശനത്തിൻെറ
മേച്ചിൽപ്പുറങ്ങളിൽ വിഹരിക്കുന്നു.
വിശക്കുന്നവർ, ആ മഹോന്നത സൗന്ദര്യത്തിൻെറ
സൗന്ദര്യത്തിൽനിന്ന് ഒഴുകുന്ന മഹത്ത്വത്തിൻെറ അലകളാൽ
തൃപ്തരാകുകയും സംതൃപ്തിയടയുകയും
മത്തു പിടിക്കുകയും ചെയ്യുന്നത് ആരെങ്കിലും ദർശിച്ചിട്ടുണ്ടോ?

**25.** എല്ലാറ്റിൻെറയും കർത്താവാണ്
എല്ലാ വസ്തുക്കളുടെയും ഭണ്ഡാഗാരം.
ഓരോരുത്തരുടെയും കഴിവനുസരിച്ച്
തൻെറ നിഗൂഢതയുടെ സൗന്ദര്യത്തിലേക്ക്,
തൻെറ ഔന്നത്യത്തിൻെറ മഹനീയതയിലേക്ക്,
ഒരെത്തിനോട്ടം അവിടുന്ന് പ്രദാനം ചെയ്യുന്നു.
തൻെറ സ്നേഹത്തിൽ എല്ലാവരെയും പ്രകാശിപ്പിക്കുന്ന
ദിവ്യപ്രകാശമാണ് അവിടുന്ന്.
- ചെറിയവരെ തന്നിൽനിന്നുള്ള
പ്രകാശത്തിൻെറ ഫ്ളാഷുകൊണ്ടും-
പരിപൂർണരെ കൂടുതൽ തീവ്രതരമായ കിരണങ്ങൾ കൊണ്ടും-
എന്നാൽ തൻെറ മഹത്ത്വത്തിൻെറ ശക്തിയെ
ഉൾക്കൊള്ളാൻ തൻെറ പുത്രനുമാത്രമേ കഴിയൂ.

**26.** തദനുസൃതം ഭൂമിയിലുള്ള ഓരോരുത്തനും
അവിടുത്തെപ്രതി തൻെറ കണ്ണിനെ ശുദ്ധീകരിക്കുന്നതനുസരിച്ച്
അവിടുത്തെ അനന്യമായ മഹത്ത്വം ദർശിക്കാൻ കഴിയും.

www.malankaralibrary.com



തദനുസൃതം, ഭൂമിയിലുള്ള ഓരോരുത്തനും
തന്റെ ചെവി അവിടുത്തേക്കു തുറക്കുന്നതനുസരിച്ച്
അവിടുത്തെ വിജ്ഞാനം ഗ്രഹിക്കാൻ കഴിയും.
തദനുസൃതം ഭൂമിയിലുള്ള ഓരോരുത്തനും
അവിടുത്തേക്കുവേണ്ടി സ്വീകരണപാത്രമായി
സജ്ജമാക്കുമ്പോൾ അവിടുത്തെ സമ്പത്തിന്റെ
ചെറിയൊരംശം വഹിക്കാൻ കഴിയും.

**27.** അളവിനതീതനായ കർത്താവ്
എല്ലാവർക്കും ആവശ്യാനുസൃതം പോഷണം നൽകുന്നു.
തന്റെ സ്വന്തം കാഴ്ചയെ നമ്മുടെ കണ്ണുകൾക്ക്
അനുരൂപപ്പെടുത്തുന്നു.
തന്റെ ശബ്ദത്തെ നമ്മുടെ കേൾവിക്ക്,
തന്റെ അനുഗ്രഹത്തെ നമ്മുടെ രുചിക്ക്,
തന്റെ വിജ്ഞാനത്തെ നമ്മുടെ നാവിന്.
അവിടുത്തെ ദാനത്തിൽ അനുഗ്രഹങ്ങൾ നിറയുന്നു.
കാരണം, അതിന്റെ രുചിയിൽ അത് എപ്പോഴും പുതിയതാണ്
ആശ്ചര്യകരമാംവിധം മണമുള്ളതാണ്,
അതിന്റെ ശക്തിയിൽ അനുരൂപണ വിധേയമാണ്.
അതിന്റെ നിറങ്ങളിൽ ശോഭായമാനമാണ്.

**28.** സ്തുതി അർപ്പിക്കുക എന്നത്
പോഷണമായിട്ടുള്ള ജനസമൂഹങ്ങളെ
ആരെങ്കിലും കണ്ടിട്ടുണ്ടോ?
അവരുടെ വസ്ത്രം പ്രകാശമാണ്,
അവരുടെ മുഖം തിളക്കമാർന്നതാണ്,
അവിടുത്തെ ദാനങ്ങളുടെ സമൃദ്ധിയിൽ
അവർ ചുറ്റിക്കറങ്ങുമ്പോൾ
അവരുടെ അധരങ്ങളിൽനിന്ന്
വിജ്ഞാനത്തിന്റെ ഉറവകൾ പൊട്ടിയൊഴുകുന്നു;
പ്രശാന്തത അവരുടെ ചിന്തകളെയും
സത്യം അവരുടെ അറിവിനെയും
ഭക്തി അവരുടെ അന്വേഷണത്തെയും

www.malankaralibrary.com



സ്നേഹം അവരുടെ സ്തുതിയുടെ
അർപ്പണത്തെയും ഭരിക്കുന്നു.

29. കർത്താവേ, ഞാനും എനിക്കു പ്രിയപ്പെട്ടവരും
ഒരുമിച്ച് അവിടെ നിൻെറ ദാനത്തിൻെറ ഏറ്റവും അവസാനത്തെ
അവശിഷ്ടം എങ്കിലും കണ്ടെത്തുവാൻ ഇടയാക്കണമെ.[99]
നിൻെറ പ്രിയൻെറ വെറും ദർശനം തന്നെ
സന്തുഷ്ടിയുടെ ഉറവയാണ്;
അവിടെ ഭക്ഷിക്കാൻ യോഗ്യനായ വ്യക്തി
സാധാരണ ഭക്ഷണത്തെ വെറുക്കും.
നിന്നെ നോക്കുന്നവരെല്ലാം
നിൻെറ സൗന്ദര്യത്താൽ പോഷിതരാകും.
നിൻെറ മഹനീയതയ്ക്കു സ്തുതി.

# ഗീതം X

1. ഏത് അധരമാണ് പറുദീസായെ വിവരിച്ചിട്ടുള്ളത്?
ഏതു നാവാണ് അതിൻെറ മഹത്ത്വം വർണിച്ചിട്ടുള്ളത്?
ഏതു മനസ്സാണ് അതിൻെറ സൗന്ദര്യം ചിത്രീകരിച്ചിട്ടുള്ളത്?
യഥാർത്ഥത്തിൽ അതിൻെറ നിഗൂഢ സ്ഥലങ്ങൾ
വിശകലനാതീതമാണ്.
ദൃശ്യമായവയെക്കുറിച്ച്, പറുദീസായ്ക്കു പുറത്തു കിടക്കുന്ന
ആ വസ്തുതകളെക്കുറിച്ച് അത്ഭുതപ്പെടാനേ എനിക്കു കഴിയൂ.
അങ്ങനെ, അതിൻെറ നിഗൂഢ രഹസ്യങ്ങളിൽനിന്ന്
ഞാൻ എത്ര അകന്നാണെന്ന് ഞാൻ മനസ്സിലാക്കുന്നു

*പ്രതിസ്തോത്രം: നിൻെറ പറുദീസായിൽ നിൻെറ നീതിമാന്മാരെ കാണാൻ ഞങ്ങൾക്കു കൃപ തന്നാലും.*

---

99. മർക്കോ. 8:8

www.malankaralibrary.com



2. അതിൻെറ ബാഹ്യഅതിർത്തിയെ
ചുറ്റുന്ന മിതമായ അന്തരീക്ഷത്തിൽ
അവിടുത്തെ മാസങ്ങളും മിതമായവ തന്നെ:
അവിടെ ഇരുണ്ട ഫെബ്രുവരി
ശോഭയുള്ള മെയ് മാസത്തിനു തുല്യമാണ്.
ശീതക്കാറ്റടിക്കുന്ന ജനുവരി
ഫലസമൃദ്ധമായ ആഗസ്റ്റ് പോലെയാണ്.
ജൂൺ മാസം ഏപ്രിൽ പോലെയാണ്.
ചുട്ടുപഴുത്ത ജൂലൈ മാസം സെപ്തംബറിൻെറ
മഞ്ഞുപോലെയാണ്.

3. ഏദനു ചുറ്റുമുള്ള അന്തരീക്ഷത്തിൽനിന്ന്
നമ്മുടെ ബലഹീനമാസങ്ങൾ
ഏദൻെറ സന്തുഷ്ടി സ്വീകരിക്കുന്നു;
കാരണം ഏദൻ അവയെ തന്നെപ്പോലെയാക്കുന്നു.
പരമോന്നതത്തിന് കിരീടം മെടയാൻ
പറുദീസായുടെ ചരിവുകൾ തന്നെ അയോഗ്യരായതിനാൽ
പറുദീസായുടെ ചരിവുകളെ അലങ്കരിക്കാൻ,
എല്ലാ കാലത്തും പൂമാല കോർത്തെടുക്കാൻ,
പറുദീസായിൽ ഉടനീളം
എല്ലാ മാസവും പുഷ്പങ്ങൾ വിരിയുന്നു.

4. മാസങ്ങൾ കൊടുങ്കാറ്റുകളാൽ ഉലയ്ക്കപ്പെടുന്നതിനാൽ,
പരമശാന്തതയിൽ സ്വച്ഛന്ദമായിരിക്കുന്ന
പറുദീസായിൽ കയറാൻ മാസങ്ങൾക്കു കഴിയുകയില്ല.
പറുദീസായ്ക്കു വെളിയിലുള്ള ആ അന്തരീക്ഷത്തിൽ
എല്ലാ മാസങ്ങളുടെയും കൊടുങ്കാറ്റുകൾ കീഴടക്കപ്പെട്ടാൽ,
മനുഷ്യകുലത്തിന് ജീവൻ തിരികെ കൊടുക്കുന്ന
സ്വർഗീയ ശ്വാസത്തിൻെറ മഹനീയ വായുവിനെ
പങ്കിലമാക്കാൻ അവയ്ക്കെങ്ങനെ കഴിയും?

5. ഈ ധരയിലെ വായു വേശ്യയെപ്പോലെ
നിയന്ത്രണരഹിതയാണ്.
പന്ത്രണ്ടു മാസങ്ങൾ അതുമായി ബന്ധപ്പെടുന്നു:

www.malankaralibrary.com



ഓരോന്നും അതിൻെറ തവണ അനുസരിച്ച്,
തൻെറ ചാപല്യങ്ങൾക്കനുസൃതം അവളെ വിധേയയാക്കുന്നു.
അവയിൽനിന്നെല്ലാം അവൾ ഫലം പുറപ്പെടുവിക്കുന്നു;
എന്നാൽ പറുദീസായുടെ ശുദ്ധവും പാവനവുമായ വായു
അതിൻെറ ശുദ്ധത നിമിത്തം
മാസങ്ങളുടെ ചേഷ്ടകളാൽ കളങ്കപങ്കിലമല്ല.

6. അവിടെ അവയുടെ ഉല്പന്ന സമൃദ്ധമായ
ഒഴുക്കിന് അവസാനമില്ല.
കാരണം, ഓരോ മാസവും അതാതിൻെറ
സ്വന്തം ഫലം പുറപ്പെടുവിക്കുന്നു,
അതിൻറടുത്തുള്ളത് പുഷ്പങ്ങളും.
അവിടെ സന്തുഷ്ടിയുടെ ഉറവകൾ പൊട്ടി
വീണ്ടും പാലും തേനും നെയ്യും ഒഴുകുന്നു.
ഡിസംബറിൽ പച്ചപ്പുല്ല് തഴച്ചുവളരുന്നു,
അതിനുശേഷം ജനുവരി ഗോതമ്പ് ഉല്പാദിപ്പിക്കുന്നു.
ഫെബ്രുവരി ഒട്ടും തണുപ്പില്ലാതെ, പ്രകാശിതമായി,
പറുദീസായിൽ കതിർ കുലകൾ വഹിക്കുന്നു.

7. മാസങ്ങൾ നാലു ഗണങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു:
ആദ്യത്തെ മൂന്നു മാസങ്ങളിൽ ആദ്യഫലങ്ങൾ കാണപ്പെടുന്നു
പിന്നത്തെ മൂന്നു മാസങ്ങളിൽ
തുടുത്ത മാർദ്ദവമേറിയ പഴങ്ങുളുണ്ടാകുന്നു
ഏഴുമുതൽ ഒൻപതുവരെയുള്ള മാസങ്ങളിൽ
താമസിച്ചുണ്ടായ പഴങ്ങൾ വിളയുന്നു.
അവസാനത്തിൽ, വർഷത്തിൻെറ കിരീടത്തിൽ,
കൂമ്പി നില്ക്കുന്ന മൊട്ടുകൾ
സന്തോഷത്തോടെ പൊട്ടിവിടരുന്നു.

8. ചന്ദ്രക്കല പൂക്കളിൽ വ്യത്യാസം ഉണ്ടാക്കുന്നു;
മാസങ്ങളുടെ ആരംഭത്തിൽ ശിഖരങ്ങൾ മൊട്ടിടാൻ തുടങ്ങുന്നു;
മാസാവസാനം ഒരിക്കൽകൂടി കൂമ്പാനായി
എല്ലാ ദിശയിലും വികസിച്ചുകൊണ്ട്
വെളുത്തവാവിൽ അവ വിടരുന്നു.

www.malankaralibrary.com



അടുത്തു മാസം മുളച്ചുവരാനായി
മാസാവസാനം അവ് തളർന്നു വീഴുന്നു;
അവയുടെ മൊട്ടുകൾ കൂമ്പിടാനും
തളർന്നുവീഴാനുമുള്ള താക്കോൽ മാസം പ്രദാനം ചെയ്യുന്നു

9. ഗർഭസ്ഥിത ഉദരങ്ങളോടുകൂടിയ
പുഷ്പങ്ങളെ എപ്പോഴെങ്കിലും കണ്ടിട്ടുണ്ടോ?
ഓരോ മാസവും പ്രസവവേദന കൊണ്ടുവരുന്നു;
പിന്നീട് പെട്ടെന്ന് പ്രസവിക്കുന്നു.
മാസം പൊട്ടി വിടരുന്നതനുസരിച്ച് മൊട്ടുകൾ വളരുന്നു.
വെളുത്തവാവു നാളിൽ അവ വിടർന്നുകൊണ്ട് വളർച്ചയെത്തുന്നു.
തുടർന്ന് മാസം അവസാനിക്കുന്നതനുസരിച്ച്
അടുത്തത് മൊട്ടിട്ടുവരാനായി പൂക്കളും വാടിക്കരിയുന്നു.

10. ഓരോ മാസത്തെയും പൂക്കൾക്കും പഴങ്ങൾക്കും
അവയുടേതായ പ്രത്യേക രുചികളും മണങ്ങളും ഉണ്ട്.
എന്നാൽ പരപരാഗണം നടന്നാൽ അവ വർദ്ധിക്കുന്നു.
അടുത്തു നില്ക്കുന്ന, വ്യത്യസ്ത നിറങ്ങളുള്ള
രണ്ടുപൂക്കൾ തമ്മിൽ പരാഗണം നടത്തിയാൽ
പുതിയനിറമുള്ള പൂക്കളുണ്ടാകുന്നു.
പഴങ്ങളും ഇപ്രകാരം ചെയ്താൽ
അവ മനോഹരമായ പുതിയ വിത്തിനങ്ങളുണ്ടാക്കുന്നു;
അവയുടെ ഇല വ്യത്യസ്തവുമായിരിക്കും.

11. പറുദീസായിൽ വൃക്ഷങ്ങളുടെ ജീവിതചക്രം
കണ്ഠാഭരണം പോലെയാണ്:
ഒന്നാമത്തേതിൻെറ പഴം പറിച്ചുതീരുമ്പോൾ,
രണ്ടാമത്തേത് പാകമാകുന്നു.
അതിനുശേഷം മൂന്നാമത്തേത് പാകമാകുന്നു.
യാക്കോബ് തൻെറ സഹോദരൻെറ
ഉപ്പൂറ്റിയിൽ പിടിച്ചതുപോലെ,[100]

---

100. ഉല്പ. 25:26

www.malankaralibrary.com



ശരത്കാല ഫലങ്ങൾ ആദ്യഫലങ്ങളുടെ ഉപ്പൂറ്റികളിൽ
പിടിച്ചിരിക്കുന്നത് ആരെങ്കിലും കണ്ടിട്ടുണ്ടോ?

**12.** ഫലസമൃദ്ധമായ ആ കോർണുകോപ്പിയാ[101]
വളർച്ചയുടെ എല്ലാ ഘട്ടങ്ങളിലും
മനുഷ്യകുടുംബത്തിൻെറ ഘട്ടങ്ങൾക്കു സദൃശ്യമാണ്.
പ്രായമുള്ളവരും യുവാക്കളും മധ്യവയസ്കരും
ജനിച്ച ശിശുക്കളും
ഇനിയും ജനിച്ചിട്ടില്ലാത്തവരും ഒക്കെ അവിടെയുണ്ട്.
മനുഷ്യകുലത്തിൻെറ തുടർച്ചയായ ശ്രേണിപോലെ
അതിൻെറ ഫലങ്ങൾ
ഒന്നിനു പിറകെ ഒന്നായി കാണപ്പെടുന്നു.

**13.** പ്രായമുള്ളവർ, യുവാക്കൾ, കുട്ടികൾ, ശിശുക്കൾ,
കൈക്കുഞ്ഞുങ്ങൾ, ഇപ്പോഴും ജനിക്കാതെ
ഉദരത്തിലുള്ളവർ തുടങ്ങി എല്ലാ പ്രായത്തിലുമുള്ള
ആളുകൾ ഉൾക്കൊള്ളുന്നതാണ് മനുഷ്യനദി.
അപ്രകാരമാണ് പറുദീസായിലെ ഫലങ്ങളും:
ആദ്യഫലങ്ങൾ കൊയ്ത്തുകാലത്തോടുകൂടി മുളച്ചുവരുന്നു.
അലകൾക്കു പിന്നാലെ അലകളായി
പുഷ്പങ്ങളാലും ഫലങ്ങളാലും അവ സമൃദ്ധമാകുന്നു.

**14.** അവിടെ കരുണ ലഭിക്കുകയും
പറുദീസായുടെ ചുറ്റുപാടിൽ കടക്കാൻ
യോഗ്യനാക്കപ്പെടുകയും ചെയ്ത പാപി ഭാഗ്യവാനാണ്.
അവൻ പുറത്താണു കഴിയുന്നതെങ്കിലും,
കൃപയിലൂടെ അവിടെ മേയാൻ അവനു കഴിയും.
ഞാൻ ഇതേപ്പറ്റി ചിന്തിച്ചപ്പോൾ വീണ്ടും ഭയചകിതനായി;
കാരണം, കൃപ കണ്ടെത്തപ്പെട്ടവർ
ശിക്ഷയും മോചനവും പ്രാപിക്കാനുള്ള

---

101. സമൃദ്ധിയുടെ കാഹളം

www.malankaralibrary.com



ഒരിടം തോട്ടത്തിനും അഗ്നിക്കും ഇടയില്‍ ഉണ്ടായിരിക്കാം
എന്നു ഞാന്‍ ചിന്തിച്ചുപോകാന്‍ ഇടയായി.

**15.** തന്‍െറ കൃപകൊണ്ട് ഭരണം നടത്തുന്ന നീതിമാനു സ്തുതി.
തന്‍െറ നന്മയ്ക്ക് ഒരിക്കലും അറുതിയില്ലാത്ത നല്ലവനാണവന്‍;
ദുഷ്ടന്‍െറ പക്കലേക്കുപോലും തന്‍െറ മനോഗുണത്താല്‍
അവിടുന്നു തന്‍െറ കരം നീട്ടുന്നു.
തന്‍േറതായ എല്ലാറ്റിന്മേലും തന്‍െറ ദിവ്യമേഘം ആവസിക്കുന്നു;
ശിക്ഷയുടെ അഗ്നിമേല്‍ പോലും അതു മഞ്ഞു പൊഴിക്കുന്നു.
തന്‍െറ മനോഗുണത്താല്‍
അതിന്‍െറ ലഘുഭക്ഷണത്തിന്‍െറ അംശങ്ങള്‍ നുകരാന്‍
കയ്പുള്ളവര്‍ക്കുപോലും
അത് ഇപ്രകാരം സാധ്യമാക്കി തീര്‍ക്കുന്നു.

# ഗീതം XI

**1.** പറുദീസായിലെ വായു സന്തുഷ്ടിയുടെ ഉറവയാണ്.
അതില്‍ നിന്ന് തന്‍െറ ബാല്യത്തില്‍ ആദാം നുകര്‍ന്നു.
അവന്‍െറ ശൈശവത്തില്‍ അമ്മയുടെ സ്തനംപോലെ
അതിന്‍െറ ശ്വാസം അവന് പോഷണം നല്‍കി.
അവന്‍ യുവാവും സുന്ദരനും സന്തോഷപൂര്‍ണനുമായിരുന്നു.
എന്നാല്‍ അവന്‍ കല്പന ലംഘിച്ചപ്പോള്‍
വൃദ്ധനും ദുഃഖിതനും ശക്തി ക്ഷയിച്ചവനുമായി;
ദുഃഖങ്ങളുടെ ഭാണ്ഡക്കെട്ടുപോലെ അവന്‍ വാര്‍ദ്ധക്യം വഹിച്ചു.

*പ്രതിസ്തോത്രം: ആദത്തെ ഉയര്‍ത്തുകയും അവനെ പറുദീസായിലേക്കു തിരികെ കൊണ്ടുവരികയും ചെയ്തവന്‍ വാഴ്ത്തപ്പെട്ടവനാകുന്നു.*

**2.** ആ സൗഭാഗ്യകരമായ സന്തുഷ്ടസ്ഥലത്ത്
ഉപദ്രവകരമായ തണുപ്പോ,
ചുട്ടുപൊള്ളുന്ന ചൂടോ കാണപ്പെടുന്നില്ല;
അത് ആനന്ദങ്ങളുടെ തുറമുഖവും

www.malankaralibrary.com



സന്തോഷങ്ങളുടെ വിശ്രമസ്ഥലവുമാണ്;
അത് പ്രകാശത്തിൻെറയും ആനന്ദത്തിൻെറയും ഭവനമാണ്;
ഓശാനകളുടെ മുഴക്കത്തോടും
സഭയുടെ ഹല്ലേലുയ്യാ വിളികളോടുംകൂടെ വീണയും കിന്നരവും
അവിടെ ഒത്തുകൂടിയിരിക്കുന്നതു കാണാം.

3. എല്ലാവർക്കും സമാധാനം കൊടുക്കുന്ന സമാധാനമാണ്
അതിൻെറ ചുറ്റിനുമുള്ള വേലി;
എല്ലാറ്റിനെയും അനുരഞ്ജിപ്പിക്കുന്ന മാനസികൈക്യമാണ്
അതിൻെറ അകമതിലും പുറമതിലും.
അതിനെ വലയം ചെയ്തിരിക്കുന്ന ക്രോബേമാലാഖ,
അതിനകത്തുള്ളവരെ സന്തുഷ്ടരാക്കുന്നു.
എന്നാൽ പുറംതള്ളപ്പെട്ടവരെ ശല്യപ്പെടുത്തുന്നു.
പറുദീസായെപ്പറ്റി സംശുദ്ധമായും പാവനമായും
നീ പറഞ്ഞുകേട്ടവയെല്ലാം ശുദ്ധവും ആത്മീയവുമാണ്.

4. ഇതിനെപ്പറ്റിയുള്ള ഈ വിവരണം കേൾക്കുന്നയാൾ
ഇതിനെപ്പറ്റി വിധി പ്രസ്താവിക്കാതിരിക്കട്ടെ;
കാരണം, ഇതിനെപ്പറ്റിയുള്ള വിവരണങ്ങൾ
വിധിക്കു വിധേയമല്ല.
ഉപയോഗിച്ച വാക്കുകൾ നിമിത്തം
ഇതു ഭൗമികമായി തോന്നിയാലും ഇതിൻെറ യാഥാർത്ഥ്യത്തിൽ
ഇത് ആത്മീയവും ശുദ്ധവുമാണ്.
ആത്മാവ് എന്നപദം രണ്ടു തരം യാഥാർത്ഥ്യങ്ങളെ
കുറിക്കാൻ ഉപയോഗിക്കുന്നു;
വിശുദ്ധീകരിക്കപ്പെട്ട ആത്മാവിൽ നിന്ന്
വളരെ വ്യത്യസ്തമാണ് അശുദ്ധാത്മാവ്.

5. അതേപ്പറ്റി പറയുന്നയാൾക്ക് ദൃശ്യവസ്തുക്കളുടെ പേരുകൾ
ഉപയോഗിക്കുകയല്ലാതെ മറ്റു മാർഗമില്ല.
അങ്ങനെ, നിഗൂഢവസ്തുക്കളുടെ ഒരു സാദൃശ്യം
തൻെറ ശ്രോതാക്കൾക്കു അവൻ വരച്ചു കൊടുക്കുന്നു.
കാരണം, തോട്ടത്തിൻെറ സ്രഷ്ടാവ്
നമുക്കു മനസിലാകുന്ന ഭാഷയിൽ

www.malankaralibrary.com



തന്റെ ഔന്നത്യം ധരിച്ചെങ്കിൽ,
എത്രയധികമായി നമ്മുടെ ഉപമകളിലൂടെ
തന്റെ തോട്ടത്തെപ്പറ്റി വിവരിക്കാൻ കഴിയും?

6. ദൈവത്തിന്റെ ഔന്നത്യത്തെ കുറിക്കുന്ന
ഉപമകളിൽ മാത്രം ശ്രദ്ധിക്കുന്നയാൾ
ആ ഔന്നത്യത്തെ ദുഷിക്കുകയും
തെറ്റായി ചിത്രീകരിക്കുകയും മനുഷ്യന്റെ നന്മയ്ക്കായി,
ദൈവം ധരിച്ച സാദൃശ്യങ്ങളുപയോഗിച്ചുതന്നെ
ഇപ്രകാരം വഴിതെറ്റിപ്പോകുകയും
അവന്റെ ശൈശവാവസ്ഥയുടെ
ലവലിലേക്ക് താന്നിറങ്ങി വന്ന കൃപയോട്
നന്ദികേടു കാണിക്കുകയുമായിരിക്കും ചെയ്യുക.
ഇതിന് അവനുമായി പൊതുവിൽ ഒന്നുമില്ലെങ്കിലും
അതിന്റെ ഛായയിലേക്ക് അവനെ കൊണ്ടുവരുവാൻ,
കൃപ അവന്റെ ഛായ ധരിച്ചു.

7. വെറും നാമങ്ങളാൽ നിന്റെ ബുദ്ധി
പ്രക്ഷുബ്ധമാകാതിരിക്കട്ടെ.
കാരണം, നിനക്കു പറ്റിയ പദങ്ങളിൽ പറുദീസാ
വെറുതെ സ്വയം വസ്ത്രം ധരിച്ചിരിക്കുന്നു എന്നുമാത്രം;
നിന്റെ ഉപമകൾ അതു ധരിച്ചത് അതു ദരിദ്രമായതിനാലല്ല;
മറിച്ച്, അതിന്റെ ശ്രേഷ്ഠതയിലേക്കുയരാൻ
നിന്റെ പ്രകൃതി വളരെ ബലഹീനമായതിനാലത്രേ.
നിനക്കു സുപരിചിതമായ ഇരുണ്ട നിറക്കൂട്ടുകൾ കൊണ്ട്
വരച്ചതുവഴി അതിന്റെ സൗന്ദര്യം വളരെ മങ്ങിപ്പോയി.

8. കാരണം, അതിന്റെ സ്വർഗീയ സൗന്ദര്യങ്ങളുടെ
കണ്ണഞ്ചിക്കുന്ന കാഴ്ചയെ നോക്കുവാൻ
ബലഹീന നേത്രങ്ങൾക്കു കഴിയുകയില്ല;
നമുക്കറിയാവുന്ന വൃക്ഷങ്ങളുടെ പേരുകൾകൊണ്ട്
അതിന്റെ വൃക്ഷങ്ങളെ അതു പൊതിഞ്ഞിരിക്കുന്നു.
നമ്മുടെ അത്തിമരത്തിന്റെ പേരുകൾ തന്നെ
അതിന്റെ അത്തിമരങ്ങൾക്കും നൽകിയിരിക്കുന്നു.

www.malankaralibrary.com



അതിൻെറ ആത്മീയ ഇലകൾ
ശാരീരികരൂപം സ്വീകരിച്ചിരിക്കുന്നു;
അവയുടെ വസ്ത്രം നമ്മുടേതിനു തുല്യമാകാൻ
അവ മാറ്റത്തിനു വിധേയമായിരിക്കുന്നു.

9. ദൃശ്യാകാശത്തിലെ നക്ഷത്രങ്ങളേക്കാൾ
വളരെ കൂടുതലും ശോഭയേറിയവയുമാണ്.
ആ നാട്ടിലെ പുഷ്പങ്ങളും അവയിൽ നിന്നുള്ള സൗരഭ്യവും.
ശാപഗ്രസ്തമായ നാടിൻെറ രോഗങ്ങൾ സുഖപ്പെടുത്താൻ
ദൈവകൃപയാൽ അയയ്ക്കപ്പെട്ട വൈദ്യനെപ്പോലെയാണവ.
സർപ്പത്തിലൂടെ കടന്നുവന്ന രോഗം,
അതിൻെറ സൗഖ്യദായക ശ്വാസത്താൽ, അതു സുഖപ്പെടുത്തുന്നു.

10. പറുദീസായുടെ ചില ഭാഗ്യകരമായ ഭാഗത്തു നിന്നടിക്കുന്ന കാറ്റ്
ഈ ഭാഗത്തിൻെറ കയ്പിന് മാധുര്യം പകരുന്നു.
അത് ധരയുടെ മേലുള്ള ശാപം ശമിപ്പിക്കുന്നു.
ദീർഘകാലമായി രോഗഗ്രസ്തമായിരുന്ന,
ഈ ലോകത്തിൻെറ ജീവശ്വാസമാണ് ആ തോട്ടം.
നമ്മുടെ മർത്യതയെ സൗഖ്യമാക്കാൻ
രക്ഷാകരമായ ഒരു പ്രത്യൗഷധം അയയ്ക്കപ്പെട്ടിരിക്കുന്നു എന്ന്
ആ കാറ്റു പ്രഘോഷിക്കുന്നു.

11. രോഗം ഉണ്ടാക്കുന്ന വെള്ളത്തെ ഉപ്പുവഴി
ആരോഗ്യസംദായകമാക്കിത്തീർത്തതുപോലെ,[102]
പറുദീസായുടെ അനുഗ്രഹം ജലത്തിലൂടെ കലർത്തി
ഒഴുക്കുന്നതുവഴി ലോകത്തെ നനയ്ക്കുകയും,
ശാപത്താൽ മലിനമായി തീർന്ന ഉറവകളെ
ശുദ്ധീകരിക്കുകയും ചെയ്യുക എന്നതല്ലാതെ മറ്റെന്താണ്,
ആ നാട്ടിൽ നിന്ന് ഒരു നദി ഉത്ഭവിച്ച്
ഒഴുകി തിരിയുന്നതിൻെറ ആവശ്യം?[103]

102. 2 രാജാ. 2:21
103. ഉല്പ. 2:10

www.malankaralibrary.com



**12.** ഏദനിൽ നിന്നു വരുന്നതും പ്രയോജനപ്രദമായ കുളിർകാറ്റായി
നമ്മുടെ അന്തരീക്ഷത്തിലേക്ക് തുളച്ചുകടക്കുന്നതും
സുഗന്ധപൂരിതവുമായ മറ്റൊരുറവയും[104]
ഇപ്രകാരം തന്നെയാണ്;
അതുവഴി നമ്മുടെ ആത്മാക്കൾ ഉത്തേജിതമാകുന്നു;
പറുദീസായിൽ നിന്നുള്ള സൗഖ്യദായകമായ
ഈ കാറ്റിനാൽ നമ്മുടെ ശ്വാസം സുഖപ്പെടുന്നു.
അവിടെനിന്നു പുറപ്പെടുന്ന സൗഭാഗ്യ ഉറവകളിൽ നിന്ന്
ഉറവകൾ അനുഗ്രഹം പ്രാപിക്കുന്നു.

**13.** ഒരു വലിയ ധൂപകലശം
സമീപത്തുള്ള സകലർക്കും പ്രയോജനപ്രദമാകാൻ
കാറ്റിനെ ചലിപ്പിച്ചുകൊണ്ട് സുഗന്ധ ധൂപം പരത്തി
അതിൻെറ സൗരഭ്യത്താൽ വായുവിനെ ധന്യമാക്കുന്നു.
മഹനീയ പറുദീസാകൊണ്ട്
ഇതിനെക്കാൾ എത്രയധികമായിരിക്കും:
അതിൻെറ സുഗന്ധവസ്തുക്കളുടെ സൗരഭ്യത്താൽ,
ഭൂമിയുടെ മേലുള്ള ആ ശാപം
കുറെയൊക്കെ ഭേദഗതി വരുത്തിക്കൊണ്ട്
അതിൻെറ വേലിപോലും നമ്മെ സഹായിക്കുന്നു.

**14.** ഭാഗ്യവാന്മാരായ ശ്ലീഹന്മാർ ഒന്നിച്ചുകൂടിയപ്പോൾ
സ്ഥലം കുലുങ്ങുകയും[105] പറുദീസായുടെ നറുമണം
അതിൻെറ ഭവനം തിരിച്ചറിഞ്ഞ് അതിൻെറ സുഗന്ധം വർഷിക്കുകയും
മുന്നോടികളെ സന്തുഷ്ടരാക്കുകയും ചെയ്തു.
അവരാണ് അതിഥികളെ പഠിപ്പിച്ചതും
അവിടുത്തെ സദ്യയ്ക്ക് ക്ഷണിച്ചതും.
അവരുടെ വരവ് അവിടുന്ന് ആകാംക്ഷാപൂർവം കാത്തിരിക്കുന്നു;
കാരണം, മനുഷ്യകുലത്തെ സ്നേഹിക്കുന്നവൻ അവിടുന്നാണ്.

---

104. സ്നാനത്തെ സൂചിപ്പിക്കുന്നു
105. നട. 2:1-4

www.malankaralibrary.com



15. നിൻെറ കൃപയാൽ പറുദീസായുടെ ദാനം,
ഈ സൗഭാഗ്യക്കലവറ, ഈ പരിമള ഭണ്ഡാഗാരം,
പ്രാപിക്കാൻ എന്നെ യോഗ്യനാക്കണമെ.
അതിൻെറ സൗരഭ്യ ശ്വാസത്തിൽ എൻെറ വിശപ്പ് ശമിക്കട്ടെ.
കാരണം, അതിൻെറ സൗരഭ്യം
എല്ലാവർക്കും എപ്പോഴും പോഷണം പ്രദാനം ചെയ്യുന്നു.
അതു ശ്വസിക്കുന്നവർ അത്യധികം സന്തുഷ്ടരാകുകയും
ഭൗമിക ഭക്ഷണത്തെ മറക്കുകയും ചെയ്യുന്നു,
ഇതാണ് രാജ്യത്തിൻെറ ഭക്ഷണമേശ.[106]
ഏദനിൽ അതു സജ്ജമാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# ഗീതം XII

1. എൻെറ ചിന്തകളെ ക്ലേശിപ്പിച്ച ഒരു പ്രശ്നം എന്നിലുടലെടുത്തു;
അന്വേഷിക്കണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു.
എന്നാൽ ധാർഷ്ഠ്യം ആയിപ്പോകുമോ എന്നു ഞാൻ ഭയപ്പെട്ടു.
എൻെറ ചിന്തയിലുള്ളത് ആ നിമിഷം ദൈവം കണ്ടു.
എൻെറ ഈ ചോദ്യം അവിടുന്നു തൻെറ
വിജ്ഞാനത്തിൽ പൊതിഞ്ഞു.
അവിടുന്ന് എന്നോട് പറഞ്ഞവയിലെല്ലാം
അവിടുന്ന് എൻെറ ആഗ്രഹം സ്വീകരിച്ചെന്നും
തൻെറ സ്വന്തം വാക്കുകളിൽ എനിക്കുവേണ്ടി
അതിനെ പൊതിഞ്ഞെന്നും എനിക്കുറപ്പു ലഭിച്ചു.

*പ്രതിസ്തോത്രം: പാപികളിൽ അനുകമ്പയുള്ള നിൻെറ കൃപയ്ക്കു സ്തുതി.*

2. കാരണം, നിഗൂഢസംഗതികളെക്കുറിച്ചുള്ള സത്യം
എങ്ങനെ ഈ വഞ്ചകന് ലഭിച്ചു എന്ന്
സർപ്പത്തെപ്പറ്റി അവിടുന്ന് എനിക്കു വിവരിച്ചു തന്നു:

106. ലൂക്കാ 22:30

www.malankaralibrary.com



കേൾവി വഴിയാണ് അവൻ അറിഞ്ഞതും
തനിക്കറിവുണ്ടായതെന്ന് അവൻ കരുതിയതും;[107]
നന്മതിന്മകളുടെ അറിവിൻെറ വൃക്ഷത്തെപ്പറ്റി
ഒരു ശബ്ദം ആദത്തെ വിളിച്ചു പറയുകയും
അവന് മുന്നറിയിപ്പു നൽകുകയും ചെയ്തു;
സൂത്രശാലി ആ ശബ്ദം കേൾക്കുകയും
അതിൻെറ അർത്ഥം ഗ്രഹിക്കുകയും ചെയ്തു.

3. അവൻ തോട്ടക്കാരനെ വഞ്ചിച്ചു.
അങ്ങനെ, തക്കകാലത്തു മാത്രം മധുരിക്കുന്നതും,
മൂപ്പെത്താതെ പറിച്ചാൽ കമർക്കുന്നതുമായ ഫലം,
അവൻ നേരത്തെ തന്നെ പറിച്ചു.
അവരുടെ ധിക്കാരം നിമിത്തം എതിർഫലം
ആയിരിക്കും ഉണ്ടാകുന്നത് എന്ന് നന്നായി
അറിഞ്ഞുകൊണ്ടുതന്നെ
സർപ്പം കൗശലപൂർവം സത്യം വെളിപ്പെടുത്തി.
കാരണം, പാപത്തിൽ അതു കടന്നുപിടിച്ചവന്
അനുഗ്രഹം ശാപമായി തീരുന്നു.

4. ഉസിയാ എപ്രകാരം അതിവിശുദ്ധസ്ഥലത്തു
കടന്നു എന്ന് ഓർക്കുക;
പൗരോഹിത്യത്തിൽ കടന്നു പിടിക്കാൻ
ഉദ്യമിച്ചപ്പോൾ അവനു തൻെറ രാജ്യം നഷ്ടപ്പെട്ടു.[108]
സ്വയം സമ്പന്നനാകാൻ ആഗ്രഹിച്ച
ആദത്തിന് ഇരട്ട നഷ്ടം സംഭവിച്ചു.
അതിവിശുദ്ധസ്ഥലത്തിൽ വൃക്ഷത്തെയും
ധൂപകലശത്തിൽ ഫലത്തെയും
കുഷ്ഠരോഗത്തിൽ നഗ്നതയെയും തിരിച്ചറിയുക.
ഈ രണ്ടു നിക്ഷേപങ്ങളിൽനിന്ന്
രണ്ടു സന്ദർഭങ്ങളിലും ഉപദ്രവം ഉടലെടുത്തു.

---

107. ഉല്പ. 3:4-5

108. 2 ദിന. 26:16-21

www.malankaralibrary.com



5. അബ്രാഹാം സംശയിക്കുകയും
"ഞാൻ എങ്ങനെ അറിയും" എന്ന് ചോദിക്കുകയും ചെയ്തു.[109]
തനിക്കാവശ്യമുള്ളത് അവൻ സംസാരിച്ചു
തനിക്കാവശ്യമില്ലാത്തത് അവൻ കണ്ടെത്തി.
ചുരുങ്ങിയ വാക്കുകളിൽ ഒന്നിൻെറ സ്ഥാനത്ത് മറ്റൊരു കാര്യം
ദൈവം അവനെ പഠിപ്പിച്ചു.
അതുതന്നെ തോട്ടത്തിൽ ആദത്തിനു സംഭവിച്ചു:
അവൻ ആഗ്രഹിച്ചത് അവനു നഷ്ടപ്പെട്ടു;
അവൻ ഭയന്നത് അവൻ കണ്ടെത്തി.
ധിക്കാരിയായ മനുഷ്യൻ മഹത്ത്വത്തിനു പകരം
അവമാനം അനുഭവിപ്പാൻ ദൈവം ഇടയാക്കി.

6. മറ്റൊരു മല്ലൻ വന്നു;[110] ഇപ്രാവശ്യം കീഴടക്കപ്പെടാനല്ല.
ആദാം ഏതിൽ കീഴടക്കപ്പെട്ടുവോ, അതേ പടച്ചട്ട അവൻ ധരിച്ചു.
എതിരാളിയെ അവൻ അപ്രതീക്ഷിതമായി
പരാജയപ്പെടുത്തും എന്നറിയാതെ
കീഴടക്കപ്പെട്ട ജനത്തിൻെറ
പടച്ചട്ട കണ്ട് ശത്രു സന്തോഷിച്ചു.
പടച്ചട്ടയ്ക്കകത്തുണ്ടായിരുന്നവൻ
അവനെ ഭയപ്പെടുത്തുമായിരുന്നു.
എന്നാൽ അവൻെറ ബാഹ്യരൂപം അവനു ധൈര്യം പകർന്നു.
ദുഷ്ടൻ കീഴടക്കാൻ വന്നു എന്നാൽ അവൻ കീഴടക്കപ്പെട്ടു;
അവൻെറ പാദത്തിനടിയിലെ മണ്ണ് ഒലിച്ചുപോയി.

7. ദുഷ്ടൻ അവിടെയും എങ്ങനെ സത്യം
വെളിപ്പെടുത്തി എന്ന് നിരീക്ഷിക്കുക:
അവൻ അവിടെ തിരുലിഖിതം ഉദ്ധരിച്ചു,
എന്നാൽ അവൻ സത്യം മറച്ചുവച്ചു.
ഒരു സങ്കീർത്തനം ഉദ്ധരിച്ച് ജയിക്കാമെന്നു പ്രതീക്ഷിച്ച്[111]

---

109. ഉല്പ. 15:8

110. ക്രിസ്തുവിനെ കുറിക്കുന്നു. മാർ തോമ്മായുടെ നടപടികളിൽ ഇതു കാണാം.

111. മത്താ. 4:6, സങ്കീ. 90(91):11

www.malankaralibrary.com



അവൻ തന്നെത്തന്നെ സങ്കീർത്തനത്തിൽ പൊതിഞ്ഞു.[112]
എന്നാൽ നമ്മുടെ കർത്താവ് അവനെ ശ്രവിച്ചില്ല.
അവൻ പറഞ്ഞത് അസത്യമായതിനാലല്ല,
പിന്നെയോ, ദുഷ്ടൻ ചതികൊണ്ട്
തന്നെത്തന്നെ പൊതിഞ്ഞിരുന്നതിനാലത്രേ.

8. ലെഗിയോനെയും നോക്കുക:[113]
കഠിനവേദനയിൽ അവൻ കേണപേക്ഷിച്ചു;
പന്നിക്കൂട്ടത്തിൽ കയറാൻ നമ്മുടെ കർത്താവ്
സമ്മതിക്കുകയും അവനെ അനുവദിക്കുകയും ചെയ്തു.
വഞ്ചന കൂടാതെ, തന്റെ ദുരിതത്തിൽ
അവൻ താല്ക്കാലിക വിശ്രാന്തിക്കായി കേണപേക്ഷിച്ചു.
തന്റെ കരുണയാൽ, നമ്മുടെ കർത്താവ്
അവന്റെ യാചന അംഗീകരിച്ചു.
സ്ത്രീപുരുഷന്മാർ ജീവിക്കണമെന്ന്
അവിടുന്ന് ആഗ്രഹിക്കുന്നതിൽ,
അവിടുത്തെ സ്നേഹം എത്രമാത്രം
സഹിക്കുന്നു എന്ന് കാണിച്ചുകൊണ്ടുള്ള
പിശാചുക്കളോടുള്ള തന്റെ പെരുമാറ്റം
ആ ജനത്തിനൊരു[114] ശാസനമാണ്.

9. ഞാൻ കേട്ട വാക്കുകളാൽ ധൈര്യം അവലംബിച്ച്
ഞാൻ നിലത്തു മുട്ടുകുത്തി, അവിടെ വച്ചു കരയുകയും
കർത്താവിന്റെ മുമ്പാകെ സംസാരിക്കുകയും ചെയ്തു:
"കണ്ണുനീരു കൂടാതെ ലെഗിയോൻ
നിന്നിൽനിന്ന് അവന്റെ യാചന നേടിയെടുത്തു;
എന്റെ കണ്ണുനീരോടുകൂടി

---

112. മനുഷ്യാവതാരത്തെ കുറിക്കാൻ 'വസ്ത്രം ധരിച്ചു'(ലബേശ്) എന്ന പദം സുറിയാനിയിൽ സാധാരണമായി കാണാം.

113. മർക്കോ. 5:9

114. യഹൂദർക്ക് (ആമോ)

www.malankaralibrary.com



എൻെറ യാചനകൾ അർപ്പിക്കാൻ എന്നെ അനുവദിച്ചാലും.
പന്നിക്കൂട്ടത്തിനുപകരം തോട്ടത്തിലേക്കു
കയറാൻ എന്നെ അനുവദിച്ചാലും;
അങ്ങനെ പറുദീസായിൽ അതിൻെറ സ്ഥാപകൻെറ
കാരുണ്യം പ്രകീർത്തിക്കാൻ എനിക്കിടയാകട്ടെ.

10. ആദാം വൃക്ഷത്തെ സ്പർശിച്ചതിനാൽ
അത്തിവൃക്ഷത്തിലേക്ക് ഓടേണ്ടി വന്നു;
അതിൻെറ ഇലകൾ വസ്ത്രമാക്കിയതിനാൽ
അവൻ അത്തിമരംപോലെ ആയിത്തീർന്നു:
ആദാം ഇലകളാൽ അലംകൃതമായ മരങ്ങളെപ്പോലെയായി.
പിന്നീട് അവൻ കുരിശിൻെറ മഹനീയ മരത്തിലേക്കു വന്നു;
അതിൽനിന്ന് മഹത്ത്വം ധരിച്ചു;
അതിൽനിന്ന് പ്രകാശം സ്വീകരിച്ചു.
അവൻ ഒരിക്കൽകൂടി ഏദനിലേക്ക് തിരികെ വരുമെന്ന സത്യം
അതിൽനിന്ന് അവൻ കേട്ടു.[115]

11. സാത്താൻെറ ധിക്കാരത്തെ
ജോബ് നിങ്ങൾക്കു വെളിപ്പെടുത്തട്ടെ:[116]
പ്രലോഭനത്തിൻെറ തീച്ചൂളയിൽ നിങ്ങളുടെ മനസുകളെ
പരീക്ഷിക്കാൻ അവൻ എപ്രകാരം നീതിമാനോട്
അനുവാദം ചോദിക്കയും അപേക്ഷിക്കയും ചെയ്തു.
മ്ലേച്ഛൻ ഇതാണ് പറഞ്ഞത്:
"അഗ്നികൂടാതെ വെള്ളിയുടെ മാറ്ററിയാൻ പറ്റില്ല;
കള്ളത്തരം ലജ്ജിച്ചു പോകും;
സത്യത്തിന് അർഹമായ സ്തുതി ലഭിക്കും.

12. കൂടാതെ, ഇതും എഴുതപ്പെട്ടിരിക്കുന്നു,
ധനവാൻെറ മുഖം നോക്കുകയോ ദരിദ്രനോട്

115. ലൂക്കാ 23:43

116. ജോബ് 1:9-11

www.malankaralibrary.com



പരിഗണന കാണിക്കുകയോ അരുത്.[117]
നീതിയുടെ തട്ടത്തിൽ വിധിവാചകം അന്ധമാകരുത്.
എല്ലാക്കാര്യങ്ങളിലും സത്യം പ്രസ്പഷ്ടമാകട്ടെ.
ക്ഷമയുടെ കാര്യമാണെങ്കിൽ
അവിടുത്തെ കൃപയെ നമുക്കു പ്രകീർത്തിക്കാം;
ശിക്ഷയുടെ കാര്യമാണെങ്കിൽ,
അവിടുത്തെ നീതിയെ നമുക്ക് അംഗീകരിക്കാം.

**13.** നമ്മുടെ കർത്താവ് പിശാചിനെ
കുറ്റപ്പെടുത്തി അവന്റെ നാവടച്ചു;[118]
കുഷ്ഠരോഗിയോട് അവൻ കോപിച്ചു.
ധനവാന്മാരോടൊപ്പം നിയമജ്ഞർക്കും
ഹാ, കഷ്ടം! എന്ന് അവിടുന്നു പറഞ്ഞു;[119]
പന്നിയെ അവിടുന്ന് കടലിലെറിഞ്ഞു;[120]
അത്തിമരത്തെ അവിടുന്നുണക്കി.[121]
എന്നാൽ ഇവയെല്ലാം
നമ്മുടെ സഹായത്തിനുള്ള അവസരങ്ങളാണ്.
കാരണം, അവ വഴി തന്റെ വിവേകപൂർണമായ
പ്രവൃത്തികളുടെ മഹാകവാടങ്ങൾ തുറന്നു തന്നു.

**14.** അവിടുന്ന് ഭീഷണി മുഴക്കിയില്ല,
പിന്നെയോ രക്ഷിക്കാനായി ശാസിച്ചതേയുള്ളു.
ഹാ, കഷ്ടം! എന്ന് അവിടുന്ന് പറഞ്ഞെങ്കിലും,
അവിടുത്തെ പ്രകൃതം ശാന്തമാണ്.
പിശാചുക്കളെ ശാസിച്ചെങ്കിലും

---

117. ലേവ്യ. 19:15
118. മർക്കോ. 1:25
119. മർക്കോ. 1:43
120. ലൂക്കാ 6:24
121. മത്താ. 21:19: കർത്താവു വന്ന് ആദത്തിന് മനോഹരവസ്ത്രം നൽകിയതിനാൽ അത്തിയില ആവശ്യമില്ലാതായി തീർന്നു എന്നു കാണിക്കാനാണ് ഉണക്കിയത് എന്ന് അപ്രേം പറയുന്നു.(ദിയാതെസ്സാറോൻ): (മത്താ.21:20-25).

www.malankaralibrary.com



അവിടുന്ന് പൂർണമായി പ്രശാന്തനായി നിലകൊണ്ടു.
കോപംകൊണ്ടല്ല
പന്നികളെ കടലിൽ വീഴാൻ അവിടുന്ന് അനുവദിച്ചത്.
വിദ്വേഷം കൊണ്ടല്ല
തന്റെ ശാപത്താൽ അത്തിവൃക്ഷം ഉണങ്ങിപ്പോയത്.
കാരണം, അവിടുന്ന് എല്ലാറ്റിലും നന്മ തന്നെയാണ്.

**15.** സൗഭാഗ്യ ഉറവകളുടെ ഇരട്ടയായും
എല്ലാ നന്മയുടെയും ഉറവിടമായും
ജീവവൃക്ഷമെന്നും വിജ്ഞാന വൃക്ഷമെന്നും രണ്ടു വൃക്ഷങ്ങൾ
ദൈവം പറുദീസായിൽ നട്ടു;[122]
ഈ മഹനീയ ഇരട്ടകൾ വഴി
അമർത്ത്യജീവനും തെറ്റിപ്പോകാത്ത വിജ്ഞാനവും ഉള്ളവരായി
മനുഷ്യർക്ക് ദൈവസദൃശ്യരായിത്തീരാൻ കഴിയും.

**16.** ആദത്തിനു നൽകിയ ആ വ്യക്തമായ അറിവോടുകൂടി
ഹവ്വായ്ക്കും മൃഗങ്ങൾക്കും പേരും നൽകിയ അറിവോടുകൂടി,[123]
നിഗൂഢകാര്യങ്ങളുടെ കണ്ടെത്തൽ
ദൈവം വെളിപ്പെടുത്തിക്കൊടുത്തില്ല.
എന്നാൽ നക്ഷത്രങ്ങൾ മുതൽ താഴോട്ടുള്ള
നിഗൂഢമായ അറിവിനെ സംബന്ധിച്ച്,
ഈ പ്രപഞ്ചത്തിനുള്ളിലുള്ള എല്ലാറ്റിനെക്കുറിച്ചും
അന്വേഷണത്തിലേർപ്പെടാൻ ആദത്തിനു കഴിഞ്ഞു

**17.** അല്പം പരിശ്രമം കൂടാതെ ദൈവം അവന് കിരീടം നൽകയില്ല;
ആദത്തിനുവേണ്ടി അവിടുന്ന് രണ്ടു കിരീടങ്ങൾ സജ്ജമാക്കി;
അവൻ വിജയിച്ചിരുന്നെങ്കിൽ
കിരീടം നൽകാൻ രണ്ടു വൃക്ഷങ്ങൾ ഉണ്ടായിരുന്നു.
അവൻ ഒരു നിമിഷനേരത്തേക്കെങ്കിലും ജയിച്ചിരുന്നെങ്കിൽ,
അവൻ ഒന്നു ഭക്ഷിച്ച് ജീവിക്കുമായിരുന്നു;

---

122. ഉല്പ. 2:9
123. ഉല്പ. 2:20; 3:20

www.malankaralibrary.com



മറ്റത് ഭക്ഷിച്ച് അറിവ് നേടുമായിരുന്നു.
അവൻെറ ജീവിതം ഉപദ്രവത്തിൽ നിന്ന്
സംരക്ഷിതമാകുമായിരുന്നു;
അവൻെറ വിജ്ഞാനം ഇളക്കമെറ്റതാകുമായിരുന്നു.

**18.** അധ്വാനം കൂടാതെ പറുദീസാ അനുഭവിക്കാൻ
നീതിമാൻ ആദത്തെ അനുവദിച്ചെങ്കിലും,
വെറുതെ കിരീടം കൊടുക്കാൻ അവിടുന്ന് ആഗ്രഹിച്ചില്ല;
ആദത്തിന് വേണമെങ്കിൽ
സമ്മാനം നേടിയെടുക്കാമായിരുന്നു എന്ന്
ദൈവത്തിന് അറിയാമായിരുന്നു.
അവനെ ഉയർത്താൻ നീതിമാൻ അത്യധികം ആഗ്രഹിച്ചു.
കാരണം, കൃപയാൽ ആത്മീയജീവികളുടെ സ്ഥാനം
വലുതാണെങ്കിലും സ്വതന്ത്രേച്ഛയുടെ
ശരിയായ ഉപയോഗത്തിനുള്ള കിരീടം
ഒരു തരത്തിലും നിസ്സാരമായിരുന്നില്ല.[124]

**19.** തൻെറ നീതിയിൽ അവിടുന്ന്
മൃഗങ്ങൾക്ക് സമൃദ്ധമായ സുഖം നൽകി;
അവ വ്യഭിചാരത്തിൽ ലജ്ജിക്കുന്നില്ല,
മോഷ്ടിക്കുന്നതിൽ അവയ്ക്കു കുറ്റബോധമില്ല;
നാണം കൂടാതെ, തങ്ങൾക്കു മുമ്പിലുള്ള
എല്ലാ സുഖവും അവ തേടുന്നു.
കാരണം, അവ ശ്രദ്ധയ്ക്കും ലജ്ജയ്ക്കും ഉപരിയാണ്.
തങ്ങളുടെ ആഗ്രഹങ്ങളുടെ പൂർത്തീകരണം
അവയെ സംതൃപ്തരാക്കാൻ മതിയായവയാണ്.
അവയ്ക്ക് ഉത്ഥാനം ഇല്ലാത്തതിനാൽ
അവർ കുറ്റപ്പെടുത്തലിനു വിധേയമല്ല.

**20.** തൻെറ ബഹുമാന്യാവസ്ഥ മനസ്സിലാക്കാൻ
തയാറല്ലാത്ത വിഡ്ഢി മനുഷ്യനാകുന്നതിനേക്കാൾ

---

124. അപ്രേമിൻെറ ഉല്പത്തി ഭാഷ്യം (2:17) കാണുക.

www.malankaralibrary.com



വെറുമൊരു മൃഗമാകാൻ താല്പര്യപ്പെടുന്നു.
അങ്ങനെ, വിധിക്കു വിധേയനാകാതെ,
തന്റെ ദുരാഗ്രഹത്തെയല്ലാതെ
മറ്റൊന്നിനെയും അവൻ സേവിക്കുന്നില്ല.
എന്നാൽ അല്പം തിരിച്ചറിവ്
മൃഗങ്ങളിൽ നിക്ഷേപിച്ചിരുന്നെങ്കിൽ,
മനുഷ്യരാകാഞ്ഞതിൽ കാട്ടുകഴുതകൾ
പണ്ടുതന്നെ തേങ്ങിക്കരയുമായിരുന്നു.

# ഗീതം XIII

1. ആവശ്യമുള്ളതു ഞാൻ സംസാരിക്കട്ടെ,
കേൾക്കാവുന്നത് ഞാൻ പഠിപ്പിക്കട്ടെ,
കിട്ടാവുന്നത് ഞാൻ തേടട്ടെ,
ജിജ്ഞാസയെ പ്രതിയുള്ളത് ഞാൻ തള്ളിക്കളയട്ടെ;
എനിക്കു പ്രയോജനകരമായതു മാത്രം ഞാൻ ചോദിക്കട്ടെ,
അങ്ങേക്ക് ചേരുന്നവ മാത്രം ഞാൻ സംസാരിക്കട്ടെ,
ആവശ്യമുള്ളതും ഒഴിച്ചുകൂടാൻ പാടില്ലാത്തതും
കൃപാവരം നീട്ടുന്നതും ഞാൻ സ്വീകരിക്കട്ടെ,
ഉചിതമായ കൃതജ്ഞത ഞാൻ അർപ്പിക്കട്ടെ;
നിന്റെ കൃപയാൽ എന്റെ അർപ്പണം
നിന്റെ തിരുസന്നിധിയിൽ പ്രവേശിക്കട്ടെ.

*പ്രതിസ്തോത്രം: ആ സന്തോഷതോട്ടത്തിന് നിന്റെ കൃപയാൽ എന്നെ യോഗ്യനാക്കണമെ.*

2. ആദിയിൽ ദൈവം സൃഷ്ടിയെ,
സന്തുഷ്ടിയുടെ ഉറവിടത്തെ സൃഷ്ടിച്ചു.
അവിടുന്നു നിർമ്മിച്ച ഭവനം
അതിൽ ജീവിക്കുന്നവർക്കു വേണ്ടവ ഒരുക്കുന്നു.
കാരണം, അവിടുത്തെ ദാനത്തിൽ

www.malankaralibrary.com



അസംഖ്യം സൃഷ്ടികൾ ആശ്രയിക്കുന്നു;
ഒറ്റ മേശയിൽനിന്ന് അവിടുന്ന് ഓരോ ദിവസവും
ഓരോ സൃഷ്ടിക്കും ആവശ്യാനുസൃതം എല്ലാം നൽകുന്നു.
നല്ലവനേ, നിൻെറ കൃപയെ ഏറ്റുപറയാൻ കൃപ നൽകണമെ.

3. അവിടുന്ന് വന്യമൃഗങ്ങളുടെ വാസസ്ഥലത്തു നിന്ന്
വേർതിരിച്ചു വിശുദ്ധീകരിച്ചുകൊണ്ട്
മഹത്ത്വപൂർണമായ ഉദ്യാനം, പരിപാവനമായ മണവറ,
മണ്ണിൽ നിന്നുണ്ടാക്കി ആ രാജാവിനു നൽകി.
കാരണം, എല്ലാക്കാര്യങ്ങളിലും -
തൻെറ ഭക്ഷണത്തിലും തൻെറ വാസത്തിലും
തൻെറ ശോഭയിലും തൻെറ ആധിപത്യത്തിലും -
ആദാം മഹനീയനായിരുന്നു.
എല്ലാറ്റിൻെറയും കർത്താവിനു സ്തുതികളർപ്പിക്കാൻ
എല്ലാറ്റിനേക്കാളും ഉപരിയായി അവനെ ഉയർത്തിയവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

4. പ്രപഞ്ചരാജാവായ ആദത്തിനു തുല്യനായിരുന്നു
ബാബിലോൺ രാജാവ്:[125]
ഇരുവരും ഏകകർത്താവിനെതിരെ,
ഉയരുകയും താഴ്ത്തപ്പെടുകയും ചെയ്തു;
അവരെ ദൂരേക്കോടിച്ചുകൊണ്ട്
അവിടുന്ന് അവരെ ഭ്രഷ്ടരാക്കി.
ഈ സ്വതന്ത്രരാജാക്കന്മാർ അടിമത്തവും ദാസ്യവും
സ്വീകരിച്ചതു കണ്ട് കരയാതിരിക്കാൻ ആർക്കു കഴിയും?
അവിടുത്തെ സാദൃശ്യം മേലിൽ
ബന്ധനത്തിൽ കഴിയാതിരിക്കാൻ
നമ്മെ വിടുവിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. രാജകീയ വാസസ്ഥലത്തുനിന്ന്
വന്യമൃഗങ്ങളുടെ വാസസ്ഥലത്തേക്ക്

---

125. ദാനി. 4

www.malankaralibrary.com



ആദാം വീണതിനെച്ചൊല്ലി ദാവീദ് വിലപിച്ചു[126]
ഒരു മൃഗത്തിലൂടെ വഴിതെറ്റിയതിനാൽ
അവൻ മൃഗങ്ങളെപ്പോലെയായി.
ശാപഫലമായി അവയോടൊപ്പം
അവൻ പുല്ലും വേരും തിന്നു;
അവരെപ്പോലെ അവൻ മരിച്ചു.
വന്യമൃഗങ്ങളിൽനിന്ന് അവനെ വീണ്ടും
വേർതിരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. ആ രാജാവിൽ ദൈവം ആദത്തെ വരച്ചുകാട്ടി:
തൻെറ രാജാധികാര പ്രയോഗത്താൽ
അവൻ ദൈവത്തെ പ്രകോപിപ്പിച്ചതിനാൽ,
ദൈവം ആ രാജത്വം അവനിൽനിന്ന് ഉരിഞ്ഞുകളഞ്ഞു.
നീതിമാൻ കോപിക്കുകയും വന്യമൃഗസങ്കേതത്തിലേക്ക്
അവനെ പുറംതള്ളുകയും ചെയ്തു;
അവൻ അവരോടൊപ്പം അവിടെ വനത്തിൽ പാർത്തു.
അനുതപിച്ചശേഷം മാത്രമാണ് അവൻ തൻെറ
മുൻവസതിയിലേക്കും രാജത്വത്തിലേക്കും തിരിച്ചെത്തിയത്.[127]
നാമും പറുദീസായിലേക്ക് തിരിച്ചുവരാനായി,
അനുതപിക്കാൻ നമ്മെ ഇപ്രകാരം
പഠിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. നമ്മുടെ അധഃപതിച്ച അവസ്ഥ കാണാൻ
നമുക്ക് എളുപ്പമല്ലാതിരുന്നതിനാൽ,-
ആരംഭത്തിൽതന്നെ നാം എങ്ങനെ എന്തുകൊണ്ട് വീണു എന്ന് -
അവൻെറ വീഴ്ചയിൽ നമ്മുടെ വീഴ്ച ചിത്രീകരിച്ചുകൊണ്ടും
അവൻെറ തിരിച്ചുവരവിൽ നമ്മുടെ
തിരിച്ചുവരവ് ചിത്രീകരിച്ചുകൊണ്ടും
അവിടുന്ന് ആ രാജാവിൽ ഇവയെല്ലാം ഒന്നിച്ചു വരച്ചുകാട്ടി.

---

126. സങ്കീ. 48(49):13

127. ദാനി. 4:32-33

www.malankaralibrary.com



അനുതാപിക്കുവേണ്ടി ഈ സാദൃശ്യം
വരച്ചു കാണിച്ചവന് സ്തുതി.

8. രാജാവിന് വന്യമൃഗങ്ങളോടൊത്തുള്ള വാസം
ഇഷ്ടപ്പെട്ടില്ലെങ്കിലും,
അവൻ അവിടെ കഴിയുക ആവശ്യമായിരുന്നു;
അവൻ ഭ്രാന്തനും വഴിതെറ്റിയവനും ആയിരുന്നെങ്കിലും,
താനൊരു മനുഷ്യനായിരുന്നു എന്ന് അവൻ ഓർത്തു,
തൻെറ സ്വന്തമായ മുൻവാസസ്ഥലത്തേക്ക്
തന്നെ തിരിച്ചുകൊണ്ടുവരണമെന്ന്
അവൻ പ്രാർത്ഥിക്കുകയും ചെയ്തു;
നല്ലവൻ അവനെ തിരിച്ചുകൊണ്ടുവന്നപ്പോൾ
അവിടുത്തെ കാരുണ്യത്തെ പ്രതി
അവൻ അവിടുത്തേക്കു കൃതജ്ഞത അർപ്പിച്ചു.
തിരിച്ചു വരവിൻെറ ഒരു മാതൃക അവനിലൂടെ
നമുക്കു നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. താരതമ്യേന നമ്മുടെ കളങ്കം
എത്ര വലുതാണെന്ന് നോക്കുക:
നാം ഇരുട്ടിൽ അടയ്ക്കപ്പെട്ടതുതന്നെ
നമുക്ക് സന്തോഷകാരണമായിത്തീർന്നു.
ശപിക്കപ്പെട്ട നാടിനെപ്പറ്റി നമുക്ക് അഭിമാനമാണ്.[128]
കുഴിയിൽ ഉള്ള നമ്മുടെ ബന്ധനത്തെ
നാം എത്രമാത്രം സ്നേഹിക്കുന്നു.
ഈജിപ്തുകാരെപ്പോലെ നാം കടലിൽ മുങ്ങുന്നു.[129]
നമ്മുടെ ഈ അവസ്ഥയിൽ
നാം ഉപേക്ഷിക്കപ്പെടാതിരിക്കാനായി
നമ്മുടെമേൽ കാരുണ്യം തോന്നിയവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

---

128. ഉല്പ. 3:17

129. പുറ. 14:28

www.malankaralibrary.com



**10.** തെറ്റുചെയ്തതിനാൽ നമ്മെ ശിക്ഷണവിധേയരാക്കാൻ
നല്ലവൻ തൻെറ സ്നേഹത്തിൽ ആഗ്രഹിച്ചു.
അതുകൊണ്ട് നമുക്ക് പറുദീസായുടെ
മഹത്തായ മണവറ ഉപേക്ഷിക്കേണ്ടി വന്നു;
അവിടുന്നു നമ്മെ വന്യമൃഗങ്ങളോടൊപ്പം പാർപ്പിച്ചു.
അതു നമ്മെ ദുഃഖിപ്പിച്ചു.
നമ്മുടെ ബഹുമാനം എത്ര ചുരുങ്ങിയെന്ന് നാം കാണുന്നതിനും
അതിനാൽ അവിടുത്തോടപേക്ഷിക്കുന്നതിനും
നമ്മുടെ അവകാശത്തിലേക്കു നമ്മെ തിരികെകൊണ്ടുവരാൻ
അവിടുത്തോട് യാചിക്കുന്നതിനുമായിരുന്നത്.
സ്വാതന്ത്ര്യം പ്രാപിപ്പാൻ ഒട്ടും ആഗ്രഹം ഇല്ലാതിരുന്ന
ഈ തടവുകാരെ വിടുവിച്ചവന് സ്തുതി.[130]

**11.** തൻെറ മനസ്സിലും ശ്രവണശക്തിയിലും
ബാബിലോൺ രാജാവ് ശിശുസമാനൻ ആയിരുന്നു.
എന്നാൽ എൻെറ സഹോദരരേ, നമ്മുടെ കർത്താവിലൂടെ
നിങ്ങളുടെ ഗ്രഹണശക്തി പരിപൂർണമാണ്.
അവൻ ബാബിലോണിലേക്കു തിരികെ പോയി:[131]
അവനും നഗരവും നീങ്ങിപ്പോയി;
എന്നാൽ എൻെറ സഹോദരരേ,
നിങ്ങൾ നിങ്ങളുടെ നഗരം തേടുന്നു,
നിങ്ങളും അതും എന്നേക്കും നിലനില്ക്കും.
അതിൽ ജീവിക്കുന്നവർ ഭാഗ്യമുള്ളവരാണ്.
കാരണം, അതിലാരെയും സംസ്കരിക്കേണ്ട ആവശ്യമില്ല.

**12.** ക്രൂരനായ സാത്താൻ ഒരു സ്ത്രീയിലൂടെ
സാംസനെ ചതിയിൽ പരാജയപ്പെടുത്തി.
അതേ ക്രൂരൻ ഒരു സ്ത്രീയിലൂടെ
ആദത്തെ പരാജയപ്പെടുത്തി:
സാംസൺ മില്ലിൽ പൊടിക്കേണ്ടിവന്നു.[132]

---

130. ഏശാ. 61:1

131. ദാനി. 4:36

132. ന്യായാ. 16

www.malankaralibrary.com



ആദത്തിന് മണ്ണിൽ കഠിനാധ്വാനം ചെയ്യേണ്ടി വന്നു;
വിടുവിക്കപ്പെടാനായി സാംസൺ പ്രാർത്ഥിച്ചു.
എന്നാൽ നാമാകട്ടെ,
നമ്മുടെ അരിഷ്ടതയിൽ വളരാൻ പ്രാർത്ഥിക്കുന്നു.
പൊടിക്കുന്നതിൽനിന്ന് സാംസണെ
വിടുവിച്ച് രക്ഷിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

**13.** മഹാപുരോഹിതനായ മിശിഹായുടെ
മരണത്തിന്റെ പ്രതീകമാണ് സാംസൺ:
സാംസന്റെ മരണം തടവുകാരെ
തങ്ങളുടെ പട്ടണങ്ങളിലേക്കു തിരികെ കൊണ്ടുവന്നു.[133]
മഹാപുരോഹിതന്റെ മരണമാകട്ടെ
നമ്മെ നമ്മുടെ അവകാശത്തിലേക്കു തിരികെ കൊണ്ടുവന്നു.
വാതിൽ ഒരിക്കൽകൂടി തുറക്കപ്പെടുന്നതിന്
നമുക്ക് പരസ്പരം സന്തോഷപൂർവം സദ്വാർത്ത കൈമാറാം.
അതിലേക്ക് വേഗത്തിൽ കടക്കുന്നവൻ ഭാഗ്യവാൻ.
ഒരിക്കലും തിരിച്ചുവരാൻ കഴിയാത്ത ഭ്രഷ്ടരായി
നമ്മെ ആക്കാതിരുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

**14.** നീതിമാൻ തന്നെ എന്തിലേക്കാണ്
എറിഞ്ഞതെന്ന് യോനാ അറിഞ്ഞു.
അവൻ പ്രാർത്ഥിച്ചു.
അവിടുന്ന് അവനെ കരയിലേക്കു തിരികെ കൊണ്ടുവന്നു.[134]
എന്റെ സഹോദരങ്ങളെ, അവനിൽ നാം വിധിക്കപ്പെടും;
കാരണം, നാം എവിടേക്കാണ് പുറന്തള്ളപ്പെട്ടതെന്ന്
നാം മനസ്സിലാക്കുന്നുപോലുമില്ല.
യോനാ തിമിംഗലത്തിനുള്ളിൽനിന്ന്
പുറത്തുവന്ന് നന്ദി പറഞ്ഞു:
അവൻ നന്ദിഹീനൻ ആയിരുന്നില്ല;

---

133. ന്യായ. 16:23-31

134. യോനാ 2

www.malankaralibrary.com



നമ്മുടെ നുകത്തിൽനിന്നു നമ്മെ വിടുവിച്ചത്
പരിഭവത്തിനുള്ള കാരണമായി നാം കരുതുന്നു.
എങ്കിലും കർത്താവേ, വിടുവിക്കപ്പെടുമ്പോഴും
പരിഭവിക്കുന്ന ഞങ്ങളോടു നീ ക്ഷമിക്കുന്നവനാണല്ലോ.

15. യൗസേപ്പിന് വളരെയധികം ബഹുമാനം കൊടുത്തെങ്കിലും,
കാരാഗൃഹവാസത്തിൽ അവൻ സന്തുഷ്ടനായിരുന്നില്ല.[135]
സഹോദരങ്ങളെ, അവൻെറ ദൃഷ്ടാന്തം നമ്മെ കുറ്റപ്പെടുത്തുന്നു.
നാം എത്രയധികമായി ബന്ധനത്തിലാണോ
അത്രയധികമായി നാം സന്തുഷ്ടരാണ്.
രാജ്യത്തിൽ നമ്മുടെ പരേതരും എപ്രകാരം അവരുടെ
യഥാർത്ഥനിലയിലെത്തും എന്ന് നമ്മെ പഠിപ്പിക്കാനായി
അവൻ വിമോചിതനാകുകയും
അവൻെറ യഥാർത്ഥ നിലയിലെത്തുകയും ചെയ്തു.
അല്പസമയത്തേക്ക് അവർ നമ്മിൽനിന്നു വേർപെടുത്തപ്പെട്ട്
അവരുടെ കർത്താവിങ്കൽ എത്തിച്ചേർന്നു.

16. വേർപാടിൻെറ ഈ ദിവസം എല്ലാ പ്രതീക്ഷയും
അസ്തമിച്ചതായി നമുക്കു തോന്നിയാലും
അവർ തങ്ങളുടെ സ്വന്തം നഗരത്തിലേക്ക്.
ഇപ്പോൾ തിരികെ പോകുന്നതിനാൽ
അത് അവരുടെ പ്രത്യാശ വർദ്ധിപ്പിക്കുകയേയുള്ളു.
താഴെയുള്ളവർക്കു വിലാപമാണെങ്കിലും
മുകളിലുള്ളവർക്ക് ആനന്ദമാണ്;
തങ്ങൾക്കു സുപരിചിതമായ ശബ്ദങ്ങളുടെ നഷ്ടത്തിൽ
താഴെയുള്ള ലോകം ദുഃഖിക്കുന്നു;
എന്നാൽ അവരുടെ സ്വരം ഇപ്പോൾ
സ്രാപ്പേന്മാരുടെ സ്വരത്തോടു കൂടിക്കലർന്നതിനാൽ
മുകളിലുള്ള സ്വർഗം അതിയായി സന്തോഷിക്കുന്നു.
മരിച്ചവരെപ്രതി എന്നതിനേക്കാൾ
തന്നെപ്പറ്റിതന്നെ കരയുന്നയാൾ ഭാഗ്യവാൻ.

135. ഉല്പ. 41:14

www.malankaralibrary.com



# ഗീതം XIV

1. ഇവിടെ ഈ ധരയിൽ തടവുകാരായി കഴിയാതിരിക്കാൻ
നാമെല്ലാം അനുദിനം വിവിധരീതികളിൽ
അനുഭവത്തിലൂടെ പഠിക്കാൻ നിർബന്ധിതരാകുന്നു;
ഈ അനുഭവം ഉണ്ടെങ്കിലും
നമ്മുടെ മനസ് താഴെ തന്നെ അമർന്നിരിക്കുന്നു.
നമ്മുടെ കർത്താവിനെ സ്വീകരിക്കാൻ
വേണ്ടവ കരുതുക എത്ര പ്രയോജനകരമാണെന്ന്
മനസിലാക്കുന്നവൻ ഭാഗ്യവാൻ.
ആരുടെ കച്ചവടച്ചരക്കിൽ
നാഥൻ സന്തുഷ്ടനാണോ
അവൻ യഥാർത്ഥത്തിൽ ഭാഗ്യവാനാകുന്നു.

*പ്രതിസ്തോത്രം: ഓശാനാ വിളികളോടുകൂടി നിന്റെ രാജ്യത്തെ സ്വാഗതം ചെയ്യാൻ ഞങ്ങൾക്ക് ഇടയാക്കണമെ.*

2. ഏഴാം വർഷം, തനിക്കനുവദിച്ച സ്വാതന്ത്ര്യം
തിരസ്കരിച്ച അടിമയ്ക്ക് നാം എത്രമാത്രം തുല്യരാണ്.
എന്നേക്കും അടിമ ആയിതീർന്നുകൊണ്ട്
തന്റെ ചെവി തുളയ്ക്കാൻ അവൻ അനുവദിച്ചു.[136]
നിങ്ങൾ കബറടക്കിയ ആ ക്ഷീണിതർ,
നിങ്ങൾ ആരുടെ ശവപ്പെട്ടിയെ അനുയാത്ര ചെയ്തോ,
ആ പരിപാവനർ, തങ്ങളുടെ മരണത്തിൽ
സ്വാതന്ത്ര്യം കരസ്ഥമാക്കുകയത്രേ ചെയ്തത്.

3. ജറമിയാ ഒരു പൊട്ടക്കുഴിയിൽ തള്ളപ്പെട്ടു;
അത് അവന് ഗുണകരമായിതീർന്നു.[137]

---

136. പുറ. 21:2-5

137. ജറ. 37:15-16; 38:6

www.malankaralibrary.com



അവൻെറ പ്രതിഫലം വലുതായിരുന്നെങ്കിലും
അവിടെ തങ്ങാൻ അവന് ഒട്ടുംതന്നെ ആഗ്രഹം ഇല്ലായിരുന്നു.
എന്നാൽ നാമാകട്ടെ, ഈ ഭൂമിയിലെ നമ്മുടെ ജീവിതം
എല്ലാത്തരം രോഗങ്ങളോടും കൂടിയതാണെങ്കിലും,
ഇവിടെ തങ്ങാൻ നമ്മെ അനുവദിക്കണമെ
എന്ന് ഇപ്പോഴും പ്രാർത്ഥിക്കുന്നു.
കാരണം, നാം എപ്രകാരം കഴുത്തു ഞെരിച്ച്
കൊല്ലപ്പെടുന്നു എന്ന് നാം കാണുന്നില്ല.
കർത്താവേ, ഞങ്ങൾ ബന്ധിതരായിരിക്കുന്ന സ്ഥലം
തിരിച്ചറിയാൻ ഞങ്ങൾക്കു കൃപ നൽകണമെ.

4. ബാബിലോണിൽനിന്ന് വാഗ്ദത്ത നാട്ടിലേക്കു തിരികെ വരാൻ
പ്രാർത്ഥിച്ച ദാനിയേലിൽനിന്നു നാം പഠിക്കണം;[138]
ശാപം നിറഞ്ഞ ഈ ധരയ്ക്കു തുല്യമാണ് ബാബിലോൺ.
അവൻ വരച്ചുകാട്ടിയ ഈ ദൃഷ്ടാന്തം ദൈവം നമുക്കു നൽകിയത്
നമ്മുടെ വാസസ്ഥലമായ ഏദനിലേക്കു
തിരികെ പോകുവാൻ നാമും പ്രാർത്ഥിക്കുന്നതിനാണ്.
കൃപയാൽ നമ്മുടെ ലക്ഷ്യത്തിലേക്കു നമ്മെ നയിക്കുന്നവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

5. തനിക്കുപദ്രവം ഉണ്ടാക്കുന്നതൊന്നും
പെട്ടകത്തിനുള്ളിൽ ഇല്ലാതിരുന്നിട്ടും
അതിൽനിന്ന് വിടുവിക്കപ്പെട്ട്
പുറത്തു കടക്കാനായി നോഹയും.
പ്രതീകാത്മകമായി പ്രത്യാശാപൂർവം പ്രാർത്ഥിച്ചു.[139]
അതിലെത്രയധികമായി നാം ദുരന്തതുറമുഖമായ
ഈ വാസസ്ഥലത്തിനു പുറംതിരിയേണ്ടതാണ്!
തൻെറ കപ്പലിനെ നേരേ പറുദീസായിലേക്കു
തിരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

138. ദാനി. 9:15-19

139. ഉല്പ. 8:6-12

www.malankaralibrary.com



6. ഈജിപ്തിൽ മോശ വളരെ ബഹുമാനിതനായിരുന്നു:
ഫറവോയുടെ മകൾ അവനെ തൻെറ സ്വന്തം മകൻ എന്നു വിളിച്ചു.[140]
എന്നാൽ അത് നിരസിച്ചുകൊണ്ട് കഠിനജീവിതം നയിച്ച്
വെറും ഒരിടയനായിരിക്കാനാണ് അവൻ തീരുമാനിച്ചത്.[141]
നാം ഈ കാരാഗൃഹത്തിൽ നിന്നു വിടുവിക്കപ്പെട്ട്
നമ്മുടെ സ്വാതന്ത്ര്യം കണ്ടെത്തുമ്പോൾ,
നമ്മുടെ വേർപാടിൽ, എത്രയധികമായി സന്തോഷിക്കണം.
പറുദീസായിൽ സ്വാതന്ത്ര്യം കണ്ടെത്തുന്നവൻ ഭാഗ്യവാൻ.

7. യാക്കോബ് തൻെറ ആടുകളെ പുറത്തേക്കു നയിച്ച്
തൻെറ പിതൃഭവനത്തിൽ എത്തിച്ചു;[142]
ഈ തിരിച്ചുവരവിൽ, വിവേകമതികൾ ഒരു പ്രതീകവും
ധാരണാശക്തിയുള്ളവർ ഒരുപമയും കാണുന്നു:
എൻെറ സഹോദരങ്ങളെ, നമുക്കും
നമ്മുടെ പിതൃഭവനത്തിലേക്കു തിരിച്ചുപോകാം;[143]
നിങ്ങളുടെ യഥാർത്ഥ നഗരം ഏദനിലായതിനാൽ,[144]
കടന്നുപോകുന്ന ഈ ധരയെക്കുറിച്ചുള്ള
ആഗ്രഹത്താൽ മയങ്ങിപ്പോകാതിരിക്കാം.
അതിൻെറ മധ്യത്തിൽ തൻെറ പ്രിയപ്പെട്ടവരെ
കാണുന്നവൻ ഭാഗ്യവാൻ.

8. അവിടെ എല്ലാ ഫലങ്ങളും വിശുദ്ധമാണ്;
എല്ലാ വസ്ത്രവും പ്രകാശപൂരിതമാണ്,
എല്ലാ കിരീടങ്ങളും മഹനീയമാണ്,
എല്ലാ സ്ഥാനങ്ങളും ഏറ്റവും ഉയർന്നതാണ്
അധ്വാനം കൂടാതെയുള്ള സന്തോഷം,
ഭയമെന്തെന്നറിയാതെയുള്ള സന്തുഷ്ടി,

---

140. പുറ. 2:10; എബ്രാ. 11:24
141. പുറ. 3:1
142. ഉല്പ. 31:17
143. ലൂക്കാ 15:20
144. ഫിലി. 3:20; എബ്രാ. 11:16

www.malankaralibrary.com



എന്നെന്നേക്കും നീണ്ടുനില്ക്കുന്ന വിവാഹാഘോഷം.
അതിനു വിപരീതമായി, എന്റെ കണ്ണുകൾക്ക്
ഈ വാസസ്ഥലം പീഡനസ്ഥലമായി തോന്നുന്നു:
"കർത്താവേ, ഇവിടെ നിന്നെന്നെ വിടുവിക്കണമെ"
എന്നു പറയുന്നവൻ ഭാഗ്യവാൻ.

9. ആത്മീയരുടെ സ്വരമാധുര്യം സ്രാപ്പേന്മാരുടെ ഗീതങ്ങൾ,
ക്രോബേന്മാരുടെ ചിറകുകൾ, അവരുടെ മധുര സംഗീതം.
സ്വർഗീയ ജീവികളുടെ ശബ്ദങ്ങളോടു താരതമ്യപ്പെടുത്താൻ
ഇവിടെ താഴെ യാതൊന്നുമില്ല.
അവരർപ്പിക്കുന്ന സ്തുതികളിലാണ് അവരുടെ സന്തുഷ്ടി
ഓരോന്നും തന്റെ വീണയിലൂടെ
സമൃദ്ധമായ പോഷണം സ്വീകരിക്കുന്നു.
അവരോടുകൂടി ഓശാനാ വിളികൾ നടത്തി
സന്തോഷിക്കാൻ ഞങ്ങളെ യോഗ്യരാക്കണമെ.

10. നാം നമ്മുടെ നയനങ്ങളിൽനിന്നു
താത്കാലികമായി മറ നീക്കി
ആ സ്ഥലത്തെ നോക്കിയാൽ,
കച്ചവടക്കാർക്ക് ഓരോ ദിവസവും
വൻനഷ്ടം ഉണ്ടാക്കുന്നതും കപ്പലുകൾ തകരുന്നതും
ചരക്കുകൾ പിടിച്ചെടുക്കപ്പെടുന്നതുമായ
കടങ്ങളുടെ തുറമുഖം എന്ന
ഈ ലോകത്തിൽ നാം ദീർഘിപ്പിച്ച
നമ്മുടെ വിളംബത്തെപ്രതി പശ്ചാത്തപിക്കും.
അധ്വാനം കൂടാതെ ഇതിലൂടെ കടന്ന കുട്ടികൾ
ഭാഗ്യമുള്ളവരാകുന്നു.

11. പറുദീസായിൽ ഈ കുഞ്ഞാടുകൾ ഭയരഹിതരായി മേയും.
എന്നാൽ തന്റെ അടയാളമൊന്നും
അവരിൽ പതിക്കാഞ്ഞതിനാൽ സാത്താൻ വിലപിക്കും;
അവരെ കളങ്കപ്പെടുത്താഞ്ഞതിനാൽ
ദുരാശയും തലതാഴ്ത്തും.

www.malankaralibrary.com



എന്നാൽ ഒരു തരത്തിലും കളങ്കമേല്ക്കാത്ത
ഈ പാവനാലയങ്ങളിൽ
ചാരിത്ര്യം ഭരണം നടത്തുന്നതിനാൽ,
സന്തോഷഭരിതയാകും.
അവരുടെ സമ്മേളനസ്ഥലത്ത് എത്തുവാൻ
യോഗ്യരായവൻ ഭാഗ്യമുള്ളവർ.

12. അവരുടെ സൗന്ദര്യം ഒരിക്കലും മങ്ങുന്നില്ല,
അവരുടെ പ്രകാശം ഒരിക്കലും കുറഞ്ഞുപോകുന്നില്ല;
തങ്ങളുടെ തെറ്റായ കുറ്റപ്പെടുത്തലുകളെപ്രതി
അവരുടെ മാതാപിതാക്കൾ ദുഃഖിക്കും.
അവർ അവിടെ ആകുമ്പോൾ
ഇവിടെ താഴെ അവർ ആരേ കുറ്റപ്പെടുത്തിയോ
അവന് കൃതജ്ഞത അർപ്പിക്കും.
നമ്മുടെ വസ്ത്രം കീറലും
മുറവിളിയോടുകൂടിയ വിലാപങ്ങളും സഹിക്കുന്ന
കാരുണ്യവാന് തീർച്ചയായും അവർ നന്ദി പറയും.
നമ്മുടെ പ്രകോപനങ്ങൾ വകവയ്ക്കാതെ
നാം സ്നേഹിക്കുന്നവരെ
സത്യമായ അവസ്ഥയിലെത്തിച്ചവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

13. മനുഷ്യകുലമെന്ന വൃക്ഷത്തെ പരിപാലിക്കുന്ന
തോട്ടക്കാരനു സ്തുതി.
അവിടുന്ന് അർപ്പണത്തിനായി എല്ലാ ദിവസവും
ഫലം ശേഖരിക്കുന്നു.
പല തരത്തിലും ഇനത്തിലുമായി
എല്ലാ വലിപ്പത്തിലുമുള്ള പഴങ്ങൾ;
പഴുത്തവയേക്കാൾ പഴുക്കാത്തവയാണ്
കൂടുതൽ സ്വാദിഷ്ടം എന്നതാണ്
ആശ്ചര്യകരമായ കാര്യം.
തൻെറ പിതാവിന് ശൈശവകിരീടം സമർപ്പിച്ചവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

www.malankaralibrary.com



14. പരിശോധനാ വിധേയരായപ്പോൾ
നിലനില്ക്കാതിരുന്ന അനേകർ അവിടെ ദുഃഖിതരാകും.
അവർ ഓട്ടം ഓടി; എന്നാൽ പിടിച്ചു നിന്നില്ല.
അവരുടെ കടപ്പത്രം തുടച്ചുകളയാൻ[145]
നല്ലവൻ ചെറുതും നൈമിഷികവുമായ
ശിക്ഷകൾ തെരഞ്ഞെടുത്തു.
എന്നാൽ അവർ അതൊക്കെ നിരസിച്ചു.
കാരണം, അവർ കൃപയെ കുറ്റപ്പെടുത്തി.
ഇപ്പോൾ നീതിയാൽ, അവർ ദുഃഖിതരായിരിക്കുന്നു.
എല്ലാവരിൽനിന്നും നിനക്കു സ്തുതി,
കാരണം, നീ പൂർണമായി എല്ലാവരോടും നല്ലവനാണ്.

15. തടവറയിൽ കഴിയുന്ന എന്നെയും
നിൻെറ കൃപ തിരികെ കൊണ്ടുവരണമെ.
സാത്താൻെറ ദുരാലോചനയാൽ
എൻെറ പൂർവപിതാക്കന്മാർ ഏദൻ തോട്ടത്തിൽനിന്ന്
മുള്ളുകൾ നിറഞ്ഞ ഈ നാട്ടിലേക്ക് തടവുകാരാക്കപ്പെട്ടു.
ഈ ശപിക്കപ്പെട്ട നാടിനെ,
ശിക്ഷയുടെ ഈ സ്ഥലത്തെ,
ഏറ്റവുമധികം സ്നേഹിക്കാൻ
അവനാണ് എന്നെ ചതിച്ചത്.
ഞങ്ങളെ അടിമത്തത്തിൽനിന്നു
തിരികെ കൊണ്ടുവരികയും
ഞങ്ങളെ അടിമകളാക്കിയവനെ
കൊല്ലുകയുംചെയ്തവൻ
വാഴ്ത്തപ്പെട്ടവനാകുന്നു.

145. കൊളോ. 2:14

www.malankaralibrary.com



# ഗീതം XV

1. എൻെറ സഹോദരങ്ങളേ, കാറ്റിനെ പരിഗണിക്കുവിൻ:
അത് ആഞ്ഞടിക്കുമെങ്കിലും
അതിനു നിറമില്ലാത്തതിനാൽ അത് അദൃശ്യമാണ്.
കാരണം, അതിൻെറ കാണപ്പെടലിൽതന്നെ
അതു മറഞ്ഞിരിക്കുന്നു.
അതിനു ബാഹ്യപരിവേഷവും സത്തയുമില്ല.
അത് ആഞ്ഞടിക്കുമ്പോൾ കാണപ്പെടുന്നു,
എന്നാൽ അതേ സമയം അദൃശ്യമായിരിക്കയും ചെയ്യുന്നു.
അതിൻെറ അസ്തിത്വം മനസിലാക്കാമെങ്കിലും
യഥാർത്ഥത്തിൽ അതെന്താണെന്നുള്ളത് ഗ്രഹിക്കാനാവില്ല.

*പ്രതിസ്തോത്രം: ഇറങ്ങിവന്ന് തൻെറ പറുദീസായിലേക്ക് ജനതകളെ ക്ഷണിച്ചവൻ വാഴ്ത്തപ്പെട്ടവൻ ആകുന്നു.*

2. അറിവിൻെറ വൃക്ഷം എന്നു വിളിക്കപ്പെടുന്ന മരം
പറുദീസായുടെ വാതിലിൻെറ പ്രതീകമാണ്:
അറിവിൻെറ വാതിലിലൂടെയാണ്
അതിനകത്തു കടക്കാൻ മനുഷ്യനു കഴിയുക;
അതിൻെറ സ്തുത്യനായ സ്രഷ്ടാവിൻെറ സാദൃശ്യമാണത്.
കാര്യഗ്രഹണമുള്ളവർക്കെല്ലാം അറിവിൻെറ വാതിലിലൂടെ
അതിൻെറ നിഗൂഢ വാസസ്ഥലത്ത്
അവിടുത്തെ നിഗൂഢതയെ സമീപിക്കാൻ കഴിയും.

3. എല്ലാ വസ്തുക്കളുടെയും വാതിലായ
ഈ അറിവിനെപ്പറ്റി പരിഗണിക്കുക:
ഇതിനാൽ ബുദ്ധിക്ക് എല്ലായിടത്തും കയറാൻ കഴിയും.
എന്നാൽ അതിൻെറ മുമ്പിൽ തെറ്റിനെ കണ്ടുമുട്ടിയാൽ
അത് ഒരു മതിൽപോലെ നില്ക്കുകയും
പിന്തിരിഞ്ഞു മാറുകയും ചെയ്യുന്നു.
ഈ അറിവിൻെറ വാതിലിലൂടെ കയറി

www.malankaralibrary.com



എല്ലാത്തരം നിക്ഷേപങ്ങളെയും പരിശോധിക്കുകയും
എല്ലാത്തരം സമ്പത്തും പുറത്തുകൊണ്ടുവരികയും
ചെയ്യുവാൻ ബുദ്ധിക്കു കഴിയും.

4. എലീഷായെ സൈന്യം വളഞ്ഞപ്പോൾപോലും,
ദാസൻെറ കണ്ണുകൾക്ക്
ഒരു ശബ്ദം താക്കോലായി തീർന്നു.[146]
ശിഷ്യരുടെ കണ്ണുകൾ മൂടപ്പെട്ടിരുന്നപ്പോൾ,[147]
എല്ലാം അറിയുന്നവനെ തിരിച്ചറിയുന്നതിനായി
അവരുടെ കണ്ണുകൾ തുറക്കപ്പെടാൻ
അപ്പമായിരുന്നു താക്കോൽ:
ദുഃഖിച്ചിരുന്ന കണ്ണുകൾ സന്തോഷദർശനം കണ്ടു;
ഉടൻതന്നെ അവർ സന്തോഷത്താൽ
നിറയുകയും ചെയ്തു.

5. അതുപോലെ, അറിവിൻെറ വൃക്ഷം എന്ന മരത്തിന്
അതിൻെറ ഫലത്തോടുകൂടി,
അതിനുള്ളിൽ നിഗൂഢമായിരുന്ന ആ കൂടാരത്തെ
കണ്ണുകൾക്ക് തിരിച്ചറിയാൻവേണ്ടി
അജ്ഞതയാകുന്ന മേഘത്തെ നീക്കുവാൻ കഴിയുമായിരുന്നു.
എന്നാൽ ആദവും ഹവ്വായും
അതു പാപത്തിൽ ഭക്ഷിച്ചതിനാൽ,
ഹൃദയസന്തോഷം പ്രദാനം ചെയ്യേണ്ട
ആ ദർശനം ഹൃദയതാപത്തിൽ കലാശിച്ചു.

6. ആത്മാക്കളെ പരിശീലിപ്പിച്ചുകൊണ്ടും
സൃഷ്ടിയെ സമ്പന്നമാക്കിക്കൊണ്ടും
സ്പഷ്ടമായതിൽ വിദഗ്ധനായും
നിഗൂഢമായതിൽ നന്നായി പ്രബോധിതനായും
അടഞ്ഞു കിടക്കുന്ന ഓരോ വാതിലിനും

---

146. 2 രാജാ. 6:17

147. ലൂക്കാ 24:31

www.malankaralibrary.com



ഓരോ താക്കോൽ ഇട്ടുകൊണ്ടും
ഏറ്റവും പ്രയാസമുള്ളതുപോലും തുറന്നുകൊണ്ടും,
വിജ്ഞാനത്തിന്റെ താക്കോലുകൾ
തന്റെ തോളിൽ വഹിക്കുന്ന
ട്രഷററെപ്പോലെയാണ്[148] ബുദ്ധി.

7. കല്പനാനുസൃതം പുരോഹിതൻ
ധരിച്ച ഏഫോദിലെ അമൂല്യ രത്നക്കല്ലുകളെ
അവൻ "പ്രകാശപൂരിതം, പരിപൂർണം" എന്നും[149]
"അറിവ്, നെറിവ്" എന്നും വിളിച്ചു.[150]
ഇപ്രകാരം അതിവിശുദ്ധ സ്ഥലത്തിനകത്തുനിന്ന്
തന്റെ പക്കലേക്കു വരുന്ന ശബ്ദം കേൾക്കുവാൻ വേണ്ടി
പുരോഹിതൻ ജ്ഞാനത്താൽ അലംകൃതനായിരുന്നു.
കാരണം, ക്രോബകളുടെ ഇടയിൽ നിന്നാണ്
അത് അവനോടു സംസാരിച്ചത്.

8. ഏഫോദിൽ നിഗൂഢമായിരുന്ന
അറിവിനാൽ അനുഗതനായി
പറുദീസായുടെ പ്രതീകമായ അതിവിശുദ്ധ സ്ഥലത്ത്
പുരോഹിതൻ പ്രവേശിക്കുകയും തനിക്കു നൽകപ്പെട്ട
വെളിപാടിന്റെ പ്രതീകത്തിലൂടെ
വൃക്ഷഫലം രുചിക്കുകയും ചെയ്തു.
എന്നാൽ അകാലികമായി ഫലം ഭക്ഷിച്ച്
മരിച്ച ആദത്തിന്റെ പ്രതീകമായി,

---

148. ഏശാ. 22:22

149. പുറ. 28:30;

150. ലേവ്യ 8:8; ഈദാസാ - ഖുശ്താ; ശൽമേ - നാഹീറേ
പ്രകാശപൂരിതം, പരിപൂർണം: ഊറീം തുമ്മീം എന്നിവയാണ് (പുറ. 28:30). ലേവ്യാ 8:8-ൽ അറിവ്, നെറിവ് എന്ന് കാണാം. സെപ്ത്വജിന്തിൽ, രണ്ടിടത്തും "manifestation and truth" എന്നാണ്. പ്ശീത്തായിൽ രണ്ടിടത്തും ഊറീം, തുമ്മീം എന്നാണ്. അപ്രേം ആദ്യത്തേതിൽ "ശൽമേ - നാഹീറേ" എന്നും രണ്ടാമത്തേതിൽ "ഈദാസാ- ഖുശ്താ" എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

www.malankaralibrary.com



കല്പനയ്ക്കെതിരായി കടക്കുന്നവർ മരിക്കുമായിരുന്നു.
പുരോഹിതൻ വിശുദ്ധി ധരിച്ചു;
എന്നാൽ ആദമാകട്ടെ, മഹത്ത്വം ഉരിഞ്ഞുകളഞ്ഞു.

9. ബുദ്ധിക്ക് ആ ഫലം കൂടാതെ
ആ വൃക്ഷങ്ങളുടെ മടിത്തട്ടിലേക്കു കടക്കാനാവില്ല.
പുരോഹിതന് ഏഫോദു കൂടാതെ
വെളിപാടുകളുടെ ഭണ്ഡാഗാരത്തിലേക്ക് കടക്കാനാവില്ല.
ആദത്തെ ദൈവമാക്കാമെന്നും
ഉസിയായെ പുരോഹിതനാക്കാമെന്നും
വാഗ്ദാനം ചെയ്തുകൊണ്ട്
രണ്ടാളുകളെ തന്റെ മുഖസ്തുതിയാൽ
ദുഷ്ടൻ വഞ്ചിച്ചു മയക്കി.
എന്നാൽ അവൻ യഥാർത്ഥത്തിൽ
ഒരാളുടെ മഹത്ത്വം ഉരിഞ്ഞുകളഞ്ഞു.
മറ്റെയാളെ കുഷ്ഠരോഗിയാക്കി.[151]

10. അത്യുന്നതൻ ആദത്തിന് പറുദീസായിലെ സുഖസൗകര്യങ്ങളും
ഉസിയായ്ക്ക് രാജത്വത്തിന്റെ സുഖസൗകര്യങ്ങളും നൽകി.
ആദ്യത്തേയാളിന് പഴം നിഷേധിച്ചു;
രണ്ടാമത്തവന് ധൂപകലശവും.
തങ്ങൾക്കു നൽകപ്പെടാത്തവയിൽ ഇരുവരും കടന്നുപിടിച്ചു:
ധൂപകലശത്തോടുകൂടി ഉസിയായുടെ നാമം ദുഷിച്ചു;
മണമുള്ള ഫലത്താൽ ആദത്തിന്റെ പേര് മ്ലേച്ഛമായി.

11. മനുഷ്യകുലം സൃഷ്ടിയെ വെറുക്കാൻ
ഇടയായത് എങ്ങനെയെന്ന്
മനസിലാക്കാൻ എളുപ്പമാണ്:
അവർ സ്വയം വെറുത്തപ്പോൾ
സൃഷ്ടിയെയും വെറുക്കാനിടയായി;
അവർ മാംസം ബലി അർപ്പിച്ച് അതിനെ ദുഷിപ്പിച്ചു.

---

151. 2 ദിന. 26:16-24

www.malankaralibrary.com



വിവാഹത്തെ നിന്ദിച്ച് അവരതിനെ അകറ്റി നിർത്തി.
സ്വർണത്തെ തങ്ങളുടെ വിഗ്രഹങ്ങളാൽ നിന്ദ്യമാക്കി.
മോഹനമായ പഴത്തിലൂടെയാണ്
ആദാം വെറുക്കത്തക്കവനായത്.
അതുകൊണ്ട് അത് ഉപദ്രവകരമാണെന്നു കരുതി,
അതിനെ അവൻ വെറുക്കേണ്ട വസ്തുവാക്കി.

**12.** അതിപരിശുദ്ധ സ്ഥലത്തെ ധൂപകലശം
നല്ലതാണ് എന്ന് സുവ്യക്തമാണല്ലോ;
എന്നാൽ പറുദീസായിലെ വൃക്ഷം
വിഷലിപ്തമാണെന്ന് പരിഗണിക്കപ്പെടാനിടയായി.
ധൂപകലശം സ്തുത്യർഹമാണെങ്കിൽ
പഴം അതിനെക്കാളുപരി സ്തുത്യർഹമാണ്.
ശുദ്ധവും സ്തുത്യർഹവുമായ ധൂപകലശംവഴി
ദുഷ്ടൻ രാജത്വത്തെ കുഷ്ഠമുള്ളതാക്കി.
അതുപോലെ പറുദീസായിൽവച്ച്
വഞ്ചകൻ യുവമിഥുനങ്ങളെ
മോഹനീയഫലത്താൽ കൊന്നുകളഞ്ഞു.

**13.** ഒരു നിമിഷത്തേക്കു കാര്യംപറഞ്ഞ സർപ്പത്തെപ്പറ്റി
ദൈവം കഴുതയുടെ വർത്തമാനത്തിലൂടെ
ഒരു വിശദീകരണം നൽകി.
ധിക്കാരിയായ ബാലാമിനെ കുറ്റപ്പെടുത്താൻ
അത് ഒരു നിമിഷത്തേക്കു സംസാരിച്ചു.[152]
ആദത്തിൻെറയും ഹവ്വായുടെയും
കാതുകളെ പരിശോധിക്കാൻ സർപ്പവും സംസാരിച്ചു.
അവരുടെ കാതുകൾ രണ്ടു സ്വരങ്ങൾ കേട്ടു.
കൈയ്പുള്ളവൻെറ സ്വരത്തിൽ
മാധുര്യമുള്ളവൻെറ സ്വരം
തെറ്റാണെന്ന് അവർ കരുതി.

---

152. സംഖ്യ 22:28

www.malankaralibrary.com



**14.** ദുഷ്ടൻ ധരിച്ച വസ്ത്രമായിരുന്നു സർപ്പം.
നിഷ്കളങ്കരെ കണ്ടപ്പോൾ അവൻ
വഞ്ചനകൊണ്ടു നിറഞ്ഞു.
യുവമിഥുനങ്ങളുടെ കാതുകൾക്ക്
അവൻ സൂത്രത്തിൽ വലവിരിച്ചു.
അവരുടെ നിഷ്കളങ്കതയിൽ അവർ
അവൻെറ വാക്കുകൾ താല്പര്യപൂർവം കേട്ടു.
കാരണം, അവരിൽ തല്പരനാണെന്ന്
അവൻ കാട്ടിക്കൊടുത്തു.
എന്നാൽ അവൻെറ വഞ്ചന അവൻ മറച്ചുവച്ചു.
മറ്റൊരവസരം, പിശാചിൻെറ പ്രതീകങ്ങളിൽ
സ്കറിയോത്തായ്ക്കും നിങ്ങളെ പ്രബോധിപ്പിക്കാൻ കഴിയും.

**15.** ലോകത്തെ കീഴ്മറിച്ച അവൻെറ വിഷം
എത്ര കടുപ്പമേറിയതാണ്?
ആ കയ്പുള്ളവൻെറ കടലിനെ ആർക്ക് തടയാനാകും?
നിന്നെ ഉപദ്രവിക്കാൻ കഴിയുന്ന
അതിൻെറ തുള്ളികൾ എല്ലാവരിലുമുണ്ട്.
യൂദാസ് അവൻെറ വിഷത്തിൻെറ ട്രഷറാർ ആയിരുന്നു.[153]
സാത്താൻെറ രൂപം ഒളിഞ്ഞിരിക്കുന്നെങ്കിലും
യൂദാസിൽ അവൻ പൂർണമായി ദൃശ്യമായിരുന്നു,
സാത്താന് നീണ്ട ചരിത്രം ഉണ്ടെങ്കിലും
സ്കറിയോത്തായിൽ അതിനെ ചുരുക്കാം.

**16.** കഴുത തൻെറ ചുരുങ്ങിയ വാക്കുകളിൽ
പാമ്പിനെ ലജ്ജിപ്പിക്കട്ടെ:
അതു സത്യംപറഞ്ഞു;
എന്നാൽ സർപ്പത്തിൽ നിന്ന് കള്ളം പുറപ്പെട്ടു.
അത്യാഗ്രഹിയും വക്രബുദ്ധിയുമായ ബാലാമിനെ
പിൻതിരിപ്പിക്കാൻ അത് വശത്തേക്കു മാറി.[154]

---

153. യോഹ. 12:6

154. സംഖ്യ 22:23

www.malankaralibrary.com



സർപ്പവും വശത്തേക്കു തിരിഞ്ഞു;
എന്നാൽ നമ്മുടെ നാശത്തിനായി
വശത്തേക്കു തിരിയാൻ അതിടയാക്കി.
അതു നമ്മുടെ ചിന്തകളെ വക്രതയുള്ളതാക്കി.
അതുകൊണ്ട് ദൈവം അതിൻെറ പാത
വളഞ്ഞുപുളഞ്ഞതാക്കി മാറ്റി.
അത് എപ്രകാരം നമ്മുടെ പാത വിരൂപമാക്കിയെന്ന്
അതു സഞ്ചരിക്കുന്ന രീതി സൂചിപ്പിക്കുന്നു.

17. ഇവയും ഇതുപോലെയുള്ളവയുമായി തിരുലിഖിതത്തിൽ
ഞാൻ വായിച്ചവ ആ ജീവൻെറതോട്ടം
എൻെറ മനസിൽ പതിപ്പിക്കാൻ എന്നെ സഹായിച്ചു.
അതിൻെറ ആനന്ദത്തിലെത്തിച്ചേരാൻ
യോഗ്യരാക്കപ്പെട്ടവൻ ഭാഗ്യവാൻ.
കാരുണ്യവാൻ അതിൻെറ ഫലങ്ങളിലേക്ക്
എന്നെ കൊണ്ടുവരട്ടെ;
അവയുടെ രുചി എനിക്ക് ജീവൻ തരട്ടെ.
അവയുടെ സുഗന്ധം എന്നിൽ അടിക്കട്ടെ.
അവയുടെ പ്രകാശം എൻെറ പക്കലെത്തട്ടെ.
അവയുടെ പനിമഞ്ഞ് എന്നെ കുളിപ്പിക്കട്ടെ.